# വിശ്രമവിഭവം

കേരളസാഹിത്യ
അക്കാദമി

895.64
YOS

കേരള സാഹിത്യ അക്കാദമി വക
പ്രസിദ്ധീകരണം.

കേരള സാഹിത്യ അക്കാദമി

കേരള സാഹിത്യ അക്കാദമി

# വിശ്രമവിഭവം

# VISRAMA VIBHAVAM

*Malayalam Translation of the Book*
*"HARVEST OF LEISURE"*

*By the kind permission of*
*Messrs JOHN MURRAY (Publishers) LTD.,*
*50, Albemarle Street, London, W 1*

Translated by
P. BALAKRISHNA PILLAI, M. A.

Rights held and Published by
KERALA SAHITYA AKADEMI

*1st Impression:*
*Copies 5000,*
*September 1958*

*Printers:*
*THE GEETHA PRESS,*
*TRICHUR*

Price:
Re. 1-25

# വിശ്രമവിഭവം

ഗ്രന്ഥകർത്താ:

യോഷിദാ കെങ്കോ

10874

PC Library & Research Center

വിവർത്തകൻ:

പി. ബാലകൃഷ്ണപിള്ള, എം. എ.

(റിട്ട: ഗവ. വിദ്യാഭ്യാസ സെക്രട്ടറി)

വിതരണം

**നാഷനൽ ബുക്ക്സ്റ്റാൾ**

**കോട്ടയം**

വില ക. 1.25

ഒന്നാംപതിപ്പ് കോപ്പി 5000
1958 സെപ്റ്റമ്പർ

895.64 YOS

വില: 1ക. 25 ന. പ.

(പകപ്പവകാശം കേരള സാഹിത്യ അക്കാദമിക്ക്)

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

# ആമുഖം

അതിപ്രാചീനകാലം മുതൽ ക്രാന്തദശ്ശികളായ ജ്ഞാനികളേയും ചിന്തകന്മാരേയും ജനിപ്പിച്ച നാട്ടുകളാണു് ഭാരതം, ചൈന, ജപ്പാൻ, പേഷ്യാ, അറേബ്യാ, പാലസ്റ്റൈൻ, ഈജിപ്ത് എന്നീ രാജ്യങ്ങരം. ഈ ദിക്കുകളിലെ പുരാതന തത്വവേദികളിൽനിന്നു ലഭിച്ച വിജ്ഞാനശകലങ്ങളെ സമാഹരിച്ചു് ഒരു വിദഗ്ദ്ധസമിതിയുടെ മേൽനോട്ടത്തിൽ 'പൌരസ്ത്യവിജ്ഞാനപരമ്പര' എന്ന സുപ്രസിദ്ധ ഗ്രന്ഥാവലി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥശേഖരത്തിൽ ഉരംപ്പെട്ട ഒന്നാണു് യോഷിദാ കെങ്കോ എന്ന ജപ്പാനീസ് പണ്ഡിതൻെറ 'വിശ്രമവിഭവം'

എ. ഡി. 1283-ലാണു് കെങ്കോ ജനിച്ചതു്. ജപ്പാനിലുള്ള ഒരു വിഖ്യാതകുടുംബത്തിലെ അംഗമായ കിനേകി ഉറാബേ ആയിരുന്നു അദ്ദേഹത്തിൻെറ പിതാവു്. ചെറുപ്പത്തിൽതന്നെ കെങ്കോ ചക്രവത്തിയുടെ അരമനയിൽ ഒരു പ്രധാന ഉദ്യോഗസ്ഥനായി. എന്നാൽ ചക്രവത്തിയുടെ അകാലനിര്യാണം കെങ്കോയെ തപ്തഹൃദയനാക്കി. താമസിയാതെ അദ്ദേഹത്തിനു ലോകജീവിതത്തിൽ വിരക്തി വദ്ധിച്ചു. രാജസദസ്യനായി പരിഷ്കൃതജീവിതം നയിച്ചിരുന്ന കെങ്കോ ഒരു ബുദ്ധഭിക്ഷുവായി രൂപാന്തരപ്പെട്ടു. നഗരജീവിതം അദ്ദേഹത്തിന്നു് അസഹ്യമായിത്തോന്നി. തൻെറ ജീവിതശേഷം കൃഷീവലന്മാർ അധിവസിക്കുന്ന നാട്ടിൻപുറങ്ങളിലും പ്രകൃതിരമണീയങ്ങളായ വിജനപ്രദേശങ്ങളിലും കഴിച്ചുകൂട്ടാൻ അദ്ദേഹം നിശ്ചയിച്ചു. അങ്ങിനെ ജീവിതം നയിച്ച കാലത്തു് അദ്ദേഹം രേഖപ്പെടുത്തിയ ചിന്താബന്ധുരങ്ങളായ ആശയങ്ങളിൽ മിക്കതിനേയും കോർത്തിണക്കി സുപ്രസിദ്ധ ജാപ്പനീ

സ് ഗ്രന്ഥകാരനായ റിയൂക്കി ചികുറാട്ടാ 'വിശ്രമവിഭവം' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി.

അനന്തരകാലത്തു് കെങ്കോ സന്യാസി എന്നു വിഖ്യാതനും ജപ്പാൻജനതയുടെ ബഹുമാനപാത്രവുമായിത്തീൎന്ന യോഷിദാ 1350-ൽ അറുപത്തി എട്ടാം വയസ്സിൽ ചരമമടഞ്ഞു. നരാബിക്കാ ഒകാ എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിൻെറ മൃതദേഹം സംസ്കരിച്ചതു്. അവിടം ഇന്നും ഒരു പുണ്യപ്രദേശമായി ജപ്പാൻകാർ ആദരിച്ചുപോരുന്നു.

ചക്രവൎത്തിയുടെ ആസ്ഥാനമായിരുന്ന കിയോട്ടൊ നഗരം അക്കാലത്തെ പരിഷ്കാരകേന്ദ്രമായിരുന്നു. സന്യാസവൃത്തി സ്വീകരിച്ചതോടുകൂടി ആ ദിക്കിലെ താമസം ഉപേക്ഷിച്ച കെങ്കോ മററു ഭിക്ഷുക്കളോടു ചേൎന്നു ബുദ്ധവിഹാരങ്ങളിൽ കഴിഞ്ഞുകൂടാൻ ഇഷ്ടപ്പെട്ടില്ല. അരാഷിയാമാ എന്ന സുന്ദരമായ വനപ്രദേശത്തുള്ള ഒരു വിജനസ്ഥലത്തു കുടിൽ കെട്ടിയുണ്ടാക്കി അധികസമയവും അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. അരാഷിയാമ ഇപ്പോഴും പ്രകൃതിസൌകുമാൎയ്യം തിളങ്ങുന്ന ഒരു രമ്യപ്രദേശമായി അവശേഷിക്കുന്നു. സ്വച്ഛജലം നിറഞ്ഞ ഒരു ചെറുനദി അവിടത്തെ കുന്നിൻപുറങ്ങളിൽനിന്നു പാറക്കൂട്ടങ്ങൾക്കിടയിൽകൂടി പടഹധ്വനികളും സംഗീതനിസ്വനങ്ങളും പുറപ്പെടുവിച്ചുകൊണ്ടു പ്രവഹിക്കുന്നു. വൃക്ഷലതാദികൾ നിബിഡമായി വളൎന്നുള്ള അതിൻെറ ഇരുകരകളും സൂൎയ്യോഷ്മാവിൻെറ ബാധകൂടാതെ സദാ ശീതളവും സുഖപ്രദവുമായിക്കഴിയുന്നു. അവിടെ നിലകൊള്ളുന്ന ദേവാലയങ്ങളിൽ സമീപവാസികൾ വിശേഷദിവസങ്ങൾതോറും ചെല്ലുക പതിവാണു്. ഈ മട്ടിൽ ശാന്തകോമളമായ ആ ഭൂവിഭാഗത്തിൻെറ ചിന്തോദ്ദീപകത്വം കെങ്കോയുടെ ആശയങ്ങളിൽ തെളിഞ്ഞുകാണുന്നുണ്ടു്.

കെങ്കോ കേവലം ഒരു തത്വജ്ഞാനിമാത്രമായിരുന്നില്ല; അദ്ദേഹം പ്രകൃതിസൌന്ദര്യത്തിൽ ആത്മീയസന്തുഷ്ടി നേടുന്ന ഒരു കവി കൂടി ആയിരുന്നു. ആധുനികദശയിലെ പ്രകൃതികാവ്യനിമ്മാതാക്കളിൽ സുപ്രസിദ്ധനായ ആംഗലകവി വേഡ്സ്വത്ത് പറയുന്നതു് പ്രകൃതി അതിൻെറ വിഭവങ്ങൾ മുഴുവൻ വെളിപ്പെടുത്താതെ പകുതി മാത്രം പ്രത്യക്ഷമാക്കുകയും പകുതി ഒളിച്ചുവയ്ക്കുയും ചെയ്യുന്നുവെന്നാണ്. (Nature half reveals and half conceals.) കെങ്കോയുടെ പ്രസ്താവനകളും ഏതാണ്ടു് അതുപോലെയാണെന്നു പറയാം. മിക്ക സംഗതികളിലു അദ്ദേഹം ഒരു സൂചന നല്കുന്നതുകൊണ്ടു തൃപ്തിപ്പെടുന്നുവെന്നും ശേഷം നാം ചിന്തിച്ചു ഗ്രഹിച്ചുകൊള്ളണമെന്നമട്ടിൽ അദ്ദേഹം പുഞ്ചിരി തൂകിക്കൊണ്ടു നമ്മെ നോക്കിനില്ക്കുന്നുവെന്നുമാണ് അദ്ദേഹത്തിൻെറ കൃതിക്കു് ഒരഭിനന്ദനവിമശനം എഴുതിയ പാശ്ചാത്യപണ്ഡിതനായ ആംഡസ് ബെക്ക് അഭിപ്രായപ്പെട്ടിട്ടുള്ളതു്. കെങ്കോയുടെ ജീവിതരീതിയെ പ്രതിഫലിപ്പിക്കുന്ന ഒരു ജാപ്പനീസ് കുറിപ്പിൻെറ ഭാഗം ആംഡസ് ബെക്ക് ഉദ്ധരിച്ചിട്ടുള്ളതു് ഇവിടെ ചേക്കുന്നു:—

"നിമ്മലമായ ആകാശത്തു് അമൃതകിരണൻ പ്രകാശിക്കുമ്പോൾ രാഗദ്വേഷാദികളാകുന്ന ഇരുളുകൾ മാഞ്ഞുപോകുന്നതുപോലെ തോന്നുന്നു. ആ സമയം ഞാൻ വിറകോ ഇലകളോ ശേഖരിക്കാൻ വനാന്തർഭാഗത്തേയ്ക്കു പുറപ്പെടുന്നു. ബുദ്ധഭഗവാൻ സത്യാന്വേഷണത്തിൽ കഴിഞ്ഞ കാലത്തു് അദ്ദേഹവും ഇപ്രകാരമായിരുന്നിരിക്കണമെന്നു് എനിക്കു പലപ്പോഴും തോന്നാറുണ്ടു്. ഈ പരിതസ്ഥിതികളിലാണ് ഞാൻ ചിലപ്പോൾ ധ്യാനത്തിൽ മുഴുകാറുള്ളതു്. അപ്രകാരം ധ്യാനനിരതനായിരിക്കുന്ന അവസരങ്ങളിൽ ലോകസത്യങ്ങൾ എൻെറ ഉള്ളിൽ തെളിഞ്ഞുയന്നു പ്രകാശിക്കാറുണ്ടു്. ആ സമയം ഒരു മാൻപേട അതിൻെറ ഇണയെ വിളിക്കുന്ന ശബ്ദവും എൻെറ ഹൃദയത്തിൽതട്ടി ആനന്ദസ്പന്ദനങ്ങൾ ഉളവാക്കുന്നു."

മേൽവിവരിച്ചമാതിരിയുള്ള ചുററുപാടിലാണ് കെങ്കോ കഴിഞ്ഞുകൂടിയതു്. അദ്ദേഹത്തിനു് അപ്പോഴപ്പോഠം മനസ്സിൽ ഉദിച്ചുയന്ന ചിന്തകളെ കെങ്കോ കുറിച്ചിടുക പതിവായിരുന്നു. അക്കാലത്തെ ജപ്പാൻകാരുടെ ജീവിതത്തിൻെറ വിവിധരംഗങ്ങളേയും അവരിൽത്തന്നെ ഓരോ വിഭാഗങ്ങളുടെ ക്ഷീണവശങ്ങളേയും ഈ കുറിപ്പുകഠം പ്രസന്നവും നിർദ്ദോഷവുമായ രീതിയിൽ പ്രത്യക്ഷപ്പെടുത്തുന്നു. അതോടുകൂടി അവയിൽ അടങ്ങിയിട്ടുള്ള ലോകതത്വങ്ങളുടേയും ഗുണപാഠങ്ങളുടേയും സൂചന നൽകുകയും ചെയ്യുന്നു. കാലേക്കൂട്ടി ആലോചിച്ചോ എന്തെങ്കിലും ഒരു പദ്ധതിയെ മുൻനിറുത്തിയൊ അദ്ദേഹം ഒന്നും രചിക്കാൻ ശ്രമിച്ചിട്ടില്ല. ഇങ്ങനെ ശേഷിച്ച കുറിപ്പുകളെ ശേഖരിച്ചു ഗ്രന്ഥരൂപത്തിലാക്കിയ ഈ 'വിശ്രമവിഭവം' മനുഷ്യഹൃദയത്തിൻെറ മൃദുലഭാവങ്ങളേയും പ്രകൃതിസൌന്ദര്യത്തിൻെറ നേരിയ വശങ്ങളേയും പ്രതിഫലിപ്പിക്കുന്നതുകൊണ്ടു ജാപ്പനീസ് ജനതയ്ക്കു പ്രിയതരമായിത്തീർന്നിട്ടുണ്ടു്.

ഓരോ ഭൂവിഭാഗത്തിലുമുള്ളവരുടെ ചിന്താഗതി മററു പ്രദേശക്കാരും ഗ്രഹിക്കുന്നതു് അവർ തമ്മിൽ പരസ്പരധാരണ ഉളവാക്കി ലോകനന്മയ്ക്കും ലോകശാന്തിക്കും വഴി തെളിയിക്കുമെന്നുള്ള ഉൽകൃഷ്ടചിന്തയാണ് ഈ മാതിരി കൃതികഠം ശേഖരിച്ചു പൌരസ്ത്യവിജ്ഞാനഗ്രന്ഥാവലിയിൽ ഉഠംപ്പെടുത്താൻ അതിൻെറ പ്രകാശകരെ പ്രേരിപ്പിച്ചിട്ടുള്ളതെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

വിവത്തകൻ.

# അവതാരിക

എൻെറ ജീവിതം പ്രവത്തനോന്മുഖമായ ഒന്നല്ല. അതു വിശ്രമപൂരിതമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഓരോ ദിവസവും അതിനു മുൻപിലത്തെ ദിവസത്തിൽനിന്നു ഭിന്നമല്ല. എൻെറ മഷിക്കപ്പി ഇതാ മുൻപിൽ കിടക്കുന്നു. എൻെറ ഹൃദയം ഒരു നിലക്കണ്ണാടിപോലെയാണ്. ലോകം മുഴുവൻ അതിൽ പ്രതിഫലിക്കുന്നു. ഞാൻ കാണുന്നതിനെ അതേ മാതിരിയിൽ എഴുതിവയ്ക്കുന്നു. അതു് അസാധാരണവും ഭ്രാന്തവുമായി മററുള്ളവക്കു തോന്നിയേക്കാം; എന്തെന്നാൽ, വിചിത്രവും സംകീണ്ണവുമായ സംഗതികളിലാണ് എൻെറ ചിന്ത വ്യാപരിക്കാറുള്ളതു്.

യോഷിദാ കെങ്കോ

## ഉള്ളടക്കം


വിശ്രമവിഭവം .... .... 1
ഭരണരീതി .... .... 3
മഹിളകളുടെ പ്രേമാദരങ്ങൾ .... .... 4
ജീവിതവ്യാമോഹം .... .... 6
സംഭോഗാഭിനിവേശം .... .... 8
ജീവിക്കുന്നതിന്നുള്ള ചുററുപാടുകൾ.... .... 10
ഒരു ഏകാന്തഭവനം .... .... 13
പ്രാചീന കൃതികൾ .... .... 15
സന്തുഷ്ടമാനസൻ .... .... 18
ഋതുവിലാസം .... .... 20
വർഷകാലരാമണീയകം .... .... 21
ഷിൻേറാ ദേവാലയം .... .... 25
മനുഷ്യൻെറ വ്യാമോഹം .... .... 27
പൂർവ്വസ്മരണ .... .... 28
വിരഹചിന്തകൾ .... .... 31
പോയവർ അന്യർ .... .... 32
കീർത്തിയെന്ന നീർക്കുമിള .... .... 35
ഒരു യുവപുരുഷൻ .... .... 38
നിഴലുകൾ .... .... 40
ആചാരരസികത്വം .... .... 41
വ്യർത്ഥമായ പശ്ചാത്താപം .... .... 42
അറിയാത്തതു ചോദിച്ചറിയുക .... .... 43
പാത്രന്യൂത്തം .... .... 44
ഭിക്ഷുജീവിതം .... .... 47
പ്രപഞ്ചത്തിൻെറ പിടിമുറുക്കം .... .... 49

| | | | |
|---|---|---|---|
| പുരോഹിതരസികൻ | .... | .... | 51 |
| അയാളുടെ ദിനചര്യ | .... | .... | 53 |
| സംഭാവന കൊട്ടത്തയക്കൽ | .... | .... | 54 |
| ധാന്യവും ധാന്യച്ചെടിയും | .... | .... | 57 |
| യഥാത്ഥ ആനന്ദം | .... | .... | 60 |
| ഐകരൂപ്യം | .... | .... | 61 |
| അനുകരണം | .... | .... | 63 |
| കെട്ടുകഥയുടെ ഫലം | .... | .... | 64 |
| ജ്ഞാനിയുടെ ചിന്തകഠം | .... | .... | 67 |
| സമാഗമം | .... | .... | 68 |
| സചേതനകാവ്യം | .... | .... | 70 |
| സ്ത്രീലോകം | .... | .... | 71 |
| ഉപദേശത്തിന്നുള്ള അവസരം | .... | .... | 73 |
| ലോകബന്ധങ്ങഠം | .... | .... | 76 |
| പകപോക്കൽ | .... | .... | 77 |
| പഠനവിഷയങ്ങഠം | .... | .... | 81 |
| പ്രാണികളുടെ ജീവിതപ്രേമം | .... | .... | 83 |
| രോഗങ്ങഠംക്കുള്ള സാധാരണഹേതു | .... | .... | 85 |
| പ്രകൃതിയുടെ ചിന്തോദ്ദീപകത്വം | .... | .... | 87 |
| മങ്ങിയചന്ദ്രൻ | .... | .... | 89 |
| നിസഗ്ഗസൌന്ദയ്യം | .... | .... | 89 |
| മരണത്തിൻെറ സഹവത്തിത്വം | .... | .... | 91 |
| ഭ്രഷ്ടസന്യാസി | .... | .... | 93 |
| ശ്രദ്ധ പല വഴിയിൽ | .... | .... | 96 |
| സമയത്തിൻെറ വില | .... | .... | 99 |
| ദമ്പതിമാർ | .... | .... | 100 |
| വേഷപ്പകിട്ട് | .... | .... | 101 |
| വൃഥാ കണ്ണുനീർ | .... | .... | 102 |

# വിശ്രമവിഭവം

വലിയ ആശകളോടുകൂടിയാണു് ഓരോരുത്തരും ഭൂമിയിൽ ജനിക്കുന്നതു്. ആഗ്രഹങ്ങൾക്കു പാത്രമായി വളരെ കാൎയ്യങ്ങളുണ്ടു്. ഒരു സാമ്രാജ്യസിംഹാസനത്തിനു് അഭിലാഷം തോന്നാത്തവർ ആരുണ്ടു്? പക്ഷെ ആ ആഗ്രഹം വെളിപ്പെടുത്താൻ മനുഷ്യർ സന്ദേഹിക്കും. എന്തെന്നാൽ സാധാരണ മനുഷ്യന്റെ ആശകളുടെ അതിരുകൾക്കും അപ്പുറമാണതു്. ഒരു ചക്രവൎത്തികുടുംബത്തെ മററുള്ളവയുമായി സാമ്യപ്പെടുത്താമോ? ഒരു രാജപ്രതിപുരുഷൻ ചെറുപ്പക്കാരനായ ചക്രവൎത്തിയെ സ്വാധീനത്തിൽ വച്ചുകൊണ്ടിരിക്കാൻ ശ്രമിക്കുന്നു; താഴെയുള്ള ഉദ്യോഗസ്ഥർ പ്രതിപുരുഷസ്ഥാനത്തേയ്ക്കു് ആശയോടുകൂടി നോക്കുന്നു. ആരും അവൎക്കു ലഭിച്ച പദവികൊണ്ടു തൃപ്തിപ്പെടുന്നില്ല. കിട്ടയതിന്നുപരിയായ ഒരു സ്ഥാനം സ്വായത്തമാക്കാൻ എല്ലാരും ആവേശം കൊള്ളുന്നു. ചിലർ വലിയവരെ സേവിക്കാൻ ആഗ്രഹിക്കുന്നു. അങ്ങിനെയുള്ളവരുടെ പുത്രരും പൌത്രരും അനാഥരായിരുന്നാലും മററുള്ളവൎക്കു് അസൂയാപാത്രമായിത്തീരുന്നു; എന്തെന്നാൽ അക്കൂട്ടർ ഒരു പ്രത്യേകതയുള്ളവരായി ഭാവിക്കുക പതിവാണു്. താഴ്ന്ന തരക്കാൎക്കു് ഉദ്യോഗങ്ങൾ ലഭിച്ചാൽ അവർ വലിപ്പം നടിക്കാൻ തുടങ്ങുക സഹജമാണു്. പക്ഷെ അങ്ങിനെയുള്ളവരെ അധികം പേരും ഗണ്യമാക്കാറില്ല.

ഒരു ബുദ്ധസന്ന്യാസിയെക്കുറിച്ചാണു് ആളുകൾക്കു് ഏററവും കുറച്ചു് അസൂയ തോന്നുന്നതു്. * സേയി സോണഗാൺ പറയാറുണ്ടു്, ഒരു സന്ന്യാസിയുടെ ദശ്നം ഉണങ്ങി വരണ്ട തടിപോലെ അനാകഷ്കമാണെന്നു്. സന്ന്യാസി മതനിഷ്ഠയും വാഗ്വിലാസവും ഉള്ളവനായിരിക്കാം. എങ്കിലും സാധാരണ മനുഷ്യനു് അയാൾ മനോഹരനായിത്തീരുന്നില്ല. യോഗിവര്യനായ സോഗാ ഇങ്ങനെ പറയുന്നു. "സന്ന്യാസിക്കു വളരെ ചുമതലകളുണ്ടു്. അവയെ മറികടന്നുപോകാതിരിക്കാൻ അയാൾ എല്ലായ്പോഴും കരുതലോടെ കഴിഞ്ഞുകൂടുകയും വേണം." ഇപ്രകാരമൊക്കെയാണെങ്കിലും ഒരു സന്ന്യാസിക്കു സാധാരണക്കാരനെക്കാൾ ജീവിതം സന്തുഷ്ടിപ്രദമായിത്തോന്നുമെന്നാണു് എൻെറ പക്ഷം.

ആകഷ്കമായ ആകാരസുഷമ വേണമെന്നതു് സകല ആളുകൾക്കും പ്രകൃത്യാതന്നെ ഉണ്ടാകുന്ന ആഗ്രഹമാണു്. മനോഹരമായ ശരീരവും സുന്ദരമായ വാക്ചാതുരിയും അഭിലഷണീയങ്ങളാണു്. ഈവക സിദ്ധികളോടുകൂടിയ ആളുകളുമായുള്ള സഹവാസം ഒരിക്കലും മുഷിയാത്തതും സദാ ആനന്ദപ്രദവുമായിരിക്കും. എന്നാൽ കാഴ്ചയ്ക്കു കൊള്ളാവുന്നവൻെറ ഹൃദയം മോശമാണെന്നു വെളിപ്പെടുമ്പോൾ അതു നമ്മെ ഇച്ഛാഭംഗത്തിലേയ്ക്കു പിടിച്ചു താഴ്ത്തുന്നു. രൂപസൌന്ദയ്യം ഇല്ലാത്തവരുടെ ഉള്ളിലും വിജ്ഞാനം കുടികൊള്ളുമെന്ന കായ്യം നാം വിസ്മരിക്കരുതു്. സുഭഗനും സന്മനസ്സുള്ളവനുമായ ഒരാൾക്കു

* ഒൻപതാംനൂററാണ്ടിലെ സുപ്രസിദ്ധയായ ഒരു ഗ്രന്ഥകർത്രി.

ബുദ്ധിപരമായി വലിയ താല്പൎയ്യമൊന്നും ഇല്ലാതിരുന്നേക്കാം. അങ്ങിനെ സ്വഭാവഗുണത്തിൽ അധഃപതിക്കയും തന്നെക്കാറം താണപടിയിലുള്ളവരോടു കൂട്ടുകൂടുകയും തന്നോടു് അപകൃഷ്ടമായ നിലയിൽ മററുള്ളവർ പരിചയം വളൎത്താൻ ഇടയാക്കുകയും ചെയ്യുന്നതു് ഏററവും ദയനീയമായ ഒരവസ്ഥയാണു്.

ഒരുവൻ മഹത്തായ ചീനസാഹിത്യത്തിലും ജപ്പാൻ കവിതയിലും സംഗീതത്തിലും സുന്ദരമായ പ്രബന്ധങ്ങറം രചിക്കുന്നതിലും കുശലത നേടുക എന്നതു് എനിക്കു വളരെ ഇഷ്ടമാണു്. അരമനച്ചടങ്ങുകളിലും രാജ്യകാൎയ്യങ്ങളിലും അറിവു സമ്പാദിക്കുന്നതിൽ കൂടുതൽ സാമൎത്ഥ്യം പ്രകടിപ്പിക്കുന്നതും അഭിലഷണീയംതന്നെ. എന്നാൽ ഇതിലൊന്നിലും ആഭാടം പ്രദൎശിപ്പിക്കാതിരിക്കണം.

*                *                *                *

### ഭരണരീതി

പ്രാചീനകാലത്തെ ചക്രവൎത്തിമാൎക്കു ഭരണകാൎയ്യങ്ങളിൽ ഉന്നതവും പ്രബുദ്ധവുമായ ചില തത്വദീക്ഷകളുണ്ടായിരുന്നു. ഇപ്പോഴാകട്ടെ നമ്മുടെ ഭരണാധികാരികറം അവയെ വിസ്മരിച്ചു കഴിയുകയാണു്. ഇക്കൂട്ടർ ഭരണത്തിലമൎന്നിരിക്കുന്നവരുടെ ദുഃഖങ്ങളേയും ദുരിതങ്ങളേയും കുറിച്ചു് അത്രയൊന്നും ചിന്തിക്കാറില്ല. ഉദ്യോഗസ്ഥന്മാരാകട്ടെ അവരുടെ സമയവും കഴിവുകളും ആഡംബരത്തിലും മോടിയിലും കഴിഞ്ഞുകൂടുന്നതിനായി വിനിയോഗിക്കുന്നു. കൂജോ എന്ന രാജപ്രതിപുരുഷൻ തന്റെ

പിൻഗാമികൾക്കായി നല്കിയ നിർദ്ദേശങ്ങളിൽ ഈ സംഗതി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്: "വസ്ത്രം, ആഭരണങ്ങൾ, വാഹനങ്ങൾ, കുതിരകൾ തുടങ്ങിയവ വന്നുചേരുന്നതനുസരിച്ച് ഉപയോഗിക്കാൻ ശീലിക്കുക." ജൂൺടോങ്കു ചക്രവർത്തി അരമനക്കാര്യങ്ങളെക്കുറിച്ച് എഴുതിയ കുട്ടത്തിൽ പറയുന്നു: "ഭക്ഷണം, വസ്ത്രം തുടങ്ങി ഒരു ചക്രവർത്തി ഉപയോഗിക്കുന്നവയെല്ലാം എത്രയും ലളിതമായിരിക്കണം." ഈ പ്രസ്താവന ഏററവും ഉചിതമായ ഒന്നായി ഞാൻ കരുതുന്നു.

*　　　*　　　*　　　*

## മഹിളകളുടെ പ്രേമാദരങ്ങൾ

ഒരുവൻ എല്ലാക്കാര്യത്തിലും മററുള്ളവരെ അതിശയിക്കുന്നവനായിരിക്കാം; എന്നാൽ ഒരു പ്രണയവാൻകൂടി ആയിരുന്നില്ലെങ്കിൽ അയാളുടെ ജീവിതം ശൂന്യമായിപ്പോകും. അയാളെ വിണ്ടു് ഒഴിച്ചുവയ്ക്കാൻ കൊള്ളാത്ത ഒരു രത്നചഷകത്തോട്ട് ഉപമിക്കാം. നിശാവേളയിലെ മഴയേററു നനഞ്ഞും മഞ്ഞുകൊണ്ടു മരവിച്ചും പിതാവിൻെറ കോപത്തെയും ലോകകാര്യങ്ങളെയും ഗണ്യമാക്കാതെ അലഞ്ഞുതിരിയുന്നതിലുള്ള ആനന്ദം അയാൾ അറിഞ്ഞിട്ടില്ല. പ്രേമജ്വരം, ഉറക്കം ലഭിക്കാത്ത രാത്രികൾ ഇവ എന്തെന്നു് അയാൾക്കു് അനുഭവപ്പെട്ടിട്ടില്ല. അങ്ങിനെയുള്ളയാൾക്കു രസികത്വങ്ങൾ പലതും ഉണ്ടായിരുന്നുവെന്നു വരാം. എന്നാൽ സ്ത്രീജനങ്ങൾ അയാളെ ഗണ്യമാക്കുകയില്ല. മഹിളാമണികളുടെ പ്രേമാദരങ്ങൾ അവയുടെ വികാരദീപ്തികൂടാതെ ഒരാൾക്കു സ്വീകരി

ക്കാൻ കഴിയുമെങ്കിൽ അതു് വിലയേറിയ ഒരു നേട്ടമായിരിക്കുമെന്നു ഞാൻ കരുതുന്നു.

* * * *

പരലോകത്തെ ഓൎമ്മിച്ചുകൊണ്ടും ബുദ്ധന്മാർ കാണിച്ചുതന്നിട്ടുള്ള മാൎഗ്ഗം സ്വീകരിച്ചുകൊണ്ടും ഈ ലോകത്തിലെ ആനന്ദങ്ങൾ അനുഭവിക്കണം. അതാണു് യഥാൎത്ഥ സൌന്ദൎയ്യം ആസ്വദിക്കാനുള്ള സുഗമപദ്ധതി.

* * * *

ജീവിതത്തിൽ ദുഃഖങ്ങളും ദുരന്തങ്ങളുമുണ്ടായി എന്ന കാരണത്താൽ സന്ന്യാസവൃത്തിയിലേയ്ക്കു നീങ്ങുന്ന ആളെക്കുറിച്ചു ഞാൻ വളരെയൊന്നും കാൎയ്യമായി വിചാരിക്കുന്നില്ല. മററുള്ളവരുമായുള്ള ബന്ധം വേണ്ടെന്നു നിശ്ചയിച്ചിട്ടു് ഏകാന്തവാസം സന്തോഷപൂൎവ്വം സ്വീകരിച്ചു് ഒതുങ്ങിയ ജീവിതം നയിക്കുന്നവരെയാണു് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്. ആക്കിമോട്ടോ ചുനാഗൺ പറയുന്നു: “എന്തെങ്കിലും കുററം ചെയ്യുകകാരണം നാടുകടത്തപ്പെട്ടിട്ടു് ഒരു ഏകാന്തപ്രദേശത്തു കഴിഞ്ഞുകൂടണമെന്നല്ല ഞാൻ ആഗ്രഹിക്കുന്നതു്. പിന്നെയൊ, നിരതിശയമായ ആനന്ദപ്രകൎഷത്തോടുകൂടി * ചന്ദ്രനെ നോക്കി ധ്യാനനിഷ്ഠനായിരിക്കുന്നതിന്നു് ഒരു വിജനസ്ഥലം തേടാൻ എനിക്കു് ഇടയാകുമെങ്കിൽ അതെത്രയോ അഭിലഷണീയം!

* * * *

---

* ചന്ദ്രൻ ബുദ്ധദേവൻെറ പ്രതീകമാണെന്നു വിശ്വസിച്ചുപോരുന്നു.

ഉയൎന്ന നിലയിലുള്ളവനും താണ പടിയിൽ കഴിയു ന്നവനും സന്തതിയില്ലാതിരിക്കുന്ന അവസ്ഥയാണു് കൂടു തൽ സന്തുഷ്ടിപ്രദമാകുന്നതു്. വാസ്തവത്തിൽ പല മ ഹാന്മാരും ആശിച്ചിട്ടുള്ളതു് അവരുടെ വംശം നാമാവ ശേഷമാകണമെന്നാണു്. ദായാജോ ദായാജിൻ യോഷാ ഫൂസാ രചിച്ച ഒരു ചരിത്രഗ്രന്ഥത്തിൽ സന്തോഷപൂ ൎവ്വം പ്രസ്താവിച്ചിരിക്കുന്നു, അദ്ദേഹത്തിൻെറ കാലശേഷം പിൻതുടൎച്ചക്കാരായി ആരും ശേഷിക്കാൻ ഇടയില്ലെന്നു്. അങ്ങനെ തനിക്കു ദുഷ്ടസന്തതികൾ ഉണ്ടായിരുന്നു എ ന്നുള്ള അപഖ്യാതികൂടാതെ കഴിക്കണമെന്നാണു് അദ്ദേ ഹത്തിൻെറ അഭിപ്രായം. യോട്സു ഗിനൊ ഒക്കിനാ എന്ന കൃതിയിൽ സിദ്ധനും പ്രശസ്തനുമായ ഷോടകു രാ ജകുമാരൻ ഇങ്ങനെ പറയുന്നു: "പിൽക്കാലക്കാർ പിതൃ തൎപ്പണത്തിനുള്ള സാമഗ്രികളുമായി വരുന്നതുപോലെ എൻെറ ശവകുടീരത്തെ ആരും സമീപിക്കാതിരിക്ക ണം." അദ്ദേഹത്തിനു് അപ്രകാരമുള്ള ആരും ഉണ്ടായി രിക്കരുതെന്നായിരുന്നു അഭിലാഷം.

*　　　*　　　*　　　*

### ജീവിതവ്യാമോഹം

മനുഷ്യജീവിതമെന്നതു് [1]ആദാഷിയിലെ ഹിമബി ന്ദുപോലെയും [2]ടോറൈബ് കുന്നിൽനിന്നും ഉയരുന്ന പു കപോലെയും ക്ഷണഭംഗുരമാണു്. അങ്ങിനെയല്ലാതി രുന്നുവെങ്കിൽ അതു് എത്ര ഭയങ്കരമായ ഒരു മുഷിപ്പൻ

1 പ്രേതങ്ങളെ കുഴിച്ചുമൂടുന്ന സ്ഥലം.

2 പ്രേതങ്ങളെ ദഹിപ്പിക്കുന്ന സ്ഥാനം.

ഏപ്പാടാകുമായിരുന്നു? ജീവിതം നിത്യമായിരുന്നെങ്കിൽ ആശകളും താല്പൎയ്യങ്ങളും നശിച്ചുപോകും. ജീവിതത്തിന്റെ അനിശ്ചിതത്വമാണു് അതിനെ സമ്മോഹനമാക്കുന്നതു്. ജീവരാശികളെ ഒട്ടാകെ നോക്കണം. മനുഷ്യജീവിതത്തിന്റെ വൈപുല്യം മിക്കവാറും മററുള്ളവയുടേതിനെ അതിശയിക്കുന്നു. എന്നിരുന്നിട്ടും കഷ്ടിച്ചു് ഒരു ദിവസംമാത്രം ആയുസ്സുള്ള ഒരു അല്പജീവിയെപ്പോലെയാണു് മനുഷ്യന്റെ സ്ഥിതി. വൈകുന്നേരം അയാളെ പിടികൂടാനായി മരണം പതിയിട്ടു കിടക്കുന്നു. ഗ്രീഷ്മകാലത്തുമാത്രം ജീവിച്ചിട്ടു് വൎഷം, ഹേമന്തം തുടങ്ങിയ മററു ഋതുക്കളെക്കുറിച്ചു് അറിയാൻകൂടി ഇടയാകാതെ അന്തരിച്ചുപോകുന്ന ചിത്രശലഭങ്ങളുടേതുപോലെയാണു് ആ ജീവിതം. ശാന്തമായ സുഖജീവിതം ഒരു വത്സരത്തേക്കെങ്കിലും ലഭിക്കാൻ പോകുന്നുവെന്നുള്ള ചിന്ത ആനന്ദപ്രദമായേക്കാം. എന്നാൽ അതു വാസ്തവത്തിൽ ഒരു സഹസ്രവൎഷത്തോളംതന്നെ നിലവിലിരുന്നാലും കേവലം ഒരു രാത്രിയിലെ സ്വപ്നം മാത്രമായിരിക്കുകയേ ഉള്ളു. ആ സ്ഥിതിയിൽ ജീവിതത്തിന്റെ യഥാൎത്ഥവിലയ്ക്കു് എന്തു സ്ഥാനമാണു് നാം കല്പിക്കേണ്ടതു്?

മനുഷ്യർ വളൎന്നു വാൎദ്ധക്യം പ്രാപിച്ചു ചുക്കിച്ചുളിഞ്ഞു വിരൂപമായശേഷവും പിന്നെയും അവസാനമില്ലാതെ ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്നതു കാണുമ്പോൾ എനിക്കു് അത്യധികമായ ആശ്ചൎയ്യമാണുണ്ടാകുന്നതു്. അധികം ആയുസ്സുള്ളയാൾ കൂടുതൽ സങ്കടങ്ങളെ നേരിടേണ്ടിവരും. ഒരാൾ ഏതാണ്ടു നാല്പതുവയസ്സിനപ്പുറം ജീ

വിച്ചിരിക്കുന്നതു് അഭിലഷണീയമല്ലെന്നാണു് എൻെറ അഭിപ്രായം. ആകെക്കൂടി ആലോചിച്ചുനോക്കുമ്പോൾ അതാണു് ആയുസ്സിൻെറ വിഹിതമായ പരിമിതി. എന്നിരുന്നാലും നാല്പതുവയസ്സു കഴിയുന്നതുവരെ പശ്ചാത്താപങ്ങൾക്കു് ഇടയുണ്ടാകാത്തയാൾക്കു്, സായന്തനസൂര്യൻ പൊന്നുപൂശിയ സന്ധ്യാമേഘങ്ങളിലേയ്ക്കു ചായുന്നതുപോലെ, ഒരു പക്ഷെ സ്വന്തക്കാരുടേയും ബന്ധുജനങ്ങളുടേയും സ്നേഹാദരങ്ങൾ കുറവുവരാതിരുന്നതിലുള്ള സംതൃപ്തി അനുഭവിച്ചുകൊണ്ടു്, തൻെറ സന്താനപരമ്പര ഐശ്വര്യത്തിൽ പുലരുന്നതും കണ്ടു് ശാന്തിയിലും ആനന്ദത്തിലും മജ്ജനംചെയ്യാൻ ഭാഗ്യം സിദ്ധിച്ചുവെന്നു വരാം. അങ്ങിനെയായാലും ആത്മീയമായ അയാളുടെ ശ്രദ്ധയ്ക്കും താല്പര്യത്തിനും ഗ്ലാനിഭവിക്കയൊ ദീർഘായുസ്സിനായുള്ള അത്യാഗ്രഹം സ്നേഹചിന്തകളെ മൂടിക്കളയുകയൊ ചെയ്യരുതു്.

* * * *

### സംഭോഗാഭിനിവേശം

സംഭോഗാഭിനിവേശം മനുഷ്യരെ ആക്ഷേപാർഹമായ പരിതസ്ഥിതികളിലേയ്ക്കു നയിക്കുന്ന ഒരു വികാരമാണു്. ഇക്കാര്യത്തിൽ പുരുഷന്മാർ നിയമേന അബദ്ധക്കാരാവുന്നുണ്ടു്. ഒരു വനിതയുടെ ചുററുപാടും പ്രസരിക്കുന്ന പരിമളം അവളുടേതല്ല. അതു് അവൾ അണിഞ്ഞിട്ടുള്ള സുഗന്ധദ്രവ്യങ്ങളിൽനിന്നും പുറപ്പെടുന്നതാണു്. ഇതറിയാമെങ്കിലും ആ സൌരഭ്യത്തെയും അവളുടെ ശരിരത്തെയും കൂട്ടിച്ചേർത്തു് ചിന്തിച്ചിട്ടു മനുഷ്യൻ

മോഹിതനായിത്തീരുന്നു. സിദ്ധനും യോഗിയുമായിരുന്ന ക്രൂമേയുടെ കഥതന്നെ ആലോചിച്ചു നോക്കുക. അദ്ദേഹം യോഗചര്യകൾകൊണ്ടു് ആകാശഗമനശക്തി സമ്പാദിച്ചു. പക്ഷികളെപ്പോലെ മേഘങ്ങൾക്കിടയിൽ കൂടി യാത്രചെയ്യാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഒരു ദിവസം ഇങ്ങനെ ആകാശസഞ്ചാരം ചെയ്യുന്നതിനിടയിൽ ആ യോഗിവര്യൻ കീഴ്പോട്ടു നോക്കി. അവിടെ പുഴയിൽ ഒരു സ്ത്രീ മുണ്ടു നനയ്ക്കുന്നു. അവൾ ഉടുത്തിരുന്ന വസ്ത്രം കുറെ മേലോട്ടു ചൊരുകിയിട്ടു് ഒരു കാൽകൊണ്ടു് കല്ലിന്മേൽ വച്ചിരുന്ന മുണ്ടിനെ ചവുട്ടി ഉരുട്ടുകയാണു്. ആ വനിതയുടെ ശ്വേതവർണ്ണമായ കാലുകളിൽ ക്രൂമേ ദൃഷ്ടിയുറപ്പിച്ചു. പൊടുന്നനവേ അദ്ദേഹത്തിൻെറ യോഗസിദ്ധികളും തന്മൂലം നേടിയിരുന്ന അമാനുഷശക്തികളും അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. ക്രൂമേ പെട്ടെന്നു നിലംപതിച്ചു. ഇക്കഥ യുക്തിക്കു ചേർന്നതല്ലെന്നു ആക്കു പറയാൻ കഴിയും? വെളുത്തുരുണ്ട കരചരണങ്ങളും പ്രഫുല്ലമായ സൌകുമാര്യവും ഉളവാക്കുന്ന ഭോഗതൃഷ്ണയെ നിഷേധിക്കാൻ ആക്കാണു് പ്രാപ്തിയുള്ളതു്?

*　　*　　*　　*

സുന്ദരമായ കേശപാശം സ്ത്രീജനങ്ങൾക്കു ചേതസ്സമാകർഷകമായ സുഭഗത നല്കുന്നു. സംസാരിക്കുന്ന ആളെ കാണാൻ കഴിഞ്ഞില്ലെങ്കിലും അയാൾ സാവധാനം ഉച്ചരിക്കുന്ന ഏതാനും വാക്കുകളിൽനിന്നുതന്നെ അയാളുടെ ശീലവും മറ്റും നമുക്കു ഗ്രഹിക്കാൻ സാധിച്ചേയ്ക്കും. ഒരു വനിതയെ ചിന്തിച്ചുണ്ടാകുന്ന വികാരാവേശത്താൽ കറി

നവ്യഥ അനുഭവിക്കുന്ന പുരുഷന്മാരെയും അതേ വികാരത്താൽ അസ്വാസ്ഥ്യയായിത്തീരുന്ന സ്ത്രീ രാത്രികാലങ്ങളിൽ മററെല്ലാം മറന്നു തീവ്രമായ മനോവേദനയോടു ശയ്യയിൽ ഉരുണ്ടും പിരണ്ടും കഴിയുന്നതിനേയും കുറിച്ച് ആലോചിക്കുമ്പോഠം ആശ്ചര്യം തോന്നാറുണ്ട്. പക്ഷേ അതാണ് അനുരാഗത്തിൻെറ അത്ഭുതശക്തി. ആ ശക്തിയാകട്ടെ നമ്മുടെ വിജ്ഞാനപരിധിയെ അതിലംഘിച്ചതും അഗാധമായി വേരൂന്നിയിട്ടുള്ളതുമാണ്. ഒട്ടേറെ ദൂരത്തുനിന്നാണ് അതിൻെറ ഉല്പത്തി. ഓരോ ഇന്ദ്രിയങ്ങഠംക്കും അതിനോടനുബന്ധിച്ച വികാരങ്ങളും അഭിലാഷങ്ങളുമുണ്ട്. മുൻപറഞ്ഞ ഒന്നിനെയൊഴിച്ച മററെല്ലാററിനെയും ജയിച്ചേക്കാം. എന്നാൽ ആ ഒരൊററ അഭിനിവേശത്തിൽനിന്നു പ്രായമായവരൊ ചെറുപ്പക്കാരൊ ജ്ഞാനികളൊ മഠയന്മാരൊ ഒഴിയപ്പെട്ടവരായി സാധാരണ കാണുന്നില്ല. ഒരു സ്ത്രീയുടെ കേശപാശം കൊണ്ട് ഒരു മദയാനയെ ബന്ധിക്കാം. ഒരു മഹിളയുടെ മെതിയടിത്തുണ്ടുകൊണ്ടുണ്ടാക്കിയ ഓടക്കുഴലൂതിയാൽ ശരൽക്കാലത്തു മാൻകുട്ടങ്ങളെ വിളിച്ചു വരുത്താം. മദനാവേശമെന്നതു് ഉഗ്രമായ ഒരു വികാരംതന്നെയാണ്. അക്കാര്യത്തിൽ വന്നുപോകുന്ന വീഴ്ചകഠംക്കായി ഒരാളെ കുററപ്പെടുത്താൻ ഒരുമ്പെടാതിരിക്കുകയാണ് ഭേദം.

* * * *

## ജീവിക്കുന്നതിന്നുള്ള ചുററുപാടുകഠം

ഈ പ്രപഞ്ചം അനിത്യമാണെന്നുള്ളതിനെ ഞാൻ നിഷേധിക്കുന്നില്ല. നമ്മുടെ ഗൃഹങ്ങഠം താൽക്കാലിക

മായ വാസസ്ഥാനങ്ങൾതന്നെ. എന്നിരുന്നാലും നാം അവിടെ കഴിഞ്ഞുകൂടണമെന്നുള്ളതുകൊണ്ടു് അവയെ വേണ്ട ഉപകരണങ്ങൾ ചേർത്തു് ഭംഗിയാക്കിയിടേണ്ടതാവശ്യമാണു്. സംസ്കാരസമ്പന്നനായ ഒരാൾക്കു പാക്കാനുള്ള ഒരു വീടാണെന്നു വിചാരിക്കുക; അയാളുടെ സുഭഗങ്ങളും സന്തുഷ്ടിപ്രദങ്ങളുമായ ചുററുപാടുകൾ, അവിടെ പ്രവേശിക്കുന്ന ചന്ദ്രകിരണങ്ങളിൽ ലയിച്ചു് അവയെ കൂടുതൽ മനോജ്ഞമാക്കുന്നവയായിരിക്കണം.

തോട്ടത്തിലെ വൃക്ഷങ്ങൾക്കു പുതുമ വരുത്താൻ ശ്രമിക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. അതൊരിക്കലും പാടില്ലാത്തതാണു്. ആ തരുവൃന്ദങ്ങൾ പ്രായത്തിൻെറ ഭംഗി പ്രത്യക്ഷപ്പെടുത്തണം. അതുപോലെതന്നെ പുല്ലിൻെറ വളച്ചയെ പ്രത്യേകരീതിയിൽ ക്രമപ്പെടുത്തുന്ന പദ്ധതികളൊന്നും പ്രയോഗിക്കരുതു്. അതു് അതിൻെറ പ്രകൃത്യാ ഉള്ള അഴകു് പാലിക്കണം. വീടിൻെറ വരാന്ത, ചുററുമുള്ള വേലി മുതലായവ കലാചാതുരിയോടുകൂടി സംവിധാനം ചെയ്യണം. ഉപയോഗിക്കുന്ന അകസാമാനങ്ങൾ, പാത്രങ്ങൾ ഇവയിലെല്ലാം ഒരു പുരാതനപാരമ്പര്യവും ലാളിത്യവും ദൃശ്യമാകണം. എന്തെന്നാൽ ഇവയെല്ലാമാണു് ഗൃഹനാഥൻെറ സ്വഭാവഗുണത്തെയും ബഹുമാന്യതയെയും വെളിപ്പെടുത്തുന്നതു്.

ചീനരും ജപ്പാൻകാരുമായ അനേകം തൊഴിലാളികൾ വളരെ സമയം ചിലവഴിച്ചു പണിപ്പെട്ടുണ്ടാക്കുന്ന അലങ്കാരസാധനങ്ങൾകൊണ്ടു വീടു നിറയ്ക്കുന്ന ഏർപ്പാടിനെ ഞാൻ അനുകൂലിക്കുന്നില്ല. അതുപോലെതന്നെ

തോട്ടത്തിലെ വൃക്ഷങ്ങളെ പ്രകൃതിക്കനുസരണമല്ലാത്ത വിധം വെട്ടി വികൃതരൂപത്തിലാക്കുന്നതും തൃണസങ്കുലം വളൎന്നുവരുന്ന രീതിയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതും എനിക്ക് ഇഷ്ടമല്ല. കാൎയ്യമില്ലാത്ത ഈ മാതിരി ബഹളങ്ങൾ മനസ്സിനുമടുപ്പുണ്ടാക്കുന്നവയാണ്. ഈ ലോകം നമുക്കു സ്ഥിരമായുള്ളതല്ല. പിന്നെ എന്തിനാണ് ഇങ്ങനെ വിഷമിച്ചു പണിയെടുത്ത് മോടിവസ്തുക്കൾ ഉണ്ടാക്കിവയ്ക്കുന്നത്? അവയെല്ലാം തീപിടിച്ചു ധൂമമായി അന്തരിക്ഷത്തെ മലിനപ്പെടുത്തുകയില്ലെന്ന് ആൎക്കു പറയാൻ കഴിയും?

ഗോട്ടോ കുഡൈജിനോ ഓട്ടോ ഡോ കിടന്നുറങ്ങുന്ന മുറിക്കുമുകളിൽ [1] പരുന്ത് വന്നിരിക്കാതെ തടസ്സപ്പെടുത്താനായി നാലുപാടും കയറുകെട്ടുക പതിവായിരുന്നു. അതു കണ്ടിട്ട് 'പരുന്ത് അവിടെ വന്നിരുന്നതുകൊണ്ട് എന്തു ദോഷമാണ് വരുന്നത്' എന്നു [2] സൈഗ്യോ ചോദിക്കയുണ്ടായി. ഒരാളുടെ ഹൃദയത്തിൽ അലിവും ഔദാൎയ്യവുമില്ലെങ്കിൽ അയാളുടെ കൂട്ടുകെട്ട് അഭിലഷണീയമല്ല. ആ കാരണത്താൽ അദ്ദേഹം ഗോട്ടോ കുഡൈജിയെ സന്ദശിക്കുന്ന ഏൎപ്പാട് അവസാനിപ്പിച്ചു. അയനോക്കോജി രാജകുമാരൻെറ കൊട്ടാരത്തിനു മുകളിൽ കയറു കെട്ടിയിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അപ്പോഴൊക്കെ സൈഗ്യോയുടെ പ്രസ്താവന ഞാൻ ഓൎമ്മിക്കും. പക്ഷെ അതു് എനിക്കു പററിയ ഒരു തെററിദ്ധാരണയാ

---

1 പരുന്ത് ഒരു ദുശ്ശകുനപക്ഷിയാണെന്നു കരുതിപ്പോന്നു.

2 പ്രസിദ്ധനായ ഒരു കവി. ഇദ്ദേഹം ഒരു സന്ന്യാസിയുമായിരുന്നു.

യിരുന്നു. പിന്നീടു ഞാനറിഞ്ഞു അനേകം കാക്കകഠം ആ കയറിൽ വന്നിരിക്കയും സമീപമുള്ള തടാകത്തിൽനിന്നും തവളകളെ തിന്നു വിശപ്പടക്കുകയും പതിവാണെന്നു്. രാജകുമാരനു് ആ കാക്കകളുടെ ദയനീയസ്ഥിതിയിൽ അലിവു തോന്നിയിരുന്നു. ഇതു മനസ്സിലായപ്പോഠം എനിക്കു രാജകുമാരനെക്കുറിച്ചുള്ള ആദരവു വദ്ധിച്ചു. ഈ മാതിരി ഉത്കൃഷ്ടമായ ഒരു മനഃസ്ഥിതി ഗോട്ടോകുഡൈജിക്കും ഉണ്ടായിരുന്നിരിക്കയില്ലെന്നു നമുക്കെങ്ങിനെ നിശ്ചയിക്കാം?

* * * *

## ഒരു ഏകാന്തഭവനം

നവംബർ മാസത്തിൽ ഒരു ദിവസം ഞാൻ മലവാരത്തുള്ള ഒരു ഗ്രാമം സന്ദശിച്ചു. കുറുസുനോ വഴിയാണു് അങ്ങോട്ടു യാത്ര ചെയ്തതു്. അവിടെ പായൽകൊണ്ടു മൂടിയ ഒരിടുങ്ങിയ പാതയുടെ അററത്തു് ഏകാന്തമായ ഒരു ഭവനം സ്ഥിതിചെയ്യുന്നു. ആരും ആ ദിക്കിലേയ്ക്കു ചെല്ലുന്ന മട്ടുതന്നെ കണ്ടില്ല. ഉണങ്ങിയ ഇലകഠം നിറഞ്ഞ ഒരു മുളംകുഴലിൽകൂടി അങ്ങോട്ടു വെള്ളം ഒഴുകി വീഴുന്നുണ്ടായിരുന്നു. അതു് ഏതോ മനുഷ്യജീവികളുടെ ആവാസസ്ഥാനമാണെന്നു് എനിക്കു തോന്നി. എന്തെന്നാൽ അതിനുള്ളിലെ ഒരു ചുവർ പലകയ്ക്കു മുകളിലായി ഒരു പാത്രത്തിൽ കുറെ പുഷ്പങ്ങളും ഇലകളും ശേഖരിച്ചു സൂക്ഷിച്ചുവച്ചിരിക്കുന്നതു കണ്ടു. ആ വീടിൻെറ ചുററുമുള്ള ചെറുതോട്ടത്തിൽ ഒരു മധുരനാരങ്ങാവൃക്ഷം ഫലങ്ങഠം

സമൃദ്ധിയായിട്ടു നമ്രശാഖകളോടുകൂടി നില്ക്കുന്നതു കണ്ട പ്പോഠം സംസ്കാരാഭിരുചി വിളങ്ങിയ ആ ദശ്നം എന്നെ ആനന്ദിപ്പിച്ചു. എന്നാൽ ആ വൃക്ഷത്തിനു ചുററും കനത്ത* വേലികെട്ടി അടച്ചിരുന്നു. അതു് എൻെറ അനുഭാവചിന്തകളെ നശിപ്പിച്ചു. ഇങ്ങനെയൊക്കെയാണെങ്കിലും ആ സ്ഥലത്തെക്കുറിച്ചു ഞാൻ സന്തുഷ്ടിയോടുകൂടി സ്മരിക്കാറുണ്ടു്.

*          *          *          *

അസ്ഥിരമായ ലോകജീവിതത്തിലെ ഭാഗ്യനിഭാഗ്യങ്ങളെക്കുറിച്ചു തുല്യമനഃസ്ഥിതിയുള്ള ഒരു സുഹൃത്തുമായി ആശയ വിനിമയം ചെയ്യുന്നതു സന്തുഷ്ടിപ്രദമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ആ ഏപ്പാടു്, വിചാരിക്കുന്നതുപോലെ അത്ര സുഖകരമാണെന്നു കരുതാമൊ? യാതൊരു വിധത്തിലും വ്യത്യസ്തമല്ലാത്ത മനോഭാവമുള്ള ആളുമായി ആ മാതിരി സംഗതികഠം ചച്ചചെയ്യുന്നതു മിക്കവാറും തന്നത്താൻ ചിന്തിക്കുന്നതുപോലെ മാത്രമെ ആവുകയുള്ളു. ഭിന്നരുചിക്കാരനുമായി ഏററുമുട്ടിയാലാണു് സ്വന്ത അഭിപ്രായത്തിൻെറ മാററുരച്ചു നോക്കാൻ അവസരം ലഭിക്കുന്നതു്. അതിനാൽ, അഭിപ്രായവ്യത്യാസം ഉണ്ടാകണം. ആ വ്യത്യാസത്തിന്മേൽ വാദപ്രതിവാദം ഉന്നയിക്കണം. അതിനുവേണ്ടി താക്കികനും മത്സരക്കാരനുമായ ഒരു സ്നേഹിതനെ തിരഞ്ഞെടുക്കുന്നതു് എനിക്കു് ഇഷ്ടമാണെങ്കിലും കേവലം ഉദ്ധതനായ ഒരാളെ ഞാൻ ക്ഷണിക്കയില്ലതന്നെ.

---

* ശാന്തവും ലളിതവുമായ അവിടത്തെ ചുററുപാടിൽ മരത്തിനു ചുററും വേലി കെട്ടി അടച്ചതു് അസുഖകരമായ കാഴ്ചമായിരുന്നു.

## പ്രാചീനകൃതികഠം

അനിത്യമായ ഈ ലോകജീവിതത്തിൽനിന്നും വിരമിച്ച ആദരണിയനായ ഒരു പുതിയ സുഹൃത്തിനെ ലഭിക്കുമെങ്കിൽ അതിൽപ്പരം ആനന്ദപ്രദമായി മറെറന്താണുള്ളതു്? സാരമായിട്ടുള്ള സകലതിനേയും ചുരുക്കിയെടുത്തു് ഒരു പുസ്തകത്തിലും വിളക്കിലും തൻെറ കൂട്ടുകാരിലുമായി സമാഹരിക്കാം. പുസ്തകങ്ങളെക്കുറിച്ചു പ്രസ്താവിക്കുമ്പോഠം മാൺസെൻ എന്നു പറയുന്ന രസികൻപ്രബന്ധത്തിൻേറയും ഹാക്കുഷിബുഞ്ജ് എന്ന ഗ്രന്ഥസമാഹാരത്തിൻെറയും ലയോട്സയുടെ തത്വശാസ്ത്രത്തിൻെറയും അതുപോലെ പ്രാചീനപണ്ഡിതന്മാരായ നമ്മുടെ നാട്ടുകാരിൽ ചിലരുടെ ഉത്തമകൃതികളുടെയും കാൎയ്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ടു്. ഇവയെല്ലാം എന്തൊരു മനോഹരസൃഷ്ടികളാണു്.

*    *    *    *

ജപ്പാനിലെ പുരാതനകാവ്യങ്ങഠം എത്രമാത്രം പുളകോൽഗമകാരികളായിരിക്കുന്നു! 'കാടൻ പന്നി' എന്ന ശീഷ്കത്തിൽ രചിച്ചിട്ടുള്ള ആ വിശിഷ്ടകവിതയിൽ മലവാസികളായ കഷകരുടെ എളിയ ജീവിതത്തെ വിവരിക്കുന്നതും ക്രൂരനായ വനസൂകരത്തിൻെറ കോമാളിത്തരങ്ങളെ വൎണ്ണിക്കുന്നതുമായ ഗാനങ്ങളിൽ യഥാൎത്ഥസൌകുമാൎയ്യത്തിൻെറ കതിരൊളികഠം നാം ദശിക്കുന്നു. ഇക്കാലത്തെ കവിതയുടെ സ്ഥിതി ആലോചിക്കുമ്പോഠം, അങ്ങുമിങ്ങും ചില വരികഠം സുന്ദരങ്ങളായി കാണാറുണ്ടെ

ന്നു ഞാൻ സമ്മതിക്കാം. എന്നാൽ അവയിൽ വെറും വാക്കുകൾകൊണ്ടുള്ള ചെപ്പടിവിദ്യകളല്ലാതെ മററെന്താണുള്ളതു്? പ്രാചീനകവികളുടെ കൃതികളിൽ ലയിച്ചു കിടക്കുന്ന ആ നേർമ്മയായ ചൈതന്യവിശേഷം ഇവയിലെങ്ങാനും കാണ്മാനുണ്ടോ? ട്സുറായൂക്കിയുടെ ഈ പ്രയോഗം നോക്കുക:

> “പിരിച്ചുമുറുക്കിയ ബലവത്തരമായ പട്ടുചരടിനേക്കാൾ പൊട്ടിക്കാൻ വിഷമമേറിയതാണു് എന്റെ ഹൃദയവും നീയുമായുള്ള സ്നേഹബന്ധം.”

എന്നിട്ടും ആ കൃതിയിൽ ഉള്ളതിലേക്കും മോശപ്പെട്ട ഭാഗമാണു് ഈ വരികൾ എന്ന ആക്ഷേപമുണ്ടായി. അങ്ങിനെയാണെങ്കിൽത്തന്നെയും അതു് ഇക്കാലത്തെ കവിതകളേക്കാൾ എത്രയോ മെച്ചമാണു്. ഈ കാവ്യഭാഗം അത്രമാത്രം ആക്ഷേപത്തിന്നു പാത്രമായതു് എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ മാതിരി പ്രയോഗങ്ങളുള്ള കവിതകൾ ധാരാളമായി കാണാവുന്നതാണു്. ഗഞ്ജിമോണോഗതാരി എന്ന കൃതിയിൽ ഇതിനെത്തന്നെ മററൊരു വിധത്തിൽ അവതരിപ്പിച്ചിട്ടുണ്ടു്. അതുപോലെ ഷിങ്കോക്കിൻ എന്ന കൃതിയിലുള്ള താഴെ കാണുന്ന വരികളും അടിക്കടി പ്രതികൂലവിമർശനത്തിന്നു പാത്രമായിട്ടുണ്ടു്:—

> “വിജനപ്രദേശത്തു് ഏകാന്തതയിൽ കഴിയുന്ന ദേവദാരു, ചരമമടഞ്ഞ തന്റെ സുഹൃത്തിനെക്കുറിച്ചു ചിന്തിച്ചു വിരഹാതുരനായി ദിവസങ്ങൾ നയിക്കുന്നു.”

ഇതു വാസ്തവത്തിൽ ഒരു കൌശലവിദ്യാപ്രയോഗം മാത്രമാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇതേ വരികൾ കാവ്യപരിഷത്തുകാർക്കു പ്രശംസാർഹമായിത്തീരുകയുണ്ടായി. എന്നുതന്നെയല്ല, പിന്നീടു ചക്രവർത്തിയുടെ പ്രത്യേക അഭിനന്ദനത്തിനു പാത്രമാവുകയും ചെയ്തു. ഈ വസ്തുത ഇയാനാഗായുടെ നാൾവഴി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. നമ്മുടെ കാലത്തുള്ള കവിതാരീതിക്കു് പ്രാചീനകാലത്തേതിൽനിന്നും മാററമൊന്നും വന്നുചേർന്നിട്ടില്ലെന്നു പറഞ്ഞു കേൾക്കാറുണ്ടു്. അന്നത്തെ മട്ടിലുള്ള പദശ്രേണിയേയും അലങ്കാരപ്രയോഗങ്ങളേയുംതന്നെയാണു് ഇപ്പോഴും വേഷംകെട്ടിച്ചു് ഇറക്കിവിടുന്നതെന്നും പൊതുവെ അഭിപ്രായപ്പെടുന്നതു ഞാൻ കേട്ടിട്ടുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നത്തെ പുതുമക്കാർക്കു് എന്തുകൊണ്ടോ ആ പഴയ കവികളുടെ നിലയിൽ എത്താൻ സാധിക്കുന്നില്ല. അവരുടെ ശൈലിതന്നെ എത്ര ലളിതവും പ്രസന്നവുമായിരിക്കുന്നു; അക്കൂട്ടരുടെ ആശയങ്ങൾ എന്തു പരിശുദ്ധവും സാരഗർഭവുമായി വിളങ്ങുന്നു!

*   *   *   *

നാട്ടിൻപുറത്തുകൂടി നടക്കുമ്പോൾ മലവാരത്തുള്ള ഗ്രാമപ്രദേശങ്ങളും അവിടത്തെ പ്രാകൃതങ്ങളായ തോട്ടങ്ങളും വനത്തിലെ കാഴ്ചകളും ആ ദിക്കുകാരുടെ ആചാരവിശേഷങ്ങളും എന്നെ വളരെ രസിപ്പിക്കാറുണ്ടു്. അവിടെ കിട്ടാത്ത സാധനങ്ങൾ എത്തിച്ചു തരാൻ നഗരത്തിലെ രാജകീയാലയത്തിലേയ്ക്കു ഞാൻ എഴുതി അയയ്ക്കും.

നാട്ടിൻപുറത്തെ ചുററുപാടിൽ പ്രേരണാത്മകമായ ഒരു വിശിഷ്ടത എനിക്കു് അനുഭവപ്പെടുന്നു. ഞാൻ കൊണ്ടുപോകാവുള്ള അല്പസാമഗ്രികൾക്കു് അവിടത്തെ അകൃത്രിമമായ പരിതഃസ്ഥിതികൾക്കിടയിൽ ഒരു പുതുമയും ഭംഗിയുമൊക്കെ ദൃശ്യമാകും. അപ്രകാരമുള്ള സ്ഥിതിവിശേഷങ്ങൾക്കിടയിലാണു് മനുഷ്യന്റെ ആകൃതിക്കും പ്രകൃതിക്കും കൂടുതൽ മഹത്വം പ്രത്യക്ഷമാകുന്നതു്. അതുപോലെ ദേവാലയങ്ങളുടെ വിനീതസുഭഗമായ അന്തരിക്ഷത്തിൽ കഴിഞ്ഞുകൂടുന്നതും ആനന്ദപ്രദംതന്നെയാണു്.

*   *   *   *

ബുദ്ധഭഗവാനിൽ ഭക്തിയുറപ്പിച്ചുകൊണ്ടു് വിജനമായ പവ്തപ്രദേശങ്ങളിൽ നിവസിക്കുന്നതു് ഒരിക്കലും ആയാസകരമായിത്തോന്നുകയില്ല. എന്നല്ല അതു്, നമ്മുടെ ചിന്തകളെ മൂടുന്ന മേഘപടലങ്ങളെ ആട്ടിപ്പായിച്ചിട്ടു് മനോവൃത്തികളെ പാവനവും ശാന്തഗംഭീരവും ആക്കിത്തീക്കുകയും ചെയ്യും.

*   *   *   *

സന്തുഷ്ടമാനസൻ

മനുഷ്യൻ മിതവ്യയം ശീലിക്കണമെന്നും ആഡംബരങ്ങൾ ഉപേക്ഷിക്കണമെന്നും എനിക്കു നിർബ്ബന്ധമുണ്ടു്. അയാൾ ധനം കുമിച്ചുകൂട്ടാൻ പാടില്ല. ആദിമകാലംമുതൽതന്നെ ജ്ഞാനികളും മഹാന്മാരും ധനത്തെ കഴിയുന്നത്ര അകററി വച്ചുകൊണ്ടിരുന്നതു് നോക്കുക. ഒരുദാഹരണം പറയാം. സന്തുഷ്ടചിത്തനായ ക്യോയ്യു എ

ന്ന ചൈനാക്കാരനു യാതൊരു സ്വത്തും ഇല്ലായിരുന്നു. അയാഠം വെള്ളം കുടിക്കുന്നതു സ്വന്തം കൈകളിൽ കോരിയിട്ടായിരുന്നു. അതു കണ്ടു നിന്ന ഒരാഠം അദ്ദേഹത്തിന് ഒരു പാനപാത്രം സമ്മാനിച്ചു. പിന്നെ എന്തുണ്ടായി? ക്യോയൂ ആ പാത്രം സൂക്ഷിക്കാനായി ഒരു മരക്കൊമ്പിൽ കെട്ടിത്തൂക്കി. കാററുവീശുമ്പോഴെല്ലാം പാത്രം വൃക്ഷശാഖയിൽ ചെന്നുമുട്ടി അസഹ്യമായ ശബ്ദമുണ്ടാക്കി. "ഇതു മഹാശല്യമായല്ലോ" എന്നു പറഞ്ഞു് അദ്ദേഹം അതിനെ എടുത്തു ദൂരത്തേക്കെറിഞ്ഞു. അതിനുശേഷം പണ്ടത്തെപ്പോലെ കൈകഠം കൂട്ടിച്ചേർത്തു് വെള്ളമെടുത്തു സുഖമായി കുടിക്കുന്ന ഏപ്പാടു തുടരുകയും ചെയ്തു. അദ്ദേഹത്തിൻെറ ഹൃദയം എത്രകണ്ടു നിമ്മലവും നിർബാധവുമായി കഴിഞ്ഞുപോന്നു. സോൺഷിൻ തണുപ്പേറിയ വഷ്ത്തുവിൽ നിലാവത്തു് പുതപ്പു കൂടാതെ കിടക്കുക പതിവായിരുന്നു. കുറേ വയ്ക്കോൽ വാരിപുറത്തിട്ടുകൊണ്ടു് അദ്ദേഹം സുഖമായി കിടന്നുറങ്ങും. രാവിലെ വയ്ക്കോലെല്ലാമെടുത്തു് ഒരിടത്തു കൂട്ടിയിടും. ചൈനയിലെ ഐതിഹ്യങ്ങളുടെ കൂട്ടത്തിൽ ഇക്കഥ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇപ്രകാരം ജീവിതം നയിച്ചിരുന്നവരെ ചൈനക്കാർ ബഹുമാനിച്ചുപോന്നു. എന്നാൽ ജപ്പാൻകാരായ നമുക്കു് ഇതിനെ വേണ്ടപോലെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു വരാം. അതുകാരണം ഈ മാതിരി ചരിത്രങ്ങഠം പിൽക്കാലക്കാക്കുവേണ്ടി രേഖപ്പെടുത്തിവയ്ക്കുക സാധാരണമല്ല.

*   *   *   *

ഋതുവിലാസം

ഋതുക്കളുടെ മുറവച്ചുള്ള പുറപ്പാടു് എത്ര ഗംഭീരവും ഹൃദയാവർജ്ജകവുമായിരിക്കുന്നു! വസന്തം, ഗ്രീഷ്മം, ശരത്ത്, ഹേമന്തം ഇവ ഒന്നൊന്നായി നമുക്കു ചുററും പരിവർത്തനം ചെയ്യുന്നു. ശരത്കാലമാകട്ടെ ജീവികളുടെ വികാരങ്ങളിൽ അഗാധമായ പ്രേരണ ചെലുത്തുന്ന ഒന്നാണെന്നാണു് പൊതുവേ കരുതിപ്പോരുന്നതു്. അതു് ഏറെക്കുറെ ശരിയായിരിക്കാം. എന്നാൽ പക്ഷിസങ്കുലം പാട്ടുപാടിക്കൊണ്ടു മന്ദസമീരണനോടൊപ്പം മടങ്ങി വരുന്ന വസന്തകാലം വാസ്തവത്തിൽ മോഹനമായ ഒന്നല്ലേ? അപ്പോഴത്തെ സൂര്യപ്രകാശം എത്ര ആനന്ദപ്രദം! ഇളംമഞ്ഞു മൂടിയദിവസം വേലിക്കു താഴെ തൃണങ്ങൾക്കു കട്ടി കൂടുന്നതും പൂമൊട്ടുകൾ കാലേകൂട്ടി പ്രത്യക്ഷപ്പെടുന്നതും കാണുമ്പോൾ നമ്മുടെ ഉള്ളിലും വസന്തം നടനം ചെയ്യുന്നതുപോലെ തോന്നുന്നു. പിന്നീടു് കാററും മഴയും വന്നു നമ്മുടെ ചിന്തകളെ അസ്വാസ്ഥമാക്കിയേക്കാം. എന്നാലും അതു്, വൃക്ഷശാഖകളിലെല്ലാം നല്ല മുഴപ്പുള്ള ഇലകൾ സമൃദ്ധിയായി കിളിർത്തുയർന്നുവരുന്നതുവരെ മാത്രമല്ലേ ഉണ്ടായിരിക്കയുള്ളു!

* 'ടാച്ചിബാനാ'യുടെ സൌരഭ്യം ഒരു പുരാവൃത്തമാണു്; അതു പല സ്മരണകളേയും ഉണർത്തുന്നു. എന്നാൽ വിടർന്നു വിലസുന്ന മുന്തിരിപുഷ്പത്തിൻെറ നേരിയ സുഗന്ധം നിശ്ചയമായും നമ്മുടെ ചിന്തകളെ ഉദ്ദീപിപ്പിക്കയും പ്രാചീനദശകളിലേയ്ക്കു തിരിച്ചുവിടുകയും ചെയ്യുന്നു.

---

* മുൻകാലത്തു് ഉണ്ടായിരുന്നതായ ഒരു പുഷ്പം

പിന്നെ അനിലപുഷ്പത്തിൻെറ പരിശുദ്ധി, ഇളംവിസ്റ്റേറിയായുടെ ലോലസൌകുമാര്യം ഇവ എന്തെല്ലാം സ്മരണകളെയാണു് ഉദ്ധരിക്കാത്തതു്?

ബുദ്ധഭഗവാൻെറ ജന്മദിനവും കാമോ ക്ഷേത്രോത്സവവും വരുമ്പോൾ വൃക്ഷങ്ങളിൽ ഇളംതളിരുകൾ നിറയുന്നു. അതേ സമയം ഏതാണ്ടൊരു അഭിനിവേശവും പര്യാകുലതയുംകൊണ്ടു് ഹൃദയം ചഞ്ചലമാകുന്നു. ജലനേമിയുടെ മദ്ദളഗാനം ഏകാന്തതയിൽ ഒളിഞ്ഞു കിടക്കുന്ന ചില ചിന്താതന്ത്രികളെ സ്പർശിക്കുന്നു. ചെറുമാടങ്ങളുടെ പുരപ്പുറങ്ങളെ വെൺകറുക മോടിപിടിപ്പിക്കുന്നു. പാടങ്ങളിൽ ഞാറിളക്കി നടൽ പുരോഗമിക്കുന്നു. ആറാംമാസത്തിൽ കുടിലുകളിലെ മശകങ്ങളെ ആട്ടിപ്പായിക്കുന്നതിനായി വയ്ക്കോൽ കത്തിച്ചു പുകയ്ക്കുന്നു. ചെറുമുററങ്ങളിൽ പൂച്ചെടികൾ തഴച്ചു വളരുന്നു. അതിനുശേഷമാണു് ദുർദ്ദേവതകളെ ഉച്ചാടനം ചെയ്യുന്ന മഹാമഹം ആരംഭിക്കുന്നതു്.

വർഷകാലരാമണീയകം

* തന്തുവായ നക്ഷത്രങ്ങളുടെ വിവാഹോത്സവം നടത്തുന്നതിൽ ഒരു പ്രത്യേക സംസ്കാരം ദൃശ്യമാകുന്നു. ശിശിരങ്ങളായ സായാഹ്നവേളകൾ; കാരി! കാരി! എന്നു ശബ്ദിച്ചുകൊണ്ടു പറക്കുന്ന കാട്ടരയന്നങ്ങൾ; ഹാഗിദല

* താരാപഥത്തിൻെറ ഇരുവശങ്ങളിലായി നിൽക്കുന്ന പ്രസ്തുത നക്ഷത്രങ്ങൾ രണ്ടും പരസ്പരം അനുരാഗബദ്ധരാണെന്നു സങ്കല്പിച്ചിരിയ്ക്കുന്നു. ആണ്ടിലൊരിയ്ക്കൽ അവ തമ്മിൽ അടുക്കുന്നു. അതു് അവയുടെ വിവാഹകാലമായി കരുതപ്പെടുന്നു.

ങ്ങളുടെ അടിവശത്തിനു് അരുണിമ വൎദ്ധിക്കുക; കാലേ കൂട്ടി വിളയുന്ന നെൽപാടങ്ങളിലെ കൊയ്ത്തു്; ഇവയെല്ലാം ശരത്കാലത്തെ വിശേഷങ്ങളാണു്.

ഇവിടെ വൎണ്ണിച്ചതെല്ലാം പൂൎവ്വകാലങ്ങളിലെ പ്രസിദ്ധ സാഹിത്യകാരന്മാരായ മുരാസകി, ഷികിബു, സായിഷോണഗാൺ മുതലായവർ പറഞ്ഞിട്ടുള്ളതുതന്നെ. അപ്രകാരമുള്ള കൃതികൾ ഇക്കാലത്തു സാധാരണവുമാണു്. എങ്കിലും എന്റെ വീക്ഷണത്തിലും ചിന്തയിലും എത്തുന്ന ആശയങ്ങളെ എഴുതി വെളിപ്പെടുത്താതിരുന്നാൽ എന്റെ മനസ്സിൽ അവ തിങ്ങിക്കൂടി വിമ്മിഷ്ടപ്പെടുത്തും. അതുകൊണ്ടും എനിക്കു വിശ്രമം ലഭിക്കുന്നതിനാലും ഞാൻ ഇതെല്ലാം കുറിച്ചുവയ്ക്കുന്നു. ഇതു മററാൎക്കും ഉദ്ദേശിച്ചിട്ടുള്ളതല്ല. അതിനാൽ ആരും ഇതിൽ പ്രതിഷേധിക്കാൻ ഒരുമ്പെടേണ്ട കാൎയ്യമില്ല.

ഹേമന്തകാലത്തു് ഇലകൾ വാടി നില്ക്കുന്നതും തണുപ്പു കൂടിയ പ്രഭാതവേളയിൽ മഞ്ഞു പററിപ്പിടിച്ചു് അവയുടെ അഗ്രങ്ങൾ തിളയ്ക്കുന്നതും ഒന്നൊന്നായി അവ അരുവികളിലേയ്ക്കു വീഴുന്നതും ജലപ്രവാഹത്തിനു മുകളിൽ നിന്നും ഉച്ഛ്വാസവായുപോലെ മൂടൽ മഞ്ഞു് ഉയരുന്നതും ചേതോഹരമായ വിശേഷ കാഴ്ചകൾതന്നെയാണു്. ഇതൊക്കെ അത്യന്തം മനോജ്ഞമായി എനിക്കു തോന്നാറുണ്ടു്.

വൎഷാവസാനം എല്ലാവൎക്കും ജോലിത്തിരക്കുള്ള കാലമാണു്. ആകാശത്തു് അൎദ്ധചന്ദ്രൻ ശീതകിരണങ്ങളും വിദൂരപ്രകാശവും പൊഴിച്ചുകൊണ്ടു ലംബമാനമായി നില

കൊള്ളുന്നു. എന്നാൽ അതിൻെറ വിഷാദച്ഛായ കല ന്ന സൌന്ദൎയ്യത്തെക്കുറിച്ചു ചിന്തിക്കാൻ ആൎക്കും സമയ വും സാവകാശവും കാണുന്നില്ല. പാപമോചനത്തിനാ യുള്ള പ്രാൎത്ഥനയോടനുബന്ധിച്ചുള്ള ശുദ്ധീകരണച്ചടങ്ങു കളും നാടുനീങ്ങിയ രാജവംശാംഗങ്ങളുടെ പിതൃക്കൾക്കു ബലിതൎപ്പിക്കുന്നതും ഇക്കാലത്താണു് നടക്കുന്നതു്. അതി നുശേഷം അരമനയിൽ രോഗബാധയും ഗ്രഹപ്പിഴകളും ഉച്ചാടനം ചെയ്യാനുള്ള, ഷിൻെറാ കൎമ്മം അനുഷ്ഠിക്കുന്നു. ഇതിൻെറ പ്രധാനമുഹൂൎത്തം ആണ്ടവസാനദിവസം അ ൎദ്ധരാത്രിയാണു്. ചക്രവൎത്തികുടുംബത്തിൻെറ ക്ഷേമോ ദയത്തിനുവേണ്ടിയുള്ള ചടങ്ങാണു് വൎഷപ്പിറപ്പു ദിന ത്തെ സ്വാഗതംചെയ്യുന്നതു്.

പഴയ വൎഷത്തിൻെറ അവസാനദിവസം ഭൂമുഖത്തു് ഇരുൾ വന്നുകൂടുമ്പോൾ ആളുകൾ പന്തവും കത്തിച്ചുപി ടിച്ചുകൊണ്ടു് ഓടിനടക്കുകയും കാണുന്നവരോടു് ഉച്ച ത്തിൽ സംസാരിക്കയും ചെയ്യുന്നു. ആരും അതുകൊ ണ്ടു് അരിശംകൊള്ളാറില്ല. എന്നാൽ പ്രഭാതമാകുന്ന തോടുകൂടി ഈ ബഹളങ്ങൾ ശമിക്കുന്നു. ഉദയസൂൎയ്യൻ തെളിഞ്ഞുതുടങ്ങുമ്പോൾ പൊതുവേ നിശ്ശബ്ദത വ്യാപി ക്കുന്നു; അന്തരിച്ചുകഴിഞ്ഞ ആണ്ടിൻെറ ഭൂതസ്മരണ കൾ ഉദിച്ചുയരുന്നു.

ആണ്ടവൃതിദിവസത്തിൻെറ അന്ത്യവേളയിൽ ത ങ്ങൾ പിരിഞ്ഞുപോയ ഗൃഹങ്ങളിലേയ്ക്കു പാറിപ്പറന്നെ ത്തുന്ന പിതൃക്കളെ ഉദ്ദേശിച്ചു നടത്താറുള്ള സ്വാഗതയ ജ്ഞത്തെക്കുറിച്ചു തലസ്ഥാനനഗരക്കാർ വത്സരാരംഭവും

അവസാനവും ഇപ്പോഠം ഓൎമ്മിക്കുന്നുപോലുമില്ല. എന്നാൽ കിഴക്കൻനാട്ടിൽ ഇന്നും ആ ചടങ്ങു സ്നേഹപൂൎവ്വം നിൎവ്വഹിച്ചുപോരുന്നുണ്ടു്.

വത്സരാരംഭദിനം വാസ്തവത്തിൽ അതിനു മുമ്പിലത്തെ ദിവസംപോലെതന്നെ—എങ്കിലും എന്തൊരു വ്യത്യാസം! അതു് ഒരു പുതുവൎഷത്തിന്റെ പൊൻപുലരിയാണു്. ഭവനവാതിലുകഠം പയിൻചെടികഠംകൊണ്ടു് അലങ്കരിച്ചും മററും തെരുവീഥികഠം മോടി പിടിപ്പിക്കുന്നു. ഓരോരുത്തരുടേയും മുഖത്തു പുതിയ ലക്ഷ്യവും ആശയും സ്ഫുരിക്കുന്ന മന്ദസ്മിതം പ്രകാശിക്കുന്നു.

* * * *

ചന്ദ്രന്റെ സുഷമ നോക്കി ചിന്താമഗ്നനായിരിക്കുന്നയാഠം ദുഃഖകാൎയ്യങ്ങളെക്കുറിച്ചു് ഓൎമ്മിക്കുമൊ? ആ അവസ്ഥ ആന്തരാത്മാവിനു സംസ്കാരം നല്കുന്നതാണെന്നു് ഒരാഠം അഭിപ്രായപ്പെട്ടിരിക്കുന്നു. പുല്ലിന്മേൽ മഞ്ഞുതുള്ളികഠം പററിയിരിക്കുന്ന കാഴ്ചയാണു് കൂടുതൽ ഹൃദയസ്പൎശിയായുള്ളതെന്നു മറെറാരാഠം പറയുന്നു. ഞാൻ ആലോചിച്ചതിൽ ഈ വ്യത്യസ്ത ചിന്താഗതി അസംബന്ധമാണെന്നു തോന്നുന്നു. ഓരോ സംഗതികഠം ഓരോരുത്തരുടേയും ഹൃദയതന്ത്രികളെ ഓരോ വിധത്തിലാണു് സ്പന്ദിപ്പിക്കുന്നതു്. അവയുടെ പ്രേരണാശക്തികളെ ഫലപ്രദമാക്കാൻ അവ വ്യത്യസ്തമായ അവസരങ്ങളെ ഉപയോഗപ്പെടുത്തുന്നു. എന്നാൽ ചിലതിനു എല്ലായ്പോഴും നമ്മുടെ വികാരങ്ങളെ ഗാഢമായി സ്പൎശിക്കാനുള്ള കഴിവുണ്ടു്. അക്കൂട്ടത്തിലാണു് ചന്ദ്രൻ, വിടൎന്നു വിലസു

ന്ന പുഷ്പങ്ങഠം, മന്ദസമീരണനൻ, പാറക്കെട്ടുകളിൽ വീണടിഞ്ഞു നുരഞ്ഞു മറിയുന്ന വെള്ളച്ചാട്ടം തുടങ്ങിയവ; ഒരു ചീനകാവ്യത്തിൽ ഇപ്രകാരം പറയുന്നു.

* "പകലാകട്ടെ രാത്രിയാകട്ടെ വിശ്രമമെന്നതു് എന്തെന്നറിയാതെ ളുന്നും ഷോയും തടിനികഠം പൂർവാഭിമുഖമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അവയ്ക്കു്, സമീപസ്ഥരുടെ ആത്മഖേദം കാരണം തിരിഞ്ഞു നിൽക്കുക സാദ്ധ്യമാണോ?"

ഈ വരികഠം എൻെറ ഉള്ളിലെ മററു ചിന്തകളെ അകററിയിട്ടു് ആത്മാവിൽ മൃദുലവികാരങ്ങളെ ഉദിപ്പിക്കുന്നു. ചീനകവിയായ കെയിക്കൊ പർവതങ്ങളിൽ കയറുന്നതിലും അവിടെയുള്ള അരുവികളുടെ തീരപ്രദേശങ്ങളിൽ അലഞ്ഞു നടക്കുന്നതിലും സന്തുഷ്ടികൊള്ളുക പതിവായിരുന്നു. പറവകളും മത്സ്യങ്ങളും തൻെറ മൂകസുഹൃത്തുക്കളായി കഴിയുന്നതിൽ അദ്ദേഹത്തിനു് ഒരു പ്രത്യേക ആനന്ദം ലഭിച്ചിരുന്നു. ഉയരത്തിൽ വളൎന്നു തഴച്ച തൃണസങ്കുലങ്ങഠംക്കിടയിലും നിർവൃതികരങ്ങളായ വിജനപ്രദേശങ്ങളിലും സഞ്ചരിക്കുന്നതിലുള്ള പ്രത്യേക ആനന്ദം എനിക്കും അനുഭവപ്പെട്ടിട്ടുണ്ടു്.

* * * *

## ഷിൻേറാ ദേവാലയം

ജപ്പാനിലെ കന്യകയായ രാജകുമാരി വെറും ശൂന്യപ്രദേശത്തിനു നടുവിൽ സ്ഥിതിചെയ്യുന്ന വിശുദ്ധ ഐസേക്ഷേത്രത്തിൽ ഭജനക്കാരിയായി ഏകാന്തവാസം അ

* ചൈനയിൽനിന്നും നാടുകടത്തപ്പെട്ട ഒരു കവി രചിച്ചതു്.

നുഷ്ഠിക്കുന്നതു ഹൃദയസ്പൃശ്യായ ഒരു സംഭവമാണു്. ബുദ്ധവചനങ്ങളായ 'കിയോ' 'ഹോടോകേ'[1] എന്നിവ ആസാധി ഉപയോഗിക്കാതിരുന്നേയ്ക്കാം. അതിനുപകരം ഷിൻേറാ വചനങ്ങളായ 'സോമേഗാമി' 'നാക്കാഗോ'[2] എന്നിവ സ്വീകരിച്ചുവെന്നും വരാം.

ഒരു ഷിൻേറാക്ഷേത്രം ആത്മീയചൈതന്യംകൊണ്ടു് അഭിരാമമാണു്. അതിനുള്ളിൽ കൂട്ടംകൂട്ടമായി വളൎന്നു നിൽക്കുന്ന വിശിഷ്ടതരുവൃന്ദങ്ങൾതന്നെയും ആശ്ചൎയ്യവും ആനന്ദവും വളൎത്തുന്നവയായിരിയ്ക്കും. അവയ്ക്കു പുറമെ ദേവാലയത്തിൻെറ രക്ഷയ്ക്കായി ചുററും നിറുത്തിയിട്ടുള്ള ഫലകശ്രേണിയും വിശുദ്ധപത്രങ്ങൾകൊണ്ടു് അലംകൃതമായ ക്ലെയറാവൃക്ഷങ്ങളും അവിടത്തെ സൌകുമാൎയ്യത്തെ ഉത്തേജിപ്പിക്കതന്നെ ചെയ്യുന്നു. ഉദാഹരണമായി ഐസേ, കാമോ, കാസുഗാ, ഹിറാനോ മുതലായ ക്ഷേത്രങ്ങളെയും പറയാം.

* * * *

ആസുകാനദിയുടെ മണൽത്തട്ടുകൾക്കു് വൎഷംതോറും മാററം വന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെയാണു് മനുഷ്യജീവിതവും. സമയം നീങ്ങിക്കൊണ്ടേയിരിക്കുന്നു. സംഭവങ്ങൾ ഒന്നൊന്നായി നമ്മുടെ പുറകിൽ അടിഞ്ഞു മങ്ങിമറയുന്നു. സന്തോഷവും സന്താപവും

---

1. ബുദ്ധവേദഗ്രന്ഥങ്ങളേയും ബുദ്ധനേയും കുറിയ്ക്കുന്നവ.

2. ഷിൻേറാ വേദഗ്രന്ഥങ്ങളേയും ആത്മാവിനേയും കുറിയ്ക്കുന്നവ.

• ബുദ്ധദേവനോടുള്ള അഗാധമായ ബഹുമാനംകൊണ്ടു് ആ വാക്കുകൾ ഉപയോഗിയ്ക്കാതിരിയ്ക്കുന്നു.

ഇടവിട്ടു വന്നുംപോയും കഴിയുന്നു. ഐശ്വയ്യോദ്യാനം കൊട്ടംകാടായി രൂപാന്തരപ്പെടുന്നു. ഗൃഹം ശേഷിക്കുന്നു; എന്നാൽ ഗൃഹനായകന്മാർ അതിൽകൂടി കടന്നു മറയുന്നു. തോട്ടത്തിൽ നിൽക്കുന്ന ഫലവൃക്ഷങ്ങറം നിശ്ശബ്ദരാണു്. പിന്നെ ആരോടാണു് നാം സംസഗ്ഗം പുലത്തുകയും ഭൂതകാലസ്മരണകളെ ഉണത്തുകയും ചെയ്യേണ്ടതു്? പുരാതനകാലത്തെ മഹത്തുക്കളുമായി സല്ലാപത്തിൽ ഏപ്പെടാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. പക്ഷേ എന്തു ചെയ്യാം! അവരും അവരുടെ ഭവനങ്ങളും എന്നല്ല അവരുടെ ശവകുടീരങ്ങറംതന്നെയും നാമാവശേഷമായി കഴിഞ്ഞിരിക്കുന്നു.

## മനുഷ്യൻെറ വ്യാമോഹം

* ഫ്യൂജിവാരാ അരമനയുടേയും മിച്ചിനാഗാ ദേവാലയത്തിൻേറയും അവശിഷ്ടങ്ങറം ഞാൻ കണ്ടിട്ടുണ്ടു്. അങ്ങിനെയുള്ള നഷ്ടശിഷ്ടങ്ങളുടെ ദശനം വാസ്തവത്തിൽ ഹൃദയത്തെ അഗാധമായി സ്പശിക്കുന്നവയാണു്. മിച്ചിനാഗാ ആ സൌധങ്ങളെ സുന്ദരമായി പണിയിക്കയും ഒട്ടുവളരെ ഭൂസ്വത്തു് അവയ്ക്കുവേണ്ടി സംഭാവന നൽകുകയും ചെയ്തു. തൻെറ വംശക്കാർ എല്ലാക്കാലവും രാജകുടുംബത്തെ സ്വാധീനപ്പെടുത്തിവച്ചുകൊണ്ടിരിക്കുമെന്നും അങ്ങിനെ സദാ തുല്യ പ്രഭാവത്തിൽ കഴിയുമെന്നും അദ്ദേഹം വ്യാമോഹിച്ചു. ഇതെല്ലാം കാലാന്തരത്തിൽ നാശോന്മുഖമാകുന്നുവെന്നു ധരിക്കാനുള്ള വിവേകം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആ രാജമന്ദിരത്തിൻെറ ഊക്കൻ

* ഏറെക്കാലം ജപ്പാൻ ഭരിച്ചിരുന്ന ശക്തരായ രാജവംശക്കാർ.

കവാടവും രണ്ടാം മണ്ഡപവും സമീപകാലംവരെ നില നിന്നിരുന്നു. ഷോവാബ്ദത്തിൽ ആ വലിയ വാതൽ തീ വച്ചു നശിപ്പിച്ചു. ആ സുവർണ്ണദേവാലയമാകട്ടെ അഗ്നി ക്കിരയായില്ലെങ്കിലും ഇടിഞ്ഞുപൊളിഞ്ഞുപോയി. പി ന്നീട്ട് അതിനെ നന്നാക്കിയതേയില്ല.

മുഢ്യേ്യായിജിക്ഷേത്രം പണി തീൎന്ന മാതിരിതന്നെ ഇന്നും സ്ഥിതിചെയ്യുന്നു. പതിനഞ്ചടി വീതം പൊക്ക മുള്ള ഒൻപതു ബുദ്ധവിഗ്രഹങ്ങൾ ഐശ്വൎയ്യപ്രഭ വീശി ക്കൊണ്ടു് അതിനുള്ളിൽ ഒരേ വരിയായി നിലകൊള്ളു ന്നു. കോസൈ ദൈനഗാണിന്റെ പ്രശസ്തഹസ്തംകൊ ണ്ടു ലേഖനംചെയ്ത സമൎപ്പണഫലകവും കനേയുകി നിറം പിടിപ്പിച്ച കവാടങ്ങളും ഇപ്പോഴും ശേഷിക്കുന്നു. അവി ടത്തെ ഹോക്കേ മണ്ഡപം ഞാൻ കണ്ടിട്ടുണ്ടു്. പക്ഷേ ഇതെല്ലാം ഇനി എത്രകാലം നിലനിൽക്കുമെന്നു് ആൎക്കു പറയാൻ കഴിയും? ഈ ആശ്ചൎയ്യവസ്തുക്കളും മററുള്ളവ യെപ്പോലെ കാലയവനികയ്ക്കുള്ളിൽ മറയും. മഹത്തായ പല എടുപ്പുകളുടേയും അടിത്തറകൾ അങ്ങുമിങ്ങും കാ ണ്മാനുണ്ടു്. മററു ചിലതിന്റെ സ്മരണകൂടി അവശേ ഷിക്കുന്നില്ല.

* * * *

## പൂൎവ്വസ്മരണ

വികസിച്ചു നിൽക്കുന്ന പുഷ്പങ്ങളെ കാററു് നാലു പാടും ചിതറിക്കളയുന്നു. അതേ സമയം കാററിന്നു് താൻ ചെയ്യുന്ന പ്രവൃത്തിയെപ്പററി ചിന്തയൊന്നുമില്ല. എ ന്നാൽ ഹൃദയത്തിൽ വിടരുന്ന പുഷ്പങ്ങളെ ഒരു കാററിനും

സ്പൃശിക്കാൻ സാദ്ധ്യമല്ല. നമുക്ക് ഏററവും പ്രിയപ്പെട്ട ഒരാറം നമ്മെ വേർപെട്ട് അന്യനാട്ടിൽ പോയാലും ആ ആളിൻെറ പ്രേമപൂർവ്വമുള്ള സാന്നിദ്ധ്യം നമ്മുടെ സ്മരണ യിൽ സജീവമായി ശേഷിക്കുന്നു. പിരിഞ്ഞു പോവുക എന്നതു് വേദനാജനകംതന്നെ; പക്ഷേ അതാണ് ലോ കഗതി. മരണംതന്നെ എത്രമാത്രം വിഷാദജനകമായ താണ്! ജീവിതത്തിൻെറ പകിട്ട് ചായം പിടിപ്പിച്ച പാത്രത്തിൻേറതെന്നപോലെ കാലാന്തരത്തിൽ മാഞ്ഞു പോകുന്നു. നമ്മുടെ പ്രയാണമാർഗ്ഗം വേർതിരിയുന്നതോ ടുകൂടി അതു് ഇരുളിൽ ലയിച്ചുപോകുന്നു. ഹോരിക്കാവാ ചക്രവർത്തിയുടെ 'പാദ്യശതകത്തിൽ വ്യഗ്രതയും വിഷാദാ ത്മകതാവും കലൻ്ന ഈ വരികഠം കാണുന്നു:

"എൻെറ പ്രിയതമയുടെ മന്ദിരം ദർശിച്ചിട്ടു കാലം വളരെ വളരെ കഴിഞ്ഞുപോയി. ഇപ്പോഠം അവിടം ശൂ ന്യമാണ്. മേൽക്കൂരയും വേലികളും പൊളിഞ്ഞു നിലം പതിച്ചു. അവിടെ തഴച്ചുവളരുന്ന പുല്ലുകഠംക്കിടയിൽ പാടലപുഷ്പങ്ങഠംമാത്രം വികസിച്ചുനില്ക്കുന്നുണ്ടു്."

ഇതു പാടിയ ആളിൻെറ മനസ്സിൽ കടന്നുകൂടിയ ശൂന്യത ഈ വരികളിൽ നിഴലിക്കുന്നുണ്ടു്.

* * * *

ഒരു ചക്രവർത്തി സ്ഥാനത്യാഗം ചെയ്യുമ്പോഠം ആഭ രണങ്ങളും ദിവ്യഖഡ്ഗവും ദിവ്യദർപ്പണവും രത്നവും ഉ പേക്ഷിക്കുക എന്നതു്, അതു സംബന്ധിച്ച ചടങ്ങു കളിൽ ഉഠംപ്പെട്ടതാണ്. ഹാനാസോണോ ചക്രവർത്തി

സ്ഥാനത്യാഗം ചെയ്തതിൻെറ അടുത്ത ഹേമന്തകാലത്തു് അദ്ദേഹം ഇപ്രകാരം എഴുതിവെച്ചു:—

"പരിജനങ്ങഠം, ആഡംബരങ്ങഠം ഇതെല്ലാം പോയി മറഞ്ഞു. ഇപ്പോഴാകട്ടെ സല്ക്കാരാദരങ്ങഠംകൊണ്ടു ബഹുമാനിക്കാനായി ആരും എന്നെ അന്വേഷിക്കുന്നില്ല. എൻെറ അരമന ഏകാന്തവും വിസ്മൃതവുമായി സ്ഥിതിചെയ്യുന്നു. എല്ലാരും പുതിയ ആളിനെ ആദരിക്കാൻ വെമ്പൽകൊള്ളുകയാണു്. തിരിഞ്ഞുനോക്കാൻ പോലും ആരുമില്ലാതെ ദയനീയസ്ഥിതിയിൽ അവശേഷിക്കുന്ന ഉദ്യാനത്തിൽ പുഷ്പങ്ങഠം ചവറുപോലെ അങ്ങുമിങ്ങും കുമിഞ്ഞുകിടക്കുന്നു."

ജനങ്ങഠം പുതിയതിനോടു ബന്ധപ്പെട്ടു് അതിൽ വ്യാപൃതരായിക്കഴിയുന്ന ശീലക്കാരായതുകൊണ്ടു പഴയതിനെക്കുറിച്ചു ചിന്തിക്കാൻകൂടി ഒരുമ്പെടുന്നില്ല. ഇതു മനുഷ്യൻെറ ഹൃദയാന്തർഭാഗം നമുക്കു ക്ഷണനേരത്തേയ്ക്കു ദൃശ്യമാക്കിത്തരുന്ന ഒരു വസ്തുതയാണു്.

*　　*　　*　　*

ചക്രവർത്തിയുടെ ചരമം പ്രമാണിച്ചുള്ള ദുഃഖവത്സരം പൊതുവേ ശൂന്യമായ ഒന്നാണു്. അതു സംബന്ധിച്ചു ദൃശ്യമാകുന്ന പ്രത്യേക ആചാരവ്യത്യാസങ്ങഠം ഏതാണ്ടൊരു അസ്വസ്ഥത ജനിപ്പിക്കുന്നു. വേദികഠം താഴ്ത്തിവെയ്ക്കുക, മുട്ടലമായ മുളഞ്ചീളികൊണ്ടുള്ള വെളിയടയുടെ സ്ഥാനത്തു സാധാരണവേണുശകലങ്ങഠംകൊണ്ടു നിർമ്മിച്ചതും പരിക്കൻതുണികഠം അരികിൽ തുന്നിച്ചേർത്തവയുമായ വിരികഠം പിടിപ്പിക്കുക, അരമനയിലെ വസ്ത്ര

ങ്ങഠം, അലങ്കാരങ്ങഠം, ഖഡ്ഗം ഇവയെല്ലാം ഭംഗി കൂറയ്ക്കുക എന്നിവയൊക്കെ ചിന്താഗതിയെ ഗാഢമായി സ്പൃശിക്കുന്നവയാണു്.

*　　*　　*　　*

## വിരഹചിന്തകഠം

ലോകമാകവെ നിശ്ശബ്ദതയിൽ ലയിച്ചിരിക്കുന്ന അവസരങ്ങളിൽ കഴിഞ്ഞുപോയ കാലഘട്ടങ്ങളെക്കുറിച്ചു നാം സ്മരിക്കുമ്പോഠം ഹൃദയത്തിനു താങ്ങാൻ വിഷമമായ ഒരഭിനിവേശം നമുക്കുണ്ടാകുന്നു. ശരത്കാലത്തെ നീണ്ട രാത്രികളിൽ ജീവരാശികഠം നിദ്രയിൽ ആണ്ടു കഴിയുമ്പോഠം ഞാൻ എൻെറ പഴയലേഖനങ്ങളെ എടുത്തു നശിപ്പിക്കുന്നതിൽ ഉൽസുകനാകാറുണ്ടു്. എന്തെന്നാൽ എൻെറ എഴുത്തുകഠം എൻെറ കാലം കഴിഞ്ഞു ശേഷിക്കുന്നതു് എനിക്കു ഹിതകരമല്ല. അക്കൂട്ടത്തിൽ എൻെറ മരിച്ചുപോയ സുഹൃത്തുക്കളുടെ എഴുത്തുകളൊ ചിത്രങ്ങളൊ കാണുമ്പോഠം അവർ ജീവിച്ചിരിക്കുന്നതായും അവരുടെ കൃത്യങ്ങഠം നടത്തുന്നതായുമുള്ള ഏതാണ്ടൊരു വിചിത്രമായ തോന്നൽ എനിക്കുണ്ടാകുന്നു. എന്തെന്നാൽ അവ എഴുതിയതും അവയുമായി ബന്ധപ്പെട്ട വസ്തുകഠം നിലനിന്നതുമായ ആ പൂൎവ്വകാലത്തെക്കുറിച്ചുള്ള സ്മരണശക്തിയേറിയതുതന്നെയാണു്. അതുപോലെ ഒരു കാലത്തു് ആ സുഹൃത്തുക്കളുടെ വകയായിരുന്ന സാധനങ്ങഠം അന്നത്തെ മാതിരിയിൽതന്നെ ഇരിക്കുന്നതു കാണുമ്പോഠം ഉള്ളിൽ തറച്ചുകയറുന്നവിധമുള്ള വിഷാദചിന്തകളെ അവ ഉദിപ്പിക്കുന്നു.

*　　*　　*　　*

ഏററവും പ്രിയപ്പെട്ട ഒരു സുഹൃത്തു് അടുത്ത കാലത്തു മരിക്കുന്നതുമൂലമുണ്ടാകുന്ന ദുഃഖത്തെക്കാൾ ഘോരമായി മറെറാന്നുമില്ല. ശ്രാദ്ധദിനങ്ങളായ നാല്പത്തൊൻപതു നാളുകളിൽ മററു ദുഃഖാചരണക്കാരുമായി പൎവ്വതത്തിന്റെ മുകളിലുള്ള ദേവാലയത്തിൽ ചെന്നു് അവിടത്തെ ഏകാന്തതയിൽ പിതൃക്രിയകൾ അനുഷ്ഠിക്കുമ്പോൾ നമ്മുടെ വികാരതന്ത്രികളിൽ ഓരോന്നും വലിപെട്ടു് വേദനയുളവാക്കുന്നു. എങ്കിലും ആ ദിവസങ്ങൾ അങ്ങിനെ വേഗത്തിൽ നീങ്ങിക്കഴിയുന്നു. ഒടുവിലത്തെ ദിനമാകുമ്പോൾ നാം സാമാനങ്ങളും കെട്ടിപ്പെറുക്കി നിശ്ശബ്ദരായി ദുഃഖം നിറഞ്ഞ ഭവനത്തിലേയ്ക്കു മടങ്ങുമ്പോൾ വീണ്ടും ശൂന്യത തന്നെ നമുക്കു ശേഷിക്കുന്നു.

## പോയവർ അന്യർ

നമുക്കു പ്രിയപ്പെട്ടവരെ നാം മനഃപൂൎവ്വം മറക്കാറില്ല. പക്ഷേ നാളുകൾ കഴിയുന്തോറും, പഴമൊഴിപറയും പോലെ "പോയിക്കഴിഞ്ഞവർ അന്യരും അകന്നവരുമായിത്തീരുന്നു." ആദ്യം ഉണ്ടായ നടുക്കം ക്രമേണ മങ്ങിത്തുടങ്ങും. നമുക്കു ചിരിക്കാതെയും തമാശ പറയാതെയും കഴിയുകയില്ല. മൃതശരീരം വളരെ ദൂരത്തുള്ള മലയിലാണു് അടക്കിയിരിക്കുന്നതു്. ചരമം പ്രമാണിച്ചുള്ള കൎമ്മങ്ങളും മററും നടത്തേണ്ട നാളുകളിൽ മാത്രമെ അവിടം സന്ദൎശിക്കാറുള്ളു. അധികകാലം കഴിയുന്നതിനുമുമ്പു് ശവകുടീരം പായൽകയറി മൂടുകയും അതിനുമുകളിൽ കരിയില വീണു കുന്നുകൂടിക്കിടക്കുകയും ചെയ്യും. പിന്നെ വിശ്വാസപൂൎവ്വം സന്ദൎശനം നടത്തുന്നതു് നിശാസമീരണ

നും ചന്ദ്രനും മാത്രമായിരിക്കും. സമീപകാലത്തു മരിച്ചവരെക്കുറിച്ചു ദുഃഖിക്കാൻ വളരെപ്പേർ ഉണ്ടാകും; എന്നാൽ വളരെമുമ്പു് ചരമമടഞ്ഞവരെ ആരു് ആദരിക്കുന്നു? സന്താനങ്ങൾ അവരുടെ അടുത്ത പൂർവ്വികരെക്കുറിച്ചു പറഞ്ഞു കേട്ടറിഞ്ഞുവെന്നു വരാം എന്നല്ലാതെ അവക്കു് അക്കൂട്ടരെക്കുറിച്ചു് എന്തു ദുഃഖമാണുണ്ടാവുക? ആ പൂർവ്വികക്കു ബലികർമ്മങ്ങളും മററും നടത്തുന്ന ചടങ്ങു് നിലച്ചു പോകുന്നു. അവരുടെ നാമങ്ങൾതന്നെ വിസ്മൃതിയിൽ ആണ്ടുപോകുന്നു. പേരില്ലാത്ത ശവകുടീരങ്ങൾക്കിടയിൽ ആരെല്ലാമാണു് അന്ത്യനിദ്രകൊള്ളുന്നതെന്നു് അറിയാതാകും. ശരത്കാലത്തു് ആ പ്രേതസ്ഥാനങ്ങൾക്കു മുകളിൽ പുല്ലുവളൎന്നു മറഞ്ഞു കിടക്കുന്നതു കാണുമ്പോൾ ചിലക്കു് അല്പമൊരു ഹൃദയവികാരം ഉണ്ടായേക്കാം. അതുപോലെ ഈ പ്രാചീന ശവകുടീരങ്ങൾ കൃഷിക്കായി ഉഴുതുമറിച്ചുവെന്നു വരാം. പിന്നീടു് അവിടം ഒരു ശ്മശാനം ആയിരുന്നുവെന്ന കഥകൂടി ആരും അറിയുകയില്ല. ഇതാണു് ലോകഗതിയുടെ ദയനീയത!

*　　*　　*　　*

ഒരു ദിവസം പ്രഭാതത്തിൽ കാഴ്ചയ്ക്കു ഭംഗിതോന്നുമാറു് നാവിധം മഞ്ഞുപൊഴിയുകയായിരുന്നു. അതിനെക്കുറിച്ചുള്ള പ്രസ്താവനയോടുകൂടിയ ഒരു കത്തു് എന്റെ പരിചയക്കാരനായ ഒരാൾ അയാളുടെ വനിതാസുഹൃത്തിനയച്ചു. ആ സ്ത്രീ അയച്ച മറുപടിയിൽ സുന്ദരമായ ആ ഹിമപാതത്തെക്കുറിച്ചു് ഒന്നും പറഞ്ഞിരുന്നില്ല. മനോജ്ഞവസ്തുക്കളോടു് ഇങ്ങനെ അശ്രദ്ധ തോന്നുന്ന ഒരു മ

ഹിളയോടു തനിക്കു മേലിൽ യാതൊരു സഹാനുഭൂതിയും ഉണ്ടാകയില്ലെന്നു അയാഠം പറഞ്ഞു. ഇതു് ഏതാണ്ടു നേരംപോക്കുപോലെ തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ ആ സ്ത്രീയും മഞ്ഞിനെപ്പോലെതന്നെ അയാളുടെ ചിന്തയിൽനിന്നു് അപ്രത്യക്ഷയായി.

* * * *

ഒരു സുഹൃത്തിനു ലേഖനമയയ്ക്കുമ്പോഠം [1]കൈയക്ഷരം നല്ലതല്ലെന്നു കരുതി തന്നത്താൻ എഴുതാതിരിക്കരുതു്. തൻെറ കൈപ്പടയ്ക്കു ഭംഗി കുറവാണെന്നുള്ള കാരണത്താൽ മററൊരാളെക്കൊണ്ടു് കത്തുകഠം എഴുതിക്കുന്ന ഏർപ്പാടു് നല്ലതാണെന്നു ഞാൻ ഒരിക്കലും സമ്മതിക്കയില്ല.

* * * *

ഒരിക്കൽ ഒരാഠം തൻെറ പ്രണയിനിയായ വനിതാസുഹൃത്തിനെ സന്ദശിക്കുന്ന കാൎയ്യത്തിൽ ഏതാണ്ടു് അശ്രദ്ധനായി പെരുമാറി. അങ്ങിനെ കുറേനാഠം കഴിഞ്ഞപ്പോഠം അയാഠംക്കു വീണ്ടും അങ്ങോട്ടു ചെല്ലാൻ അല്പമൊരു സങ്കോചം തോന്നി. അക്കാൎയ്യത്തിൽ തൻെറ പശ്ചാത്താപത്തെ അവരെ അറിയിച്ചിട്ടു ക്ഷമായാചനം ചെയ്യുന്നതു് എങ്ങിനെയാണു് വേണ്ടതെന്നു് അയാഠം ചിന്താകുലനായി. അങ്ങിനെയിരിക്കെ ആ സ്നേഹിതയിൽനിന്നും സുഭഗമനോഹരമായ ഒരെഴുത്തു വന്നുചേൎന്നപ്പോഠം അയാഠംക്കുണ്ടായ അത്യാഹ്ലാദം എന്തായിരുന്നു

1 കെങ്കോയുടെ കാലത്തും ഇപ്പോഴും ജപ്പാനിൽ അക്ഷരഭംഗിക്കു വലിയ പ്രാധാന്യം കല്പിച്ചിട്ടുണ്ടു്.

വെന്നോ? വസ്തുതകളെക്കുറിച്ച് ആ ബുദ്ധിമതിയുടെ നിരിക്ഷണചതുരത ആ കത്തു തികച്ചും വെളിവാക്കി. അതിപ്രകാരമായിരുന്നു:

"കുറച്ചു നാളത്തേയ്ക്കു് ഒരു ജോലിക്കാരനെ ഇങ്ങോട്ടു് അയച്ചുതരണമെന്നുള്ള അപേക്ഷകൊണ്ടു് അങ്ങയെ ഉപദ്രവിക്കാൻ എന്നെ അനുവദിക്കുമൊ? വീട്ടുകാര്യങ്ങളിൽ ഞാൻ അത്യധികം വ്യാപൃതയായി കഴിയേണ്ടി വന്നു. എനിക്കതുകൊണ്ടു് കുറച്ചു സഹായം ആവശ്യമായിരിക്കുന്നു."

ഇതു കണ്ടിട്ടു് മറ്റൊരാൾ പറഞ്ഞു, "ഇതാ തികഞ്ഞ ചാതുര്യത്തിന്റെ പ്രകാശനം. സമാരാദ്ധ്യയായ വനിത!" ഈ അഭിപ്രായത്തോടു ഞാൻ സർവ്വാത്മനാ യോജിക്കുന്നു.

*          *          *          *

## കീർത്തിയെന്ന നീർക്കുമിള

സമ്പത്തിനും കീർത്തിയ്ക്കും അത്യാഗ്രഹപ്പെടുന്നവർ ശേഷിക്കുന്നതു് അസ്വാസ്ഥതയും അശാന്തിയുമായിരിക്കും. എന്തൊരു മറയത്തരം! അങ്ങിനേയുള്ള ധനവാൻ മനസ്സമാധാനം നേടുന്ന കാര്യത്തിൽ പരമദരിദ്രനായിരിക്കും. അയാൾ സ്വർണ്ണം ആകാശംമുട്ടെ കുമിച്ചിരിക്കാം. പക്ഷേ അതു് അയാൾക്കും അവകാശികൾക്കും ഹൃദയശല്യമുണ്ടാക്കിക്കൊണ്ടിരിക്കാൻമാത്രം പ്രയോജനപ്പെടും. വാഹനങ്ങൾ, കുററൻകുതിരകൾ, ആഭരണങ്ങൾ, മേനിമിനുക്കങ്ങൾ! ഇവയൊക്കെ അറിവുള്ള ജനങ്ങൾക്കു് കേവലം അവജ്ഞാപാത്രങ്ങൾ!

കനകക്കൂട്ടങ്ങളെ കാട്ടിലെറിയുക, ആഭരണങ്ങളെ അഗാധഗത്തങ്ങളിലേയ്ക്കു തള്ളുക, ഇങ്ങനെയുള്ള ബാലിശവസ്തുക്കൾക്കുവേണ്ടി തൻെറ സകലതിനേയും പണയപ്പെടുത്തുന്നയാൾ വെറും പമ്പരവിഡ്ഢിയായിത്തീരുകയാണു ചെയ്യുന്നതു്. പിന്നെ, സ്ഥാനമാനങ്ങളുടെ കാര്യം പറയുകയാണെങ്കിൽ—ഒരു വലിയ പേരു് ലോകത്തിൽ ശേഷിപ്പിക്കുക എന്നതു കൂടിയേ തീരു എന്ന സംഗതിയാണൊ? സ്ഥാനമാനമുള്ള ഒരാൾ യഥാത്ഥമഹത്വത്തിൽനിന്നും വിദൂരസ്ഥനായിരിക്കാം. കാര്യമായി യാതൊന്നും സാധിച്ചിട്ടില്ലാത്ത ഒരു മറയൻ കേവലം കുടുംബനിലമാത്രംകൊണ്ടു ലോകത്തിൽ വലിയ ആളായി കഴിഞ്ഞുവെന്നു വരാം. മെൻഷിയസ്, കൺഫ്യൂഷിയസ് എന്നീ മഹാന്മാർ പദവികളെ എത്ര നിസ്സാരമായാണു് കരുതിയതെന്നും ലോകരുടെ വിലയിരുത്തലിനെ എത്രമാത്രം അഗണ്യമാക്കിയാണു് മരണമടഞ്ഞതെന്നും ചിന്തിച്ചു നോക്കുക.

വലിയ പേരു കിട്ടുക എന്നതിനെ സാധാരണമനുഷ്യൻ എന്തൊരാവേശത്തോടുകൂടി ആഗ്രഹിക്കയും വിലമതിക്കയും ചെയ്യുന്നു! എന്നാൽ കുറവും കുററവും ആരോപിക്കുന്നവനും അതേമാതിരിതന്നെയാണല്ലൊ വിസ്മൃതിത്തിരയ്ക്കുള്ളിലേയ്ക്കു മറയുന്നതു്. അങ്ങിനെയിരിക്കെ, തൻെറ കാലം കഴിഞ്ഞിട്ടു് തൻെറ കീത്തി കുറെ നിലനിൽക്കണമെന്നാശിക്കുന്നതു് വിഡ്ഢിത്തമല്ലെ? അപ്രകാരം ചെയ്യുന്നവർ വെറും നശ്വരമായ അഭിപ്രായത്തിൻെറ അടിമകൾ മാത്രമായിത്തീരുന്നു.

ഇതു് നമ്മെ മറെറാരു പ്രശ്നത്തിലേയ്ക്കു്—അതായതു് ജ്ഞാനസമ്പാദനത്തിനായി വെമ്പൽകൊള്ളുന്നവരെക്കുറിച്ചുള്ള ചിന്തയിലേയ്ക്കു്—ആനയിക്കുന്നു. വിജ്ഞാനമെന്നതു് മററുള്ളവരിൽനിന്നു് അല്പാല്പമായി ലഭിക്കുന്നതോ പുസ്തകങ്ങളിൽനിന്നു ഗ്രഹിക്കുന്നതോ മാത്രമാണെന്നാണു് പൊതുവേയുള്ള ധാരണ. എന്നാൽ അതു് യഥാർത്ഥജ്ഞാനമാകുന്നില്ല. 'ജ്ഞാനമെന്നതു് പിന്നെ എന്താണു്? കേവലസത്യം എന്നതിലേയ്ക്കു കടന്നുചെല്ലുമ്പോൾ ശരിയും തെററും രണ്ടും ഒന്നുതന്നെയെന്നു കാണാം. അങ്ങിനെയാണെങ്കിൽ സദാചാരം എന്നതിനെ നിർവ്വചിക്കുന്നതെപ്രകാരമാണു്? അതു ദയനീയമായ ഒരു വസ്തുതയാണു്. യഥാർത്ഥജ്ഞാനം ഒരു മനുഷ്യനിൽ താനേ ജനിക്കയും അയാളോടുകൂടി മരിക്കയും ചെയ്യുന്നു. അതു കൈമാററം ചെയ്യാവുന്ന ഒന്നല്ല. യഥാർത്ഥജ്ഞാനിയെ സദ്വൃത്തരുടെ വർഗ്ഗത്തിൽ ഉൾപ്പെടുത്തുകയൊ മറ്റുള്ളവർക്കു് അവകാശപ്പെടുകയൊ ചെയ്യാൻ പാടില്ല. അയാളുടെ നില ജ്ഞാനം, ജഡത്വം, മുതൽ കുമിച്ചുകൂട്ടൽ, ദീപാളിത്വം ഈ മാതിരി കാര്യങ്ങൾക്കൊക്കെ അപ്പുറമാണു്. അങ്ങിനെ സമ്പത്തിനും പെരുമയ്ക്കുംവേണ്ടി മണ്ടി നടക്കുന്നവൻ വാസ്തവത്തിൽ മായയിൽ ഉഴലുകയാണു്. പരമാർത്ഥമാലോചിച്ചാൽ അങ്ങിനെയൊന്നും ഇല്ലതന്നെ. പിന്നെ എന്തിനായി നാം അവയെ ആഗ്രഹിക്കണം?

*   *   *   *

ഒരു യുവപുരുഷൻ

ശരത്കാലം പ്രശാന്തരമണീയവും നീലിമകലൎന്നുമായ ആകാശത്താൽ ജീവരാശികളെ ആനന്ദിപ്പിച്ചുകൊണ്ടു് അങ്ങിനെ കഴിയുന്നു. പ്രായംചെന്ന വൃക്ഷശാഖകളുടെ നിബിഡഛായയ്ക്കിടയിൽ ആകൎഷകമായ ഒരു ഭവനം കാണുന്നു. അങ്ങോട്ടുചെന്നു്, വാടിവീണപുഷ്പങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്ന അവിടത്തെ തോട്ടം സന്ദശിച്ചു് അതിനെക്കുറിച്ചുള്ള ചിന്തയിൽ കുറഞ്ഞൊന്നു മുഴുകാതെയിരിക്കുന്നതെങ്ങിനെ? അവിടെ ഞാൻ പ്രവേശിച്ചപ്പോൾ ആകപ്പാടെ ഒരു ശൂന്യത എനിക്കനുഭവപ്പെട്ടു. തെക്കേ ജാലകത്തിൻെറ അഴിക്കതകു് ചേൎത്തടച്ചിരുന്നതു് ആ ഭവനം ഉപേക്ഷിക്കപ്പെട്ടതാണെന്നു തോന്നിച്ചു. ഏതായാലും ഞാൻ കിഴക്കുവശത്തേയ്ക്കു പോയി. അവിടെ വാതിൽ തുറന്നുകിടക്കുന്നു. മുളംചീളികൊണ്ടുണ്ടാക്കിയ വെളിയടയ്ക്കുടിയിൽക്കൂടി നോക്കിയപ്പോൾ വീട്ടിനുള്ളിൽ ഒരാൾ ഇരിക്കുന്നതു കണ്ടു. അയാളുടെ മുമ്പിലുള്ള മേശപ്പുറത്തു് ഒരു പുസ്തകം തുറന്നു വച്ചിരിക്കുന്നു. അയാൾക്കു് ഏതാണ്ടു് ഇരുപതു വയസ്സോളം പ്രായം കാണും. കുലീനതയുടേയും ആത്മവിശ്വാസത്തിൻേറയും ലക്ഷണങ്ങൾ ആ യുവാവിൽ വിളങ്ങിയിരുന്നു. ഇതാരായിരിക്കാം? ആ പ്രശ്നത്തിനു് ഉത്തരം കാണാൻ വലിയൊരു സംഭാവനതന്നെ നൽകാനും ഞാൻ തയ്യാറായിരുന്നു.

മുളകൊണ്ടുണ്ടാക്കിയ ഒരു സാധാരണവാതിലിൽക്കൂടി യുവാവായ ഒരുവൻ ഇറങ്ങിവരുന്നതു ഞാൻ കണ്ടു. അയാൾ മനോഹരവൎണ്ണമുള്ള ഉടുപ്പും ഗരായിയും ധരിച്ചിരി

ക്കുന്നതും അയാളിൽ വിളങ്ങിയിരുന്ന ആഭിജാത്യലക്ഷണങ്ങളും നേരിയ നിലാവെളിച്ചത്തിൽ എനിക്കു കാണാമായിരുന്നു. ഭൃത്യനായ ഒരു കൌമാരപ്രായക്കാരൻ പുറകെ പോകുന്നുണ്ടായിരുന്നു. നെൽപ്പാടത്തിൽക്കൂടി വളരെ ദൂരം നടക്കുക കാരണം അയാളുടെ മോടിയുള്ള വസ്ത്രങ്ങൾ ഹിമബിന്ദുക്കളേററു നനഞ്ഞു. അതേ സമയം ആ യുവാവു് വിദഗ്ദ്ധരീതിയിൽ ഓടക്കുഴൽ വായിക്കുന്നുണ്ടായിരുന്നു. ആ മോഹനഗീതം വെറും കൃഷീവലന്മാക്കു് എത്ര കണ്ടു രസിക്കാനാണു് എന്നിങ്ങനെ ഞാൻ ചിന്തിച്ചു. അയാൾ എങ്ങോട്ടേക്കാണു് യാത്ര തിരിച്ചിരിക്കുന്നതെന്നു് അറിയാനുള്ള ജിജ്ഞാസകൊണ്ടു് ഞാൻ അയാളുടെ ഗതി സൂക്ഷിച്ചു. ഒരു കുന്നിൻെറ അടിവാരത്തുള്ള ദേവാലയത്തിൽ അയാൾ ചെന്നു കയറി. ആ ക്ഷേത്രനടയിൽ സാധാരണയിൽ കവിഞ്ഞ ആഡംബരത്തോടുകൂടിയ ഒരു വണ്ടി നിൽക്കുന്നു. തലസ്ഥാനനഗരിയിലാണെങ്കിൽതന്നെയും ആളുകളുടെ ശ്രദ്ധ കൂടുതൽ ആകർഷിക്കുന്ന വിധത്തിലുള്ളതായിരുന്നു ആ വാഹനം. അതു കണ്ടിട്ടു്, ആരായിരിക്കാം അതിൽ കയറിവന്നതെന്നു് ഞാൻ അവിടെനിന്ന വാല്യക്കാരനോടു ചോദിച്ചു. അവിടെ എന്തോ പരിശുദ്ധകമ്മത്തിൽ പങ്കുകൊള്ളാനായി രാജകുമാരനെ പ്രതീക്ഷിക്കുന്നുവെന്നായിരുന്നു അയാളുടെ മറുപടി. അനേകം ഭിക്ഷുക്കൾ ആ രാത്രിയിലെ തണുപ്പുകാറേററുകൊണ്ടു് ക്ഷേത്രമുററത്തു നിൽക്കുന്നുണ്ടു്. സുഗന്ധവസ്തുക്കൾ പൂശിയ മഹിളാമണികൾ വരാന്തയിൽനിന്നു് രാത്രി കഴിച്ചുകൂട്ടേണ്ട മുറിയിലേയ്ക്കു പോയി. അക്കൂട്ടർ ശീതബാധയകററാനായി അ

രമനയിലെന്നപോലെ വസ്ത്രങ്ങൾ ധരിച്ചിരുന്നു. ശരത് കാലത്തു തോട്ടത്തിൽ തഴച്ചു വളൎന്നിരുന്ന പുൽപ്പടപ്പിൽ മഞ്ഞുതുള്ളികൾ പററിയിരുന്നു. അനേകം ചീവീടുകൾ അവിടെ ചിലയ്ക്കുന്നുണ്ടായിരുന്നു. മുളംകുഴലിൽനിന്നു വെള്ളം ഒഴുകുന്ന ശബ്ദത്തിനു് ഒരു സവിശേഷരസികത്വം ഉള്ളതായി അനുഭവപ്പെട്ടു. അരമനയ്ക്കു മുകളിലത്തെക്കാൾ ത്വരിതഗതിയിൽ ഗ്രാമത്തിലെ വിയന്മണ്ഡലത്തിലൂടെ മേഘസമൂഹം സഞ്ചരിക്കുന്നതായും ചന്ദ്രൻ കൂടുതൽ വേഗത്തിൽ പ്രകാശത്തിൽനിന്നും മങ്ങലിലേയ്ക്കു മാറിക്കൊണ്ടിരിയ്ക്കുന്നതായും എനിക്കു തോന്നി.

* * * *

നിഴലുകൾ

രുയോക്കാകുസോജോ വളരെ ചീത്ത മനുഷ്യനും അക്രമസ്വഭാവിയുമായ ഒരു ഭിക്ഷുവായിരുന്നു. അദ്ദേഹത്തിന്റെ ദേവാലയത്തിനു സമീപം ഒരു വലിയ ചീനച്ചൊറിയണമരം നിന്നിരുന്നു. ജനങ്ങൾ ഈ ഭിക്ഷുവിനു് ചൊറിയണാചാൎയ്യൻ എന്ന പരിഹാസപ്പേരിട്ടു. അതു കേട്ടു് ആ മനുഷ്യൻ അരിശംകൊണ്ടിട്ടു് ചൊറിയണവൃക്ഷത്തെ വെട്ടിമുറിപ്പിച്ചു കളഞ്ഞു. അതിന്റെ മൂട്ടതടി അവിടെ ശേഷിച്ചു. പിന്നീടു് ആളുകൾ അദ്ദേഹത്തെ മൂട്ടതടിസ്സന്ന്യാസി എന്നു വിളിച്ചു തുടങ്ങി. അതു് ആ ഭിക്ഷുവിനെ കൂടുതൽ ശുണ്ഠിപിടിപ്പിച്ചു. അദ്ദേഹം മൂട്ടതടിയെ പിഴുതു മാററി. അതിന്റെ സ്ഥാനത്തു് ഒരു പൊട്ടക്കുഴിമാത്രം കാണ്മാനുണ്ടായിരുന്നു. നാട്ടുകാർ അതുകൊണ്ടൊന്നും അടങ്ങിയില്ല. അവർ അദ്ദേഹത്തെ പൊട്ടക്കുഴി പുരോഹിതൻ എന്നു നാമകരണം ചെയ്തു.

മുമ്പൊരിക്കൽ 'പരമപൂജനീയ മടിശ്ശീലമുറിയൻ' എന്ന പേർ സിദ്ധിച്ച ഒരു പുരോഹിതനുണ്ടായിരുന്നു. ഈ സാധു മനുഷ്യൻ പലപ്പോഴും പെരുവഴിക്കൊള്ളക്കാരുടെ ഇടയിൽ അകപ്പെടാനും കൈയിലുള്ള മുതൽ മുഴുവൻ അവക്കു കാഴ്ച വയ്ക്കാനും ഇടയായിട്ടുണ്ടു്. ഇങ്ങനെയുള്ള നിർഭാഗ്യയോഗം കാരണമാണു് അദ്ദേഹത്തിനു ഇപ്രകാരമൊരു നാമകരണം സംഭവിച്ചതു്.

## അചാരരസികത്വം

ക്യോമിഡ്ഡുഃക്ഷേത്രത്തിലേയ്ക്കു പോയ ഒരു തീർത്ഥാടനക്കാരനു് മാർഗ്ഗമദ്ധ്യേ ഒരു പ്രാചീന സന്ന്യാസിനിയുടെ കൂട്ടു ലഭിച്ചു. ആ സ്ത്രീ ഓരോ ചുവടു നടക്കുമ്പോഴും കുസാമേ, കുസാമേ (ഒരു തുമ്മൽ ഒരു തുമ്മൽ) എന്നു പറഞ്ഞിരുന്നു. തുടർച്ചയായി ഇതു കേൾക്കയാൽ ക്ഷമ നശിച്ച തീർത്ഥാടകൻ "പൂജനീയയായ സന്ന്യാസിനീ! അവിടന്നു് എന്താണു് ഒരു തുമ്മൽ ഒരു തുമ്മൽ എന്ന വാക്കുകൾ ഇങ്ങനെ 'ആവർത്തിച്ചുകൊണ്ടിരിക്കുന്നതു്" എന്നു ചോദിച്ചു. അതിനവർ ഉത്തരം പറഞ്ഞില്ല. ഒരു തുമ്മൽ എന്ന ജപം മുറയ്ക്കു തുടന്നു. വീണ്ടും അയാൾ ചോദ്യംകൊണ്ടു് അവരെ അലട്ടി. ഒടുവിൽ അരിശത്തോടെ സന്ന്യാസി പറഞ്ഞു: "എന്താ ഇതു്! ഒരാൾ തുമ്മാൻ തുടങ്ങിയാൽ ആരെങ്കിലും 'ഒരു തുമ്മൽ' എന്നു് ആവർത്തിച്ചു പറഞ്ഞില്ലെങ്കിൽ തുമ്മൽ അയാളെയുംകൊണ്ടു പോകുമെന്നുള്ള പഴമൊഴി നിങ്ങൾ കേട്ടിട്ടില്ലേ? ഞാൻ പോയിപർവ്വതത്തിൽ വസിക്കുന്ന ഒരു ചെറുപ്പക്കാരന്റെ ധാത്രിയുംകൂടിയാണു്. ഈ നിമിഷത്തിൽ ആ യുവാ

വു് തുമ്മുന്നുണ്ടോ എന്നാക്കറിയാം? അതുകൊണ്ടു് എല്ലാ സമയവും ഞാൻ ഇങ്ങനെ പറഞ്ഞുകൊണ്ടു നടക്കുക എന്ന പതിവു് സ്വീകരിച്ചിരിക്കയാണു്.”

ഇതു് ഒരുതരം രസികത്വത്തിൻെറ പാരമ്യമാണെന്നു നമുക്കു സമ്മതിക്കണ്ടേ?

*    *    *    *

വ്യത്ഥമായ പശ്ചാത്താപം

“ഒരു മാൎഗ്ഗസഞ്ചാരത്തിന്നിടയിൽ പ്രായത്തെ കരുതി താമസിക്കുന്നതു് വിഹിതമല്ല. പിഞ്ചുയുവാക്കളുടെ പ്രേതകുടീരങ്ങൾ അപ്രകാരമുള്ള താമസത്തിന്നെതിരായി വിളികൂട്ടുന്നില്ലേ?”

യാതൊരു മുന്നറിയിപ്പും കൂടാതെ രോഗം ഒരാളെ പിടികൂടുകയും ലോകരാൽ അയാൾ ഉപേക്ഷിക്കപ്പെടുകയും ചെയ്യുമ്പോഴാണു് അപരിഹാൎയ്യമായ സംഗതിക്കായി വൃഥാ ഖേദിക്കുക എന്നതെന്താണെന്നു് അയാൾക്കു് അനുഭവപ്പെടുന്നതു്. ഖേദം! അതിൻെറ ഏററവും സൌമ്യമായ രൂപം എന്താണെന്നു പറയാം. അനാവശ്യമായി ചിലവഴിച്ച സമയങ്ങൾ—അതായതു്, കാലാനുസരണം പ്രവൃത്തികളിൽ ഏൎപ്പെടാതെ സംശയിച്ചു കഴിഞ്ഞതു്; ബുദ്ധിപൂൎവ്വം സമയം കാത്തിരിക്കാതെ മറയത്തരംമൂലം ധൃതികൂട്ടി കുഴപ്പത്തിൽ ചെന്നുചാടിയതു്— ഇങ്ങനെ കഴിഞ്ഞതിനെക്കുറിച്ചുള്ള പശ്ചാത്താപമാണു്. അവസാനം എത്തിക്കഴിഞ്ഞിട്ടു് പിന്നെയിരുന്നു ഖേദിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്?

സെൻ റിൻ നോജൂവിൻ എന്ന ഗ്രന്ഥത്തിൽ വളരെക്കാലംമുമ്പു ചരമമടഞ്ഞ ഒരു സിദ്ധൻെറ കഥയുണ്ടു്. ആളുകഠം ചെന്നു് അവരുടേയോ മററുള്ളവരുടേയോ വല്ല പ്രധാന കാൎയ്യത്തേയും സംബന്ധിച്ചു് അദ്ദേഹത്തിൻെറ ഉപദേശം ആവശ്യപ്പെട്ടമ്പോഠം അദ്ദേഹം പറയാറുള്ളതു് ഇതാണു്. "എൻെറ അതിപ്രധാനമായ ഒരിടപാടിനെക്കുറിച്ചു ഞാൻ അത്യധികം ചിന്താകുലനായിരിക്കയാണു്. ഒരു പക്ഷേ ഈ നിമിഷത്തിൽ അതു് അടിയന്തരമായ ഒരു ജിവൽപ്രശ്നമായിത്തീൎന്നേയ്ക്കാം." ഇങ്ങനെ പറഞ്ഞിട്ടു പിന്നെ താൻ ഒന്നും കേഠംക്കുന്നില്ലെന്ന മട്ടിൽ ധ്യാനനിമഗ്നനായിരുന്നേയ്ക്കും. ഈ വിധത്തിൽ അദ്ദേഹം മോക്ഷം സമ്പാദിച്ചു.

മറെറാരു ജ്ഞാനിയായ ഷിൻറായിയുടെ കാൎയ്യംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. മനുഷ്യജീവിതത്തിൻെറ ക്ഷണഭംഗുരത നല്ലവണ്ണം മനസ്സിലാക്കിയ ആളായിരുന്നു അദ്ദേഹം. അതുകൊണ്ടു ദിവസേന ധ്യാനത്തിലും സമാധിയിലും എത്രനേരം കഴിച്ചാലും അതു് അധികമായിപ്പോകയില്ലെന്നു് അദ്ദേഹം കരുതിയിരുന്നു.

*   *   *   *

**അറിയാത്തതു ചോദിച്ചറിയുക.**

നിന്നാ ദേവാലയത്തിലെ ഒരു യോഗി 'നിൎമ്മലശിലാംബു' ക്ഷേത്രം സന്ദൎശിച്ചിട്ടില്ലായിരുന്നു. അദ്ദേഹത്തിനു വാൎദ്ധക്യകാലമായപ്പോഠം ആ സ്ഥലത്തേയ്ക്കു് ഒരു തീൎത്ഥയാത്ര പോകണമെന്നുള്ള അഭിനിവേശമുണ്ടായി. അദ്ദേഹം തനിയേ അങ്ങോട്ടു തിരിച്ചു. നിൎമ്മലശിലാം

ബുക്ഷേത്രമാണെന്നു തെററിദ്ധരിച്ചുകൊണ്ടു് അതിൻെറ ഉപദേവാലയങ്ങളായ നന്ദനോദ്യാനക്ഷേത്രത്തിലും കോറാക്ഷേത്രത്തിലും ദശ്നം നടത്തി. അതിനപ്പുറമെങ്ങും പോയതുമില്ല. സംതൃപ്തനായി മടങ്ങിവന്നശേഷം ഒരു സ്നേഹിതനോടു സംസാരിച്ച കൂട്ടത്തിൽ നിമ്മലശിലാംബുക്ഷേത്രം താൻ വിചാരിച്ചിരുന്നതിനെയൊക്കെക്കാഠം ഗംഭീരമായിരുന്നുവെന്നു പ്രസ്താവിച്ചു. അദ്ദേഹം തുടന്നു: "അവിടെവച്ചു് ഒട്ടധികം ആളുകഠം ഒരു മലയുടെ മുകളിൽ കയറിപ്പോകുന്നതു കണ്ടു. അവരെ ആകഷിക്കാൻ തക്കവണ്ണം അവിടെ എന്തുണ്ടായിരിക്കുമെന്നു ഞാൻ അത്ഭുതപ്പെട്ടു. അങ്ങോട്ടു കയറിച്ചെന്നു നോക്കട്ടെയോ എന്നു ഞാൻ ആലോചിച്ചു. പക്ഷേ നിമ്മലശിലാംബുക്ഷേത്രത്തിലെ ദശ്നത്തിനുശേഷം അപ്രകാരം ചെയ്യുന്നതു വിഹിതമല്ലാത്തതുകൊണ്ടു ഞാൻ അതിനൊരുമ്പെടാതെ മടങ്ങി."* ഇതിൽനിന്നു തെളിയുന്ന ഗുണപാഠം, നിങ്ങഠം പോകുന്നതു് എങ്ങോട്ടാണെന്നു യാതൊരറിവുമില്ലെങ്കിൽ അതു സംബന്ധിച്ചുവേണ്ട വിവരം സ്വന്തം പ്രൌഢിമൂലം അറിവുള്ളവരോടു ചോദിക്കാൻ മടിക്കരുതു് എന്നാണു്.

* * * *

പാത്രന്യത്തം

നിന്നാദേവാലയത്തിലെ മറെറാരു ഭിക്ഷുവിനെക്കുറിച്ചു നേരംപോക്കായ ഒരു കഥയുണ്ടു്. ഒരിക്കൽ ഒരു

---

* ഒരു മഹാക്ഷേത്രത്തിൽ ദശ്നം കഴിച്ചശേഷം വെറും തമാശകഠം കാണാൻ പോകുന്നതു നിഷിദ്ധമാണെന്നായിരുന്നു സജ്ജനമതം.

ബാലനു സന്ന്യാസം നല്കുന്ന ചടങ്ങു നടക്കുകയായിരുന്നു. ധാരാളം മദ്യവും തമാശകളുമായി ആ അടിയന്തരം ആഘോഷിച്ചു. അവിടത്തെ ഉത്സാഹപ്രകർഷത്തിനിടയിൽ ഒരാൾ വെള്ളം തിളപ്പിക്കുന്ന ഇരുമ്പുപാത്രമെടുത്തു തലയിൽ കമിഴ്ത്തി. അതു് അയാളുടെ മുഖവും കണ്ണവും പൊതിഞ്ഞിരുന്നു. അതും വച്ചുകൊണ്ടു് ആ മനുഷ്യൻ വെറും ബീഭത്സനൃത്തം തുടങ്ങി. ഒടുവിൽ അയാൾക്കു് ഈ പുതിയ തലപ്പാവു മാററണമെന്നു തോന്നി. പക്ഷേ സാദ്ധ്യമല്ല. അയാൾ എത്രയൊക്കെ ബലം പ്രയോഗിച്ചിട്ടും അതു് ഒരു ശകലംപോലും ഊരിയെടുക്കാൻ കഴിവില്ലാതായി. ഇത്രയുമായപ്പോൾ ആളുകളുടെ ഇടയിൽ തമാശയെല്ലാം നിലച്ചു. അവരെല്ലാം അമ്പരന്നു് ഇതികർത്തവ്യതാമൂഢരായി മിഴിച്ചുനിന്നു. പാത്രം വലിച്ചെടുക്കാൻ ചെയ്ത ശ്രമത്തിൽ നൃത്തക്കാരൻ അയാളുടെ കഴുത്തിനെ വല്ലാതെ മുറിപ്പെടുത്തി. സദസ്യരുടെയെല്ലാം കണ്ണിൻ മുൻപിൽവച്ചു് അയാൾ ശ്വാസംമുട്ടി മരിക്കാൻ ഇടയാകുമെന്നു് അവൎക്കു തോന്നി. അവരെല്ലാം കൂടി ആ ഇരുമ്പുപാത്രത്തെ അടിച്ചു കഷണങ്ങളാക്കി പൊട്ടിച്ചെടുക്കാൻ ഉദ്യമിച്ചു. അവരുടെ തല്ലുകളും തന്മൂലമുള്ള ശബ്ദവും നൃത്തക്കാരനെ ഏതാണ്ടു മരവിപ്പിച്ചുവെന്നുതന്നെ പറയാം. ഒടുവിൽ വെറും നിരാശമാത്രം ശേഷിച്ച അവർ അയാളുടെ തലയിലെ പാത്രത്തിനു മുകളിൽ ഒരു വസ്ത്രം എടുത്തു മൂടി അയാൾക്കു് ഊന്നി നടക്കാൻ ഒരു വടിയും കൊടുത്തു് ഒരു അന്ധനെയെന്നപോലെ കൈയ്ക്കു പിടിച്ചു നടത്തി കിയോട്ടോവിലെ ഒരു

വൈദ്യന്റെ അടുക്കൽ കൊണ്ടുചെന്നു. ഇരുമ്പുപാത്രം കൊണ്ടു കഴുത്തുവരെ മറഞ്ഞ ആ മനുഷ്യൻ ഒരു വിശേഷ വസ്ത്രവും മൂടുപടമായി ധരിച്ചുകൊണ്ടു വൈദ്യന്റെ മുൻപിൽ നില്ക്കുന്ന കാഴ്ചയും ആളുകൾ അതു കണ്ടു മിഴിച്ചു നിന്നതും എങ്ങിനെയായിരിക്കുമെന്നു ചിന്തിച്ചു നോക്കുക! അയാൾ സംസാരിക്കാൻ ശ്രമിച്ചു. എന്നാൽ എന്തോ അഗാധതയിൽനിന്നു വരുന്നതുപോലുള്ള അവ്യക്തമായ ഒരു മന്ദ്രധ്വനി മാത്രമേ പുറത്തു കേട്ടുള്ളു.

ചികിത്സയ്ക്കായ് വന്നിട്ടുള്ള കൂട്ടത്തിൽ ഇതു് ഏററവും അസാധാരണമായ ഒന്നാണെന്നു വൈദ്യൻ അഭിപ്രായപ്പെട്ടു. എന്നല്ല, താൻ പഠിച്ചിട്ടുള്ള ഗ്രന്ഥങ്ങളിലോ ശ്രവിച്ചിട്ടുള്ള പ്രസംഗങ്ങളിലോ ഇങ്ങനെയൊരു രോഗത്തെക്കുറിച്ചോ അതിനു് എന്തു പ്രതിവിധിയുണ്ടെന്നോ ഒന്നും കണ്ടിട്ടും കേട്ടിട്ടുമില്ലെന്നും വൈദ്യൻ പ്രസ്താവിച്ചു. അതിനുശേഷം അദ്ദേഹം രോഗിയേയും കൂട്ടരേയും ക്ഷേത്രത്തിലേയ്ക്കുതന്നെ മടക്കി അയച്ചു. അവിടെ അവർ നൃത്തക്കാരനെ ഒരു കിടയ്ക്കയിൽ കിടത്തി. അയാളുടെ മാതാവും ബന്ധുജനങ്ങളും ആ യുവാവിന്റെ ദയനീയാവസ്ഥ കണ്ടു ചുററുംനിന്നു വിലപിച്ചു. അവരുടെ കരച്ചിൽകൊണ്ടു് ആ ഇരുമ്പുപാത്രത്തിനു യാതൊരു കുലുക്കവും ഉണ്ടായില്ല. സമീപത്തുനിന്ന ഒരാൾ കുറെ ആലോചിച്ചിട്ടു പറഞ്ഞു: "ഇരുമ്പുപാത്രത്തെ ബലം പ്രയോഗിച്ചു വലിച്ചൂരി എടുക്കണം. അതുകാരണം അയാളുടെ ചെവിയും മൂക്കും ഒരുപക്ഷേ പറിഞ്ഞുപോയാലും ജീവനെ രക്ഷിക്കാമല്ലോ." അങ്ങിനെയാകട്ടെയെ

നു പറഞ്ഞു് അവർ കുറെ വയ്ക്കോലെടുത്തു പാത്രത്തി ന്റെ വക്കിൽ ചൊരുകി വച്ചുകൊണ്ടു് അവർ ശക്തി യോടെ പാത്രത്തിൽ പിടിച്ചു വലിച്ചു തുടങ്ങി. നൃ ത്തക്കാരനു് അയാളുടെ തലയുംകൂടി അതോടൊന്നിച്ചു പോവുകയാണെന്നു തോന്നി. ഒടുവിൽ അയാളുടെ ചെ വിയേയും മൂക്കിനേയും കഠിനമായി മുറിപ്പെടുത്തിക്കൊ ണ്ടു് ഒരു വിധത്തിൽ പാത്രം ഊരിയെടുത്തു. ആ മനു ഷ്യനു പിന്നീടു വളരെ ദിവസം കിടപ്പിൽ കഴിയേണ്ടി വന്നു. പക്ഷേ അങ്ങിനെയാണെങ്കിലും അയാൾക്കു ജീ വനോടിരിക്കാൻ സാധിച്ചല്ലോ!

* * * *

ഭിക്ഷുജീവിതം

ഒരാൾക്കു് അയാളുടെ ഇഷ്ടംപോലെ ജീവിതം ന യിക്കാമെന്നും വീട്ടിലും പുറത്തും സ്വന്തക്കാരുടേയും ബ ന്ധുജനങ്ങളുടേയും ഇടയിൽ കഴിയുമ്പോഴും ശരിയായ ആത്മീയജീവിതത്തിൽ ഏർപ്പെടാമെന്നും ആരെങ്കിലും പറയുന്നെങ്കിൽ അങ്ങിനെ അഭിപ്രായപ്പെടുന്നവർക്കു ലോ കത്തെക്കുറിച്ചു വലിയ അറിവൊന്നുമില്ലെന്നു കരുതണം. മറിച്ചു ചിന്തിക്കാൻ എനിക്കു സാദ്ധ്യമല്ല. ഭിക്ഷുക്കളാ യ ഞങ്ങൾ സാധാരണ ജനങ്ങളിൽനിന്നു് കുറെയൊ ക്കെ വ്യത്യസ്തരാണു്. മാററങ്ങളെക്കുറിച്ചുള്ള മാറാത്ത നിയമസന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി ജീവിക്കണ മെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങിനെയുള്ള ഞ ങ്ങൾ ചക്രവത്തിയെ സേവിക്കുകയോ കുടുംബഭാരങ്ങൾ ഏൾക്കുകയോ ചെയ്താൽ അക്കാര്യം സാധിക്കുന്നതെങ്ങി

നെ? അനശ്വരമായ ആ ശക്തിയിൽ പിടിച്ചു നില്ക്കേണ്ടതു ഞങ്ങളുടെ കത്തവ്യമാണു്. ബുദ്ധഭഗവാനെ അനുകരിക്കണമെന്നു് ആശിക്കുന്ന ഞങ്ങൾ സ്വൈരവും സമാധാനപൂണ്ണവുമായ ജീവിതം നയിക്കേണ്ടിയിരിക്കുന്നു. പക്ഷേ ഞങ്ങൾ പവ്വതങ്ങളിൽ പാക്കുകയാണെങ്കിൽ വിശപ്പും തണുപ്പുംകൊണ്ടു കഷ്ടപ്പെടാതെ കഴിയേണ്ടതു് ആവശ്യമാണു്. അതിനാൽ സുഖജീവിതം, മോടിവസ്ത്രങ്ങൾ എന്നിവയിലേയ്ക്കു തിരിയുന്നതു ഭോഗേച്ഛയെ ജ്വലിപ്പിക്കുന്നതും ആത്മീയജീവിതം അസാദ്ധ്യമാക്കുന്നതുമാണു്. എന്നാൽ ഒരു ഭിക്ഷുവിനു ജീവിതപരമായി യാതൊരാഗ്രഹവും പാടില്ലെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. അയാൾക്കും ചില അഭിലാഷങ്ങൾ വേണ്ടതാണു്. അതു വികാരങ്ങൾക്കു വശംവദരാകുന്ന സാധാരണക്കാരെപ്പോലെ ആകരുതെന്നേയുള്ളു. ഭിക്ഷുവിനു് അയാളുടെ താഴ്ന്നതരം ശയ്യയും എളിയ വസ്ത്രവും ഒരു പാത്രം ഭക്ഷണവും സസ്യച്ചാറും ആശിക്കാവുന്നതാണു്. ഏററവും മിതമായ ഈ ആവശ്യങ്ങൾ എളുപ്പത്തിൽ നിറവേററാവുന്നവയുമാണു്. തൻെറ ആത്മീയജീവിതത്തെ സംബന്ധിച്ചിടത്തോളം അയാൾ അഃശഷം ദുരഭിമാനം ഇല്ലാത്തവനായിരിക്കണം; യമനിയമാദികളിൽ ശരിയായ ശ്രദ്ധ പതിപ്പിക്കയും വേണം. അങ്ങിനെയായാൽ അയാൾക്കു കായ്യാകായ്യവിവേചനം എളുപ്പത്തിൽ സാദ്ധ്യമാകും. എന്നാൽ മരണത്തിനു വിധേയനായ മനുഷ്യനെന്ന നിലയിലും ആത്മീയപ്രകാശം ആഗ്രഹിക്കുന്നതുകൊണ്ടും ഭിക്ഷുക്കളായ

ഞങ്ങറം ലോകജീവിതത്തിൽനിന്നു വിരമിക്കേണ്ടതു് ആവശ്യമാണു്. ഞങ്ങറം സാധാരണ ജീവിതത്തിൽ ഏപ്പെട്ടാൽ അധികം താമസിയാതെ വികാരാഭിലാഷങ്ങളിൽ കുടുങ്ങിപ്പോകും. അപ്രകാരമായാൽ ബുദ്ധന്മാരുടെ ജ്ഞാനം സിദ്ധിക്കുന്നതിനുപകരം തിയ്യക്കുകളെപ്പോലെ അജ്ഞാനത്തിൽ ആണ്ടുപോകും.

*    *    *    *

## പ്രപഞ്ചത്തിൻെറ പിടിമുറക്കം

ആത്മീയമായ മഹാസംരംഭത്തിലേയ്ക്കു പ്രവേശിക്കണമെന്നു് ഒരുവൻ ആഗ്രഹിക്കുന്നുവെങ്കിൽ അതു് അയാറംക്കു തോന്നിയമട്ടിലും ഇഷ്ടാനുസരണവും ആയിക്കളയാമെന്നു കരുതുന്നതു മൌഢ്യമാണു്. അങ്ങിനെ പ്രവേശിക്കുന്നതോടുകൂടി ഈ ലോകത്തു് അയാളുടെ പ്രിയപ്പെട്ട കായ്യങ്ങളൊക്കെ നേടിക്കൊള്ളുകയും ചെയ്യാമെന്നു ചിന്തിക്കുന്നതു് അബദ്ധവുമായിരിക്കും. സ്വത്തുക്കളോടു യാത്ര പറയുക എന്നതു വിഷമമേറിയ കൃത്യമാണു്. പക്ഷേ അതെല്ലാം സധീരം ഉപേക്ഷിക്കതന്നെവേണം. എന്നാൽ സാധാരണ മനുഷ്യൻ മറിച്ചാണു് വാദിക്കുന്നതു്. "ഇന്നിന്ന കായ്യങ്ങളിൽ താല്പയ്യമായി ശ്രദ്ധിക്കേണ്ടതാണു്; അല്ലെങ്കിൽ ജനങ്ങറം എന്നെ നോക്കി ചിരിക്കും. അക്കായ്യങ്ങളൊക്കെ ശരിപ്പെടുത്തിക്കൊണ്ടുവരാൻ ഇത്ര കാലവും ചിലവഴിച്ചിട്ടു് ഇനിയിപ്പോറം എല്ലാം തള്ളിയേച്ചു് ഒരു പുതിയ ആശയത്തിലേയ്ക്കു പാഞ്ഞുകയറുക എന്നതു് അങ്ങേ അററത്തെ ദൌബ്ബല്യമായിരിക്കും." ഈ മട്ടിലായിരിക്കും അയാളുടെ മനോഗതി.

ഇരിക്കട്ടെ; അതു് അയാളുടെ മാത്രം അഭിപ്രായമേ ആകുന്നുള്ളു. ആ ചിന്താഗതിയിൽ ഉറയ്ക്കുന്തോറും പ്രപഞ്ചം അയാളുടെ മേലുള്ള പിടി മുറുക്കുകയാണു് ചെയ്യുന്നതു്. അതോടുകൂടി ലോകകാര്യവ്യഗ്രതകൾ ഒന്നിനുപുറകെ ഒന്നായി കൂട്ടത്തോടെ അയാളെ വലയം ചെയ്യും. അവയിൽനിന്നു മോചനം ലഭിക്കുന്ന കാലം അയാൾക്കു വന്നുചേരുക എന്നതു സാദ്ധ്യമല്ലാതാകും. മനുഷ്യരാശിയെ ആകമാനം നോക്കിക്കാണുമ്പോൾ ദുർബ്ബലചിത്തരായ എല്ലാരുടേയും ഗതി ഇതുതന്നെയാണെന്നു പറയാൻ സാധിക്കും.

അതുപോകട്ടെ—തന്റെ തൊട്ടടുത്തുള്ള ഭവനത്തിനു്* തീപിടിച്ചുവെന്നു വിചാരിക്കുക. "കത്തിപ്പിടിക്കട്ടെ, എനിക്കതുകൊണ്ടു് പരിഭ്രമമൊന്നുമില്ല" എന്നിങ്ങനെ ആരെങ്കിലും പറഞ്ഞിട്ടു് സ്വസ്ഥമായിരിക്കുമോ? നേരേമറിച്ചു് തന്റെ പണവും പണ്ടങ്ങളുമെല്ലാം വലിച്ചെറിഞ്ഞിട്ടു സ്വന്തം ജീവനെ രക്ഷിക്കാൻ നോക്കും. ആപത്തിൽനിന്നു രക്ഷ നേടാനായി പരക്കംപായുമ്പോൾ അതുകാരണം താൻ പരിഹാസപാത്രമാകുമോ എന്നു് ആരാണു് ചിന്തിക്കുക? ഞാൻ ഒന്നു ചോദിക്കട്ടെ—നിങ്ങളുടെ സമയവും സൌകര്യവും നോക്കിയാണോ മരണം നിങ്ങളെ സമീപിക്കുന്നതു്? വിഴുങ്ങാനായി പിൻതുടന്നുവരുന്ന തീജ്വാലയേയും സമുദ്രതരംഗത്തേയുംകാൾ നിർദ്ദയമായ മട്ടിലാണു് മരണം പാഞ്ഞുവന്നു് പിടികൂടുന്നതു്. ഭയാനകമായ ആ മുഹൂർത്തത്തിൽ മനുഷ്യൻ സകലതും കൈ

* ജപ്പാനിലെ ഭവനങ്ങൾ മുൻകാലത്തു് ഒന്നിനൊന്നു ചേത്തു് എണ്ണക്കടലാസും മററും ധാരാളം ഉപയോഗിച്ചു് പണി ചെയ്തവയായിരുന്നു.

വിടേണ്ടി വരുന്നു. വാദ്ധക്യം ബാധിച്ച തൻെറ മാതാ പിതാക്കളേയും പിഞ്ചു കുഞ്ഞുങ്ങളേയും ബഹുമാന്യരായി കരുതിയിരുന്നവരേയും സുഹൃത്തുക്കളേയും എല്ലാവരേയും വിട്ടുപിരിയുന്നതു് എത്രമാത്രം വേദനാജനകമാണെങ്കിലും അങ്ങനെ ചെയ്യാതെ ഗത്യന്തരമില്ല.

*  *  *  *

## പുരോഹിത രസികൻ

നീൻദേവാലയത്തിൽ ജോഷിൻ എന്നു പേരായ ഒരു വലിയ പുരോഹിതനുണ്ടായിരുന്നു. ബുദ്ധിമാനെന്നു് ആ ആചാര്യനു ലഭിച്ച കീർത്തിപോലെ വലുതായിരുന്നു മധുരക്കിഴങ്ങു ഭക്ഷിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആവേശവും. മധുരക്കിഴങ്ങു കിട്ടിയാൽ അതു ചവച്ചു തിന്നാനുള്ള ക്ഷമ ഉണ്ടായിരുന്നില്ല. അദ്ദേഹം അതു കണ്ടമാനം വിഴുങ്ങുകയായിരുന്നു പതിവു്. ഒരു പാത്രം നിറച്ചു് മധുരക്കിഴങ്ങു കൈ വാക്കിനു വച്ചുകൊണ്ടായിരിക്കും അദ്ദേഹം മതപ്രസംഗങ്ങൾ നടത്തുക. വാക്യങ്ങളും വാചകങ്ങളും വേർപെടുത്തുന്നതു് മധുരക്കിഴങ്ങു തീററകൊണ്ടാണു്. അതുകാരണം രോഗം ഉണ്ടായാൽ അതിനു് പ്രതിവിധിയായി അദ്ദേഹം അനുഷ്ഠിക്കാറുള്ളതു് ഒന്നോ രണ്ടോ വാരം മുഴുവൻ വിശ്രമിക്കയും അക്കാലമത്രയും കൂടുതൽ മധുരക്കിഴങ്ങു കഴിക്കയുമാണു്. എന്തു സുഖക്കേടു വന്നാലും ധാരാളം മധുരക്കിഴങ്ങു് ഉള്ളിലേയ്ക്കു കടത്തിവിടുകയാണു് ചികിത്സ. കിഴങ്ങിൻെറ ഒരു കഷണം മററാക്കും കൊടുക്കുകയില്ല. തെല്ലും ശേഷിക്കാതെ, കിട്ടുന്നതു മുഴുവൻ ഭക്ഷിക്കും. ഈ പുരോ

റിതന്നു് സ്വന്തമായി ഒരു *സെൻപോലും ഉണ്ടായിരുന്നില്ല. എന്നാൽ മതഭക്തനായ അദ്ദേഹത്തിൻെറ വൃദ്ധപിതാവു് ഏതാണ്ടു് നൂററിഅൻപതുയെന്നോളം വരുന്ന സ്വത്തും ഒരു ചെറിയ ക്ഷേത്രവും മകനുവേണ്ടി സമ്പാദിച്ചിട്ടിരുന്നു. അച്ഛൻെറ കാലം കഴിഞ്ഞ ഉടൻതന്നെ ക്ഷേത്രം വിലയ്ക്കു കൊടുത്തു. അതിൽനിന്നു കിട്ടിയ പണമത്രയും കിയോട്ടോവിൽ താമസക്കാരനായ ഒരാളെ ഏല്പിച്ചു. അതു മുഴുവൻ മധുരക്കിഴങ്ങു നിധിയാക്കി. എപ്പോഴെങ്കിലും ആ നിധിയിൽനിന്നും കുറച്ചു പണം വാങ്ങിയാൽ അതത്രയും മധുരക്കിഴങ്ങിനുവേണ്ടി ചിലവഴിക്കും. ഇങ്ങനെ അല്പാല്പമായി കരണ്ടെടുക്കുക കാരണം ആ മുതൽ നിശ്ശേഷം നശിച്ചു. ഇതറിഞ്ഞ ആളുകഠം തമ്മിൽ പറഞ്ഞു: "ഇത്ര പാവപ്പെട്ട മനുഷ്യൻ പണം ഈ മട്ടിൽ ചിലവാക്കുകയാണെങ്കിൽ നിശ്ചയമായും മതം അയാളിൽ വേരുറപ്പിച്ചിരിക്കണം."

ഒരിക്കൽ ഇദ്ദേഹം മറെറാരു പുരോഹിതനെ കണ്ടിട്ടു് [1] 'ഷാറോ ഉറാറി' എന്നു വിളിച്ചു. ഇതു കേട്ടുകൊണ്ടുനിന്ന ഒരാഠം ഒരു നടുക്കത്തോടെ ചോദിച്ചു: "അങ്ങെന്താണു് ഇങ്ങനെയുള്ള വാക്കുകഠം ഉപയോഗിക്കുന്നതു്?" അദ്ദേഹം ഈഷ്യയോടെ മറുപടി പറഞ്ഞു: "എനിക്കതറിഞ്ഞുകൂടാ. മറെറന്തെങ്കിലും ചോദിക്കൂ. ഞാൻ പറഞ്ഞമാതിരി ഒരു സാധനം എവിടെയെങ്കിലും ഉണ്ടെന്നു വരുകിൽ അതു് ഈ പുരോഹിതൻെറ സജീവപ്രതിബിം

---

* ജപ്പാനിലെ ഏററവും ചെറിയ നാണയം.

1 വലിയ തണ്ണിമത്തങ്ങ.

ബമായിരിക്കും. (ഈ പുരോഹിതന്റെ സൌന്ദയ്യം ഒരു വലിയ വെളുത്ത തണ്ണിമത്തങ്ങപോലെ ജഡമായ രീതിയിലുള്ളതാണെന്നു് മററുള്ള പുരോഹിതന്മാരെ മനസ്സിലാക്കാനാണത്രെ ഇങ്ങനെ ഉപമ ചേൎത്തു പറഞ്ഞതു്.)

ജോഷാനിന്റെ ശരീരം അരോഗവും മുഴുപ്പുള്ളതുമായിരുന്നു. കാഴ്ചയിൽ സുഭഗനാണു്. വയറിന്റെ കായ്യത്തിൽ സവിശേഷ ശ്രദ്ധ പതിപ്പിച്ചിരുന്നുവെങ്കിലും അദ്ദേഹം നല്ല പണ്ഡിതനും എഴുത്തുകാരനും പ്രാസംഗികനുമായിരുന്നു. അതുകാരണം അദ്ദേഹം സ്വവഗ്ഗത്തിന് ഒരലംകാരമായി ശോഭിച്ചു. പുരോഹിതനെന്ന നിലയിൽ അദ്ദേഹത്തെപ്പോലെ യോഗ്യതയുള്ളവർ വേറെയില്ലെന്നാണു് ആ പ്രദേശത്തുള്ളവർ കരുതിയിരുന്നതു്. ഇങ്ങനെയൊക്കെയാണെങ്കിലും ആ മനുഷ്യൻ ലോകരേയോ അദ്ദേഹത്തിന്റെ ഭായ്യയെത്തന്നേയോ അവരുടെ അഭിപ്രായത്തേയോ അശേഷം ഗണ്യമാക്കിയിരുന്നില്ല. തനിക്കു തോന്നിയതുപോലെ പ്രവത്തിക്കുമെന്നല്ലാതെ മററാരുടേയും അഭിപ്രായമോ ഉപദേശമോ ആവശ്യമില്ലെന്ന മട്ടുകാരനായിരുന്നു.

### അയാളുടെ ദിനചയ്യ

ഏതെങ്കിലും കൂട്ടത്തിൽകൂടെ ഊണിനു ചെല്ലാമെന്നു സമ്മതിച്ചിരുന്നാൽ മററുള്ളവർ ഊണു് തുടങ്ങുന്നതുവരെ നോക്കിയിരിക്കുക എന്നൊരു ചിന്തയേ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആഹാരം പാത്രത്തിലാക്കി മുൻപിൽവച്ചു കൊടുത്താൽ ആ നിമിഷംതന്നെ വാരി വിഴുങ്ങാൻ തുടങ്ങും. ഊണു് കഴിഞ്ഞാൽ പിന്നെ ഒട്ടും താ

മസിക്കാതെ യാത്രയാവുകയും ചെയ്യും. മററുള്ളവരെപ്പോലെ ഭക്ഷണം ഏതു സമയത്തൊക്കെയാണ് വേണ്ടതെന്നുള്ള നിയമമൊന്നും ഈ പുരോഹിതൻ പാലിച്ചിരുന്നില്ല. വിശക്കുമ്പോൾ ആഹാരം കഴിക്കും. അങ്ങനെ കഴിക്കുന്നതു് അദ്ധ്രാത്രിക്കോ വെളുപ്പാൻ കാലത്തോ എന്നൊന്നും നോക്കാറില്ല. നട്ടുച്ചസമയത്തു് ഉറക്കം വരുന്നതായി തോന്നിയാൽ ഉടനെപോയി കിടക്കും. അപ്പോൾ എന്തെല്ലാം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്നോ തന്നെക്കുറിച്ചു് മററുള്ളവർ എന്തു പറയുമെന്നോ അവിടെ നോട്ടമില്ല. രാത്രിയാണെങ്കിലും ഉറക്കം വന്നില്ലെങ്കിൽ എഴുന്നേററു് ഉല്ലാസപൂർവ്വം ചൂളമിട്ടുകൊണ്ടു് അങ്ങുമിങ്ങും നടക്കും. ഈ മാതിരി അസാധാരണത്വങ്ങളൊക്കെയുണ്ടെങ്കിലും ആക്കും അദ്ദേഹത്തോടു വെറുപ്പു തോന്നിയിരുന്നില്ല; അതാണു് ആശ്ചര്യം. അദ്ദേഹത്തിൻെറ വികൃതിത്തരങ്ങളൊക്കെ ശരിയായ പെരുമാററമാണെന്നു് അവർ വിചാരിച്ചിരുന്നു. ഇങ്ങനെ ജനങ്ങളിൽ ഒരു ധാരണയുണ്ടാക്കാൻ ഹേതുവായതു് ഈ പുരോഹിതൻെറ ചാപല്യങ്ങളുടെയെല്ലാം പിന്നിലായി വിളങ്ങിയിരുന്ന അദ്ദേഹത്തിൻെറ സ്വഭാവദാർഢ്യമാണെന്നു നാം സമ്മതിക്കേണ്ടതല്ലേ?

*  *  *  *

സംഭാവന കൊടുത്തയക്കൽ

ഒരിക്കൽ രാജപ്രതിപുരുഷനായ ഓക്കമോട്ടോ അദ്ദേഹത്തിൻെറ നായാട്ടുപുള്ളുസൂക്ഷിപ്പുകാരനെ വിളിച്ചു് ഒരാൾക്കു സമ്മാനമായി കൊടുത്തയക്കാൻ വേട്ടയാടിക്കി

ട്ടിയ പക്ഷികളെ കൂട്ടിക്കെട്ടി തയാറാക്കാൻ ആജ്ഞാപി ച്ചു. പുഷ്പങ്ങളുള്ള മുന്തിരിക്കൊമ്പിൽ അവയെ മാല യായി കെട്ടിത്തൂക്കണമെന്നായിരുന്നു കല്പന. സൂക്ഷിപ്പു കാരൻ അതു കേട്ടിട്ടു കൂസൽകൂടാതെ പറഞ്ഞു:—"പ്രഭോ, പുഷ്പങ്ങളുള്ള മരക്കൊമ്പിൽ പക്ഷിയെ തൂക്കിയിടാൻ പാടില്ല; എന്നല്ല ഒരേ ഒരു കൊമ്പിൽ അവയെ എല്ലാം തൂക്കുക എന്നതും കേട്ടുകേൾവി ഇല്ലാത്ത ഒരു കാൎയ്യ മാണു്."

രാജപ്രതിപുരുഷൻ കാൎയ്യക്കാരേയും പ്രാപ്തിയും പരി ചയവുമുള്ള മററു പലരേയും വിളിച്ചുവരുത്തി ആലോചി ച്ചശേഷം "നിങ്ങൾക്കു തോന്നുന്നപ്രകാരം ചെയ്യുക" എ ന്നു മറെറാരു കല്പന പുറപ്പെടുവിച്ചു.

സൂക്ഷിപ്പുകാരൻ ഉടൻതന്നെ പുഷ്പങ്ങളൊന്നുമില്ലാ ത്ത ഒരു കൊമ്പിൽ ഒരൊററ പക്ഷിയെ തൂക്കിയിട്ടു. അ ങ്ങിനെ ചെയ്തതിനു സമാധാനമായി അയാൾ ഇക്കാൎയ്യ ത്തിൽ അനുഷ്ഠിക്കേണ്ട ആചാരമുറകളെ ഇപ്രകാരം വി വരിച്ചു:—

"വേട്ടപ്പക്ഷിയെ ഒരു കുററിച്ചെടിയുടെ കൊമ്പിലാ ണു് ബന്ധിക്കേണ്ടതു്; മുന്തിരിക്കൊമ്പിലാണെങ്കിൽ അ തിൽ പൂമൊട്ടുകളോ ഏതാണ്ടു വിടരാൻ തുടങ്ങുന്ന പുഷ്പ ങ്ങളോ മാത്രമേ ഉണ്ടായിരിക്കാവൂ. അല്ലെങ്കിൽ പയിൻ വൃക്ഷത്തിൻെറ കൊമ്പു് അതിലേക്കായി ഉപയോഗിക്ക ണം. വൃക്ഷശാഖ എഴുപതംഗുലം നീളത്തിൽ ഒരു വാൾ കൊണ്ടു മുറിക്കണം. എന്നിട്ടു കൊമ്പിൻെറ അററം അ ല്പമൊന്നു ചെത്തി മിനുസപ്പെടുത്തണം. പക്ഷിയെ ന

ട്ടക്ക ബന്ധിക്കണം. അതു് വണ്ണമുള്ള കമ്പിൽ തൂങ്ങിക്കിടക്കയും അതിൻെറ നഖം മറെറാന്നിൽ വച്ചിരിക്കയും വേണം. വിസ്റ്റേറിയായുടെ നാരുകൊണ്ടായിരിക്കണം അതിനെ കെട്ടുന്നതു്. നാരിൻെറ നീളം പക്ഷിയുടെ ചിറകിലുള്ള നീണ്ട തൂവലിനു തുല്യമായിരിക്കണം. പശുവിൻെറ കൊമ്പിൽ കാണുന്നമാതിരി നാരുകൊണ്ടുള്ള ചുററിക്കെട്ടു് ഉറപ്പായിരിക്കണം. രാവിലെ ആദ്യത്തെ ഹിമപാതംകൊണ്ടു് ഭൂമുഖം വെളുത്തിരിക്കുമ്പോൾ സമ്മാനവും കൊണ്ടു് ദൂതൻ യാത്ര പുറപ്പെടണം. ഇറങ്ങുന്നതു് ഒരു വശത്തെ വാതിലിൽകൂടിയും ആചാരനിഷ്ഠയോടുകൂടിയുമായിരിക്കണം. അയാൾ നടക്കുമ്പോൾ ചുവടുവയ്ക്കാനുള്ള കല്ലിൽ ചവിട്ടിയും മഞ്ഞിൽ കാല്പാടു് അടയാളപ്പെടുത്താതെയുമിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉദ്ദിഷ്ടസ്ഥലത്തു് എത്തിയാൽ ഉടൻതന്നെ പക്ഷിയുടെ മുതുകിലുള്ള തൂവൽ കുറെ പറിച്ചു കളയണം. എന്നിട്ടു് മരക്കൊമ്പിനെ അവിടത്തെ പൂമുഖത്തിനു നേക്കു് വയ്ക്കണം. ഈ പ്രയത്നത്തിനു പ്രതിഫലമായി ഒരു വസ്ത്രം അയാൾക്കു സമ്മാനിച്ചാൽ അതിനെ അയാൾ ചുമലിൽ ഇട്ടുകൊണ്ടു് ഭക്തിപൂർവ്വം തല കുനിച്ചു് വന്ദനം നടത്തിയിട്ടു മടങ്ങിപ്പോരണം.''

"പക്ഷിയുടെ മുതുകിലുള്ള തൂവലുകൾ പറിച്ചു കളയുന്നതു് അതിനെ പുള്ളു പക്ഷി റാഞ്ചിപ്പിടിച്ചതാണെന്നു് മററുള്ളവർ ധരിക്കാനായിട്ടാണു്. എന്തെന്നാൽ പുള്ളുകൾക്കു് ഇരയാകുന്ന പക്ഷികളെ അവ മുതുകത്താണു് പിടികൂടാറുള്ളതു്.'' ഇത്രയും പറഞ്ഞിട്ടു് ആ സൂക്ഷിപ്പുകാരൻ അയാളുടെ നിവേദനം സമാപിച്ചു.

പുഷ്പങ്ങളുള്ള മരക്കൊമ്പു് ഇക്കാര്യത്തിനു് ഉപയോഗിച്ചുകൂടെന്നു പറഞ്ഞതിൻെറ ന്യായം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. 'ഇസേ മോണോ ഗട്ടാറി' എന്ന കൃതിയിൽ "ശരത്കാലത്തു് ഒരു വട്ടച്ചാവൽകിളിയെ പുഷ്പങ്ങളോടുകൂടിയ ഒരു കൃത്രിമ മുന്തിരിക്കൊമ്പിൽ ബന്ധിച്ചു് ആചാരപൂർവ്വം കൊട്ടത്തയച്ചതായി പറഞ്ഞിട്ടുണ്ടു്. അതോടുകൂടി താഴെ കാണുന്ന പദ്യശകലവും ഉണ്ടായിരുന്നു:—

പൂക്കാലമല്ലിതെന്നാലും ഞാനി
പ്പൂക്കളെൻ തോഴക്കായ് നേടി."

*            *            *            *

## ധാന്യവും ധാന്യച്ചെടിയും

ശോഷായിലെ സിദ്ധൻ രാവും പകലും മതശാസ്ത്രങ്ങൾ പഠിച്ചു് ദിവ്യശക്തികൾ സമ്പാദിച്ചു. അദ്ദേഹം ഒരു സഞ്ചാരശീലക്കാരനായിരുന്നു. ദീർഘയാത്രയ്ക്കിടയിൽ ഒരു ദിവസം അദ്ദേഹം വിശ്രമത്തിനായി വഴിയരികിലുള്ള ഒരു സത്രത്തിൽ കയറി. അവിടെ പയറിൻതണ്ടുകളിട്ടു് തികത്തിച്ചിട്ടുള്ളതിനു മുകളിൽ ഒരു പാത്രത്തിൽ പയറു് കിടന്നു തിളയ്ക്കുന്നതു കണ്ടു. അതിൽനിന്നു് വിലാപരൂപത്തിലുള്ള മറുമറശബ്ദം പുറപ്പെടുന്നതു കേട്ടിട്ടു് സിദ്ധൻ പ്രത്യേകം ശ്രദ്ധിച്ചു. ആ ശബ്ദം ഇപ്രകാരമുള്ള വാക്കുകളായി രൂപാന്തരപ്പെടുന്നുവെന്നു് അദ്ദേഹത്തിനു തോന്നി: "പയറുതണ്ടുകൾ ഞങ്ങളുടെ പിതാക്കളാണു്. എന്നിട്ടും ക്രൂരമായ ഈ ചൂടുകൊണ്ടു് അവർ ഞങ്ങളെ നിത്യം യാതന അനുഭവിപ്പിക്കുന്നു."

ഇതിനു പയറുതണ്ടുകൾ ഇങ്ങനെ മറുപടി പറഞ്ഞു: "അതെ ഞങ്ങളെ ഇങ്ങനെയിട്ടു് എരിക്കുന്നതു് ഞങ്ങൾക്കു് എത്ര കണ്ടു് ഇഷ്ടമാണെന്നാണു് നിങ്ങൾ വിചാരിക്കുന്നതു്? ദയവായി നിങ്ങളുടെ ആവലാതി പറയൽ നിറുത്തുക. ഞങ്ങളുടെ ഈ ദുരിതാവസ്ഥയിൽ നിങ്ങളുടെ സഹതാപമാണു് ഞങ്ങൾ ആശിക്കുന്നതു്!"

* * * *

ആരുടേയെങ്കിലും പേർ പറഞ്ഞു കേൾക്കുമ്പോൾ ആ ആൾ കാഴ്ചയിൽ എങ്ങനെയിരിക്കുമെന്നു് ഏതാണ്ടൊരു ഊഹം എന്നിൽ ഉദിക്കുക പതിവാണു്. എന്നാൽ അയാളെ നേരിട്ടു കാണുമ്പോൾ ഞാൻ ഉദ്ദേശിച്ചതിൽനിന്നു് വ്യത്യസ്തമായ ഒരു രൂപമാണു് അയാൾക്കുള്ളതെന്നു് മിക്കപ്പോഴും മനസ്സിലാകാറുണ്ടു്. അതുപോലെ ഏതെങ്കിലും ഒരു പഴംകഥ കേട്ടാൽ അതിൽ വിവരിക്കുന്ന ഭവനവും മററും സമീപത്തെങ്ങാനും ഉള്ളതുപോലെയും അതിലെ ആളുകളെ എനിക്കു പരിചയമുള്ളവരുടെ മാതൃകയിലും ഞാൻ വിഭാവനം ചെയ്യുക സാധാരണമാണു്. അതെന്റെ ശീലമാണു്. ഈ ശീലം മററുള്ളവക്കും ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ആളുകൾ സംസാരിക്കുമ്പോൾ ഞാൻ കേൾക്കുന്നതും ചിന്തിക്കുന്നതും എല്ലാം മുൻപു നടന്ന കാര്യങ്ങളാണെന്നു് എനിക്കു തോന്നാറുണ്ടു്. അതൊക്കെ വളരെ മുമ്പു സംഭവിച്ചതെന്നല്ലാതെ ഏതവസരത്തിലാണെന്നു് ഓർമ്മിച്ചു കാണുകയില്ല. ഇതു് സാധാരണ എല്ലാക്കുമുള്ള അനുഭവമാണോ എന്നു് ഞാൻ ആശ്ചര്യപ്പെടുന്നു.

* * * *

ചില സാധനങ്ങഠം ആവശ്യത്തിൽ വളരെയധികം ശേഖരിച്ചിരിക്കുന്നതു് ഒരുതരം സംസ്കാരഹീനതയാണെന്നാണു് എൻെറ അഭിപ്രായം. ഉദാഹരണത്തിനു്, ഒരു മുറി നിറച്ചു് അകസ്സാമാനങ്ങളിടുക, മഷിക്കുപ്പിക്കു സമീപം ഒരു പാട്ട പേനകഠം വച്ചിരിക്കുക, ശ്രീകോവിലിൽ ബുദ്ധദേവൻെറ അനേകം പ്രതിമകഠം പ്രതിഷ്ഠിച്ചിരിക്കുക, കണക്കിലധികം കല്ലും മരങ്ങളും പുല്ലും മററുംകൊണ്ടു തോട്ടം നിറച്ചിരിക്കുക, വീട്ടിൽ ഒട്ടേറെ കുഞ്ഞുങ്ങഠം ഉണ്ടായിരിക്കുക, ഒരു സ്നേഹിതനോടു വേണ്ടതിൽ കൂടുതൽ വാക്കുകഠം പറയുക, ദേവാച്ചനാവചനങ്ങളെ വൃഥാ ബഹുലമാക്കുക മുതലായവ എനിക്കു വിരോധമാണു്. എത്ര നിക്ഷേപിച്ചാലും അധികമാകാത്തതായി ഞാൻ കരുതുന്നതു പുസ്തകത്തട്ടുകളിൽ പുസ്തകങ്ങളും ചവററുകുഴിയിൽ ചവറുമാണു്.

* * * *

ലോകത്തിലെ മനുഷ്യർ തെക്കും വടക്കും കിഴക്കും പടിഞ്ഞാറും പാഞ്ഞു നടക്കുന്ന ഉറുമ്പിനേക്കാഠം എന്താണൊരു മെച്ചമുള്ളതു്? പ്രഭുക്കന്മാർ, ഏഴകഠം, വൃദ്ധജനങ്ങഠം, ചെറുപ്പക്കാർ ഇവരെല്ലാം ഓരോ സ്ഥലങ്ങളിലേയ്ക്കു ധൃതഗതിയിൽ പോകുന്നു; വീട്ടിലേയ്ക്കു തിടുക്കത്തിൽ മടങ്ങുന്നു; രാത്രി ഉറങ്ങുന്നു, രാവിലെ ഉണൎന്നെഴുന്നേൽക്കുന്നു. എന്തിനാണിതൊക്കെ? ഇവർ എന്താണു് കാട്ടിക്കൂട്ടുന്നതു്? ജീവസന്ധാരണത്തിനുള്ള വ്യഗ്രതയിൽ അവർ എല്ലായ്പോഴും ലാഭേച്ഛയുടെ തിരക്കിൽ കഴിയുന്നു. എന്തൊരു ഭാവിയെ ലാക്കാക്കിയാണു് ഇവർ പ്രയാണം ചെയ്യുന്നതു്?

വാദ്ധക്യവും മരണവും അവരെ കാത്തു നില്ക്കുന്നു. മറെറന്തുണ്ടു്? അവ രണ്ടും ത്വരിതഗതിയിൽ അടുത്തടുത്തു വരികയാണു്. അവയെ തടഞ്ഞു നിറുത്തുക സാദ്ധ്യമല്ല. ഇക്കാര്യം നിശ്ചയമായാൽ പിന്നെ ഈ ലോകത്തിനു് എന്തു് ആനന്ദം തരാൻ സാധിക്കും? ഇങ്ങനെയൊക്കെയാണെങ്കിലും ഒരു സാധാരണ മനുഷ്യനു് അപരിഹാര്യമായ പ്രകൃതിനിയമത്തെ ഭയപ്പെടാൻകൂടി സമയവും സാവകാശവുമില്ല. അയാഠം ധനത്തിനും ഖ്യാതിക്കുമുള്ള ആശാസമുദ്രത്തിൽ കിടന്നു നീന്തുകയാണു്. അതിനിടയിൽ അയാഠംക്കു നിശ്ചയിച്ചിട്ടുള്ള ജീവിതത്തിൻെറ ഇടുങ്ങിയ പരിധികളെക്കുറിച്ചു ചിന്തിക്കുന്നതിൽ അശേഷം താല്പര്യമുണ്ടാകുന്നില്ല. പിന്നെ ആരാണു് ഈ ദുർഘടാവസ്ഥയെക്കുറിച്ചു വിചാരപ്പെടുന്നതു്? വെറും മറയന്മാർ! കാരണം പ്രകൃതിയുടെ പരിവർത്തനനിയമങ്ങളെക്കുറിച്ചു് അവക്കു ബോധമില്ലാത്തതുകൊണ്ടുതന്നെ.

* * * *

യഥാർത്ഥ ആനന്ദം

ജീവിതം ഒരു മുഷിപ്പൻ ഏർപ്പാടായി തോന്നുന്നതു് ഏതുതരം ജീവികഠംക്കാണു്? ആ ചിന്താഗതി എനിക്കു മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. വിജനതയിൽ കഴിഞ്ഞുകൂടുന്ന മനുഷ്യൻെറ ജീവിതം വാസ്തവത്തിൽ നല്ലതാണു്. ലോകഗതിക്കനുസരിച്ചു നാം ജീവിക്കയാണെങ്കിൽ നമ്മുടെ ഹൃദയങ്ങഠം പണത്തിൻേറയും ഖ്യാതിയുടേയും താളത്തിനൊപ്പിച്ചു തുടിക്കും. നമുക്കു സുഹൃത്തുക്കളുമായി കഴിഞ്ഞുകൂടണമെങ്കിൽ നമ്മളുമായി ഇടപെ

ട്ടുന്നവക്ക് ഇഷ്ടമല്ലാത്ത വസ്തുതകളെക്കുറിച്ച് നിബ്ബന്ധം പിടിക്കാൻ ഒക്കുമോ? നാം തമാശ പറയണം, വാദപ്രതിവാദം നടത്തണം, കലഹിക്കണം, ആഹ്ലാദിക്കണം; ഇതെല്ലാം ചേൎന്നുള്ള ഒരനിശ്ചിതാവസ്ഥയിൽ സദാ കഴിഞ്ഞുകൂടണം. വിചാരങ്ങൾ അങ്ങുമിങ്ങുമായി പാറിപ്പറന്നു കഴിയും; അനുകൂലങ്ങളും പ്രതികൂലങ്ങളുമായ സ്ഥിതികൾ വന്നുംപോയുമിരിക്കും; ഒരു മദ്യപൻെറ സ്വപ്നം ലഹരി പിടിക്കലും പിടിപ്പിക്കലും; ശബ്ദായമാനമായ ഒരു പ്രവൎത്തനബഹളം; പ്രായം വൎദ്ധിക്കുന്തോറും ജഡതയിലേയ്ക്കും മന്ദപ്രജ്ഞതയിലേയ്ക്കും തള്ളിവിടുന്ന ഒരു പരിതസ്ഥിതി; അതോടുകൂടി സകലതിൻേറയും അവസാനം.

ഇപ്രകാരമുള്ള പ്രവൎത്തനങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിയും മനുഷ്യബന്ധങ്ങളെ ദൂരീകരിച്ചും ഭൌതികകാൎയ്യങ്ങളിൽനിന്നു വേർപെട്ടും കഴിയുന്നതിലാണു് യഥാൎത്ഥ ആനന്ദം സ്ഥിതിചെയ്യുന്നതു്. പ്രപഞ്ചസത്യം ശരിക്കു മനസ്സിലാക്കുക വിഷമമാണെന്നിരുന്നാലും മുൻപറഞ്ഞ വിധം ജീവിതം നയിക്കുന്നതുകൊണ്ടുതന്നെ ഏറെക്കുറെ സംതൃപ്തിയും ശാന്തിയും ലഭിക്കുന്നതാണു്. മാനുഷികമായ സംഗതികൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ, അവയുടെ സാദ്ധ്യതകൾ, വ്യൎത്ഥവിജ്ഞാനം എന്നിവയിൽനിന്നു് അകന്നു നില്ക്കണമെന്നു മകാ ഷാകപാൻ എന്ന ബുദ്ധമതഗ്രന്ഥം ശക്തിയായി നമ്മെ ഉപദേശിക്കുന്നു.

* * * *

ഐകരൂപ്യം

കലാകുശലത ഉൾക്കൊള്ളാത്ത ചിത്രങ്ങൾ ചുവരുകളിലും കതകുകളിലും വച്ചിരിക്കുന്നതു് കാഴ്ചയ്ക്കു് അറപ്പു

ണ്ടാക്കമെന്നു മാത്രമല്ല, അവയുടെ ഉടമസ്ഥന്റെ സംസ്കാരശൂന്യമായ മനസ്ഥിതിയെ വെളിപ്പെടുത്തുകകൂടിയാണതു്. ഒരാറം സാധാരണരീതിയിലുള്ള അകസ്സാമാനങ്ങറം വേണ്ടുവോളം മുറികളിൽ ഇട്ടുകൊള്ളട്ടെ. അക്കാൎയ്യത്തിൽ എനിക്കു പ്രതിഷേധമില്ല. എന്നാൽ അവയുടെ ആകൃതിയും ഉപയോഗക്രമവുമനുസരിച്ചു സംവിധാനം ചെയ്തിരിക്കണം. അവയിൽ അനാവശ്യമായ അലങ്കാരങ്ങളൊന്നും പിടിപ്പിക്കരുതു്; എന്നല്ല അവ അററകുററപ്പെട്ടു കിടക്കാൻ ഇടവരുത്തുകയുമരുതു്.

പഴയ രീതിയിലുള്ളതും ഈടുററതും ആഡംബരരഹിതവുമായവയെ എല്ലായ്പ്പോഴും തിരഞ്ഞെടുക്കാൻ ശ്രമിക്കണം.

* * * *

ഈടു നില്പുയില്ലെന്നു കരുതി പട്ടുകൊണ്ടു പുസ്തകത്തിന്നു പുറംചട്ടയിടാത്ത ചിലരുണ്ടു്. മുകളിലും താഴെയും ഇടവിട്ടു കൂപ്പിച്ചും മിനുങ്ങുന്ന പാശികറം ചിത്രാകൃതിയിൽ പിടിപ്പിച്ചുമുള്ള കട്ടികുറഞ്ഞ പട്ടു കാണാൻ സുഖമുള്ളതാണെന്നു ടോണോ അഭിപ്രായപ്പെടുന്നു. ഈ ആശയം എനിക്കും ഇഷ്ടംതന്നെ. കൂട്ടമായി വച്ചിട്ടുള്ള ഗ്രന്ഥങ്ങറംക്കെല്ലാം ഒരുപോലത്തെ പുറംചട്ടയിടണം. അല്ലാതെ അവയിൽ ഒന്നെങ്കിലും വ്യത്യസ്തമായിരുന്നാൽ അതു് അസുഖകരമായി തോന്നുമെന്നു പറയുന്ന ചിലരുണ്ടു്. കലാവാസനയിൽ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്തവനാണു് എല്ലാ സാധനങ്ങറംക്കും ഐകരൂപ്യം വേണമെന്ന പക്ഷക്കാരനാകുന്നതെന്നു കോയ്യൂസോസു പ്രസ്താ

വിച്ചിരിക്കുന്നു. ഐകരൂപ്യംകൊണ്ടാണു് വസ്തുക്കൾ കൂടുതൽ സുന്ദരമാകുന്നതെന്നുള്ള അഭിപ്രായം കുറെ കടന്ന മട്ടിലുള്ളതാണെന്നു ഞാൻ കരുതുന്നു. അതു പാടില്ല. സാധനങ്ങളൊന്നുംതന്നെ എല്ലാ വിധത്തിലും കുററമററതോ പൂൎണ്ണത വരുത്തിയതോ ആയിരിക്കരുതു്. അപൂൎണ്ണമാക്കിയിട്ടിരിക്കുന്നവയിൽ കൂടുതൽ രസികത്വം ദൃശ്യമാകാറുണ്ടു്. രാജകൊട്ടാരം പണിയുമ്പോൾ ഏതെങ്കിലും ഒരു ഭാഗം മുഴമിക്കാതെ ശേഷിപ്പിക്കുക എന്ന ഒരേർപ്പാടുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ടു്. ചൈനയിലേയും ജപ്പാനിലേയും പുരാതനസിദ്ധന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ പലയിടത്തും മനഃപൂൎവ്വം സമാപിക്കാതെ അപൂൎണ്ണമായും വിട്ടിട്ടുള്ള ഭാഗങ്ങൾ കാണാവുന്നതാണു്.

* * * *

അനുകരണം

ഒരപേക്ഷയുണ്ടു്; അതായതു് ഒരു വിഡ്ഢിയെ അനുകരിക്കുക എന്ന പോരായ്മയ്ക്കു് ഒരിക്കലും ഇടയാക്കരുതു്. നിങ്ങൾ ഒരു ഭ്രാന്തനെ അനുകരിച്ചു തെരുവിൽകൂടി ബഹളം കൂട്ടിക്കൊണ്ടുപോയാൽ നിങ്ങളും വെറും ഭ്രാന്തൻതന്നെ; അതിലൊട്ടും കൂടിയതോ കുറഞ്ഞതോ ആയ സ്ഥാനം നിങ്ങൾക്കു് ഉണ്ടാവുകയില്ല. ഒരു കുററവാളിയെ അനുകരിച്ചു് ഒരു മനുഷ്യനെ കൊലപ്പെടുത്തുകയാണെങ്കിൽ നിങ്ങളും മഹാദുഷ്ടൻതന്നെ ആയിത്തീരുന്നു. ഇതിലെ ഗുണപാഠമെന്താണു്? ഒരു സാധാരണ കുതിര പുരാണങ്ങളിൽ പറഞ്ഞിട്ടുള്ള ദിവ്യാശ്വങ്ങളെ അനുകരിക്കയും, ഒരു ദിവസംകൊണ്ടു് ആയിരം യോജന ഓട്ടക

യും ചെയ്യുമെങ്കിൽ ആ കുതിരയും ദിവ്യത്വം ഉള്ളതുത
ന്നെ. ഒരു ചക്രവത്തി *ഷ്യൂണ്ണിനെ അനുകരിക്കുന്നെ
ങ്കിൽ അയാളും ഒരു ഷ്യൂൺതന്നെ. ബുദ്ധിമാനായി കഴി
യാൻ ഉദ്യമിക്കുന്നയാറം യഥാത്ഥ ബുദ്ധിമാന്മാരിൽനി
ന്നു വളരെ ദൂരെയല്ല.

*　　*　　*　　*

കെട്ടുകഥയുടെ ഫലം

ആരോ ഒരിക്കൽ ഒരു കഥ പറഞ്ഞു പരത്തുകയു
ണ്ടായി; അതായതു് പവ്വതങ്ങളുടെ അത്യുന്നതമേഖലക
ളിലെ ചില നിഗൂഢസ്ഥാനങ്ങളിൽ രണ്ടു വാലുള്ള മനു
ഷ്യത്തീനികളായ ഒരു തരം പൂച്ചകളുണ്ടെന്നു്. ഈ വ
ർഗ്ഗത്തിലുള്ള പൂച്ചകളെ ചിലപ്പോറം സാധാരണ ഇടങ്ങ
ളിൽ കാണാൻ സാധിച്ചേക്കുമെന്നും വീട്ടിൽ വളരുന്ന പൂ
ച്ചകളിൽതന്നെ ചിലതു് പ്രായംകൂടുമ്പോറം രണ്ടു വാലു
ള്ളതായിത്തീരുമെന്നും പൊടിപ്പും തൊങ്ങലുംവച്ചു് മ
റെറാരാറം ഈ കഥയിൽ ചേത്തുവിട്ടു. ഒരിക്കൽ ഗി
യോഗാൻ ദേവാലയത്തിൽ താമസക്കാരനും കവിയുമായ
ഒരു ഭിക്ഷു ഈ അത്ഭുതമാജ്ജാരന്മാരുടെ കഥ കേറം
ക്കാൻ ഇടയായി. അന്നു മുതൽ അദ്ദേഹം തനിച്ചു് ഇരു
ട്ടിൽ നടക്കുമ്പോറം വളരെ സൂക്ഷിക്കാൻ തുടങ്ങി. ഒരു
ദിവസം കുറെ സുഹൃത്തുക്കളുമായി ഒരിടത്തു് കവിതയെഴു
ത്തിൽ വ്യാപൃതനായിരുന്നശേഷം രാത്രി ഏകാകിയായി
മടങ്ങിപ്പോകേണ്ടിവന്നു. അദ്ദേഹം ഒരു പുഴയുടെ തീര

* ചൈനയിലെ ഭരണാധിപന്മാരിൽവച്ചു് ഏററവും ബുദ്ധിമാനാ
യിരുന്നയാറം.

ത്തു് എത്തിയപ്പോൾ മുൻപറഞ്ഞ ക്രൂരമാർജ്ജാരന്മാരിൽ ഒന്നു് അദ്ദേഹത്തിന്റെ നേക്കു ചാടിവീണു കഴുത്തിൽ പിടികൂടി. ഭയവിഹ്വലനും അധഃപ്രജ്ഞനുമായിത്തീൎന്ന ഭിക്ഷു പെട്ടെന്നു പുഴയിലേയ്ക്കു മറിഞ്ഞുവീണു. അവിടെ കിടന്നുകൊണ്ടു് "രക്ഷിക്കണേ, രക്ഷിക്കണേ, ഈ പിശാചമാർജ്ജാരനിൽനിന്നു് എന്നെ രക്ഷിക്കണേ" എന്നു് ഉച്ചത്തിൽ നിലവിളിച്ചു. അതു കേട്ടു് ഒട്ടുവളരെപ്പേർ പന്തങ്ങളും ചൂട്ടുകളുമായി അവിടെ ഓടി എത്തി. ഭിക്ഷുവിനെ വെള്ളത്തിൽനിന്നു പിടിച്ചു കയററിയിട്ടു് എന്തു സംഭവിച്ചു എന്നു ചോദിച്ചു. കവിതയെഴുത്തിനു സമ്മാനമായി അദ്ദേഹത്തിനു ലഭിച്ച പെട്ടിയും വീശറിയും വെള്ളത്തിൽ വീണു നനഞ്ഞു കുതിൎന്നിരുന്നു. പക്ഷേ അതുകൊണ്ടെന്തു്? അദ്ദേഹത്തിന്റെ ജീവനെ രക്ഷപ്പെടുത്തിയില്ലേ? എന്നിരുന്നാലും ആ സാധു വലിയ പശ്ചാത്താപത്തോടെയാണു് യാത്ര തിരിച്ചതു്. എന്തെന്നാൽ ആ ഘോരമാർജ്ജാരൻ വാസ്തവത്തിൽ അദ്ദേഹത്തിന്റെ വിശ്വസ്തനായ പട്ടിയായിരുന്നു. തന്റെ യജമാനൻ ഇരുട്ടത്തു വരുന്നതു ദൂരെനിന്നു കണ്ടിട്ടു് ആ ജന്തു അദ്ദേഹത്തെ സ്വാഗതം ചെയ്യാനായി ഓടിവന്നു പുറത്തു ചാടിപ്പിടിച്ചതായിരുന്നു.

*        *        *        *

അസ്ത്രവിദ്യ പഠിക്കാൻ തുടങ്ങിയ ഒരുവൻ രണ്ടസ്ത്രങ്ങൾ ഒരേ സമയത്തു ലക്ഷ്യത്തിലേയ്ക്കു് അയയ്ക്കാനായി എടുത്തു. അതു കണ്ടിട്ടു് അയാളുടെ ഗുരു പറഞ്ഞു: "പഠിക്കാൻ ആരംഭിക്കുക മാത്രം ചെയ്തയാൾ രണ്ടസ്ത്രം ഒന്നി

ച്ച് തൊട്ടുത്തുവിടാൻ ഒരുമ്പെടരുതു്. അങ്ങിനെ തു ടങ്ങിയാൽ അയാളുടെ ശ്രദ്ധ ആദ്യത്തേതിലും രണ്ടാമ ത്തേതിലും ഒന്നുപോലെ നില്ക്കുകയില്ല. ഒരൊററ അസ്ത്ര ത്തിൽ ശ്രദ്ധ ഏകാഗ്രമായി പതിയണം.

രണ്ടസ്ത്രങ്ങൾ മാത്രം! പക്ഷേ തൻെറ ഗുരു നോക്കി നില്ക്കേതന്നെ അതിൽ ഏതിനെയെങ്കിലും അശ്രദ്ധമാ യി പ്രയോഗിക്കേണ്ടിവരുമെന്നു് അയാൾ കരുതിയിരു ന്നില്ല. ഏതായാലും അയാളുടെ ഗുരുവിനു് അതു കാ ണ്മാൻ അവസരം കിട്ടി. ഈ ഉദാഹരണം ഇതുപോലു ള്ള മററെല്ലാ സംഗതികൾക്കും യോജിച്ചതാണു്.

പഠിക്കുമ്പോൾ അത്യുല്ക്കണ്ഠകാരണം രാത്രിയിൽ പ്രഭാതത്തെപ്പററിയും മറിച്ചും ചിന്തിച്ചുകൊണ്ടിരുന്നുവെ ന്നു വരാം. ഇല്ലാത്ത ഒന്നിനെ ലക്ഷ്യമാക്കിയായിരിക്കും അയാളുടെ മിക്ക പ്രവൃത്തികളും. ഒരു നിമിഷം അശ്രദ്ധ മായാൽ വരാവുന്ന കുഴപ്പങ്ങളെക്കുറിച്ചു കാലേക്കൂട്ടി മന സ്സിലാക്കാൻ അയാൾക്കു കഴിയുന്നില്ല. ഏകാഗ്രത ലഭി ക്കാനുള്ള ഉദ്യമം വളരെ ശ്രമാവഹംതന്നെയാണു്.

*     *     *     *

ഇത്തിക്കണ്ണിപോലെ ലോകത്തിൽ പരോപജീവി കൾ പലതരത്തിലുണ്ടു്. അവ ഏതൊന്നിനെക്കൊണ്ടാ ണോ ജീവിക്കുന്നതു് അതിനെ നശിപ്പിക്കും. ശരീരത്തിൽ പേൻ, ചെള്ളു് മുതലായവ, വീട്ടിനുള്ളിൽ എലികൾ, നാട്ടിൽ വഞ്ചകർ, ലുബ്ധന്നു ധനം, ആത്മീയജീവിക്കു ഭൌതികാഭിലാഷങ്ങൾ, സന്ന്യാസിക്കു മതാദേശങ്ങളും ച

ടങ്ങുകളും ഇവയൊക്കെ അക്കൂട്ടത്തിൽ പറയാവുന്നതാണു്.

*  *  *  *

## ജ്ഞാനിയുടെ ചിന്തകൾ

ഒരു ജ്ഞാനിയുടെ ചിന്തകൾ രേഖപ്പെടുത്തിയിട്ടുള്ള 'ഇച്ചിഗാൻ ഫോദാൻ' എന്ന പുസ്തകം ഞാൻ വായിക്കുകയായിരുന്നു. അതിൽ എനിക്കു ഹൃദ്യമായിത്തോന്നിയ ഏതാനും ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

"നിങ്ങൾ ചെയ്യാൻ ശങ്കിക്കുന്ന കാര്യങ്ങൾ ചെയ്യാതെ വിട്ടേയ്ക്കുന്നതാണു് നന്നു്. ആരുടെ ഹൃദയമാണോ ആത്മീയകാര്യങ്ങളിൽ മുഴുകിയിരിക്കുന്നു അങ്ങിനെയുള്ളയാൾ ഒരു ഭരണി നിറച്ചു് ഉമിയും ഉപ്പുംകൂടി സ്വത്തായി കൂട്ടിവയ്ക്കരുതു്. പിന്നെ ഒരു കാര്യംകൂടി അയാൾ ഓർമ്മിക്കണം; അതായതു്, ഭംഗിയായി എഴുതിയിട്ടുള്ള ഒരു മതഗ്രന്ഥവും ബുദ്ധദേവന്റെ സുന്ദരമായ ഒരു പ്രതിമയും അതുപോലെതന്നെ ആപത്കരമായ സ്വത്തുക്കളാണു്."

"ഒരു ഭിക്ഷു അയാളുടെ ആശ്രമത്തിലെ ഏപ്പാടുകൾ സൂക്ഷ്മതയോടെ ചെയ്യണം. അല്ലേങ്കിൽ അവശ്യം വേണ്ട സാധനങ്ങൾ ഇല്ലാത്ത വിഷമം അയാൾ അനുഭവിക്കേണ്ടിവരും."

"ഉന്നതകുടുംബത്തിൽ ജനിച്ചവൻ താഴ്ന്ന നിലയിലുള്ളവനെപ്പോലെ വിനയശീലനായിരിക്കണം. ഒരു ജ്ഞാനി അയാളുടെ ഗ്രന്ഥപാണ്ഡിത്യത്തെ പ്രദശിപ്പിച്ചുകൊണ്ടു നടക്കരുതു്. ഒരു ധനവാന്റെ വാസനകളും ഇ

ഷ്ടങ്ങളും ഒരു ദരിദ്രൻേറതുപോലെ ലളിതമായിരിക്കണം. സാമത്ഥ്യമുള്ളവൻ ഒരിക്കലും ഉദ്ധതനാകരുതു്."

"ബുദ്ധഭഗവാനെ യഥാത്ഥരീതിയിൽ സേവിക്കു ന്നതിനു് ആദ്യമായി അറിഞ്ഞിരിക്കേണ്ട തത്വം ഭൗതികവിഷയങ്ങളെ മനസ്സിൽനിന്നു ദൂരീകരിക്കയും പിന്നെ ഒരിക്കലും അവയിലേയ്ക്കു തിരിയാതിരിക്കയും ചെയ്ക എന്നുള്ളതാണു്."

ശേഷമുള്ളവ ഞാൻ മറന്നുകഴിഞ്ഞു.

* * * *

സമാഗമം

വൈകുന്നേരത്തെ ഇരുൾ വദ്ധിച്ചുവരികയാണു്. ഉന്നതനിലക്കാരനായ ഒരാൾ വിജനസ്ഥലത്തുള്ള ഒരു ഭവനത്തിൽ ചെന്നു. അവിടെ ഒരു സ്ത്രീ തനിച്ചു താമസിക്കുന്നു; കാരണം സ്പഷ്ടം. ഒരു പട്ടി ഉച്ചത്തിൽ കുരച്ചുകൊണ്ടു പുറത്തേയ്ക്കു ചാടിവന്നു. ഒരു ഭൃത്യ ഇറങ്ങിവന്നു സന്ദശകൻെറ പേർ ചോദിച്ചു. അദ്ദേഹത്തെ വീട്ടിനുള്ളിലേയ്ക്കു കൊണ്ടുപോയി. വെറും ഏകാന്തമായ വീടു്. ഒരു സ്ത്രീ അവിടെ കഴിഞ്ഞുകൂടുക എന്നതു നമുക്കു വിഭാവനം ചെയ്യുകതന്നെ വിഷമമാണു്.

സന്ദശകൻ അല്പസമയം അവിടെനിന്നു. അപ്പോൾ ലജ്ജാമാധുയ്യം കലന്ന ഒരു യുവശബ്ദം "ദയവായി അകത്തു വരുക" എന്നു ഭവനാന്തഭാഗത്തുനിന്നു കേൾക്കായി. സന്ദശകൻ ഉടൻതന്നെ ഒരു വശത്തെ ചെറിയ വാതിലിൽക്കൂടി ഉള്ളിലേയ്ക്കു കടന്നു. ഉദ്ദേശിച്ച മാതിരി അസുഖകരമായ വിധത്തിൽ മുറിയിൽ ഗൃഹോ

പകരണങ്ങൾകൊണ്ടു നിറച്ചിരുന്നില്ല. എന്നല്ല അവി ടെ സംസ്കാരത്തിൻെറ ലാഞ്ഛനകൾ കാണ്മാനുണ്ടായിരു ന്നു. ഒരു മൂലയിൽ അല്പാല്പമായി കത്തിക്കൊണ്ടിരുന്ന തീയിൽ സുഗന്ധദ്രവ്യങ്ങൾ ഇട്ടിരുന്നതിൻെറ സൌരഭ്യം അവിടെ വ്യാപിച്ചിരുന്നു. ഭൃത്യകൾ ഇപ്രകാരം പറയു ന്നതു കേൾക്കാമായിരുന്നു:

"ഇനി വെളിയിലത്തെ വാതിൽ അടച്ചു പൂട്ടാം. മഴയുടെ ലക്ഷണങ്ങൾ കാണുന്നുണ്ടു്. വണ്ടി പുറവാതി ലിനു സമീപം കിടന്നുകൊള്ളട്ടെ. ഭൃത്യനു് അവിടെ ക ഴിഞ്ഞുകൂടാം. ഇപ്രകാരമാണു് ഞങ്ങളുടെ യജമാനത്തി യുടെ നിദേശം."

സന്ദർശകൻെറ ഭൃത്യന്മാർ തമ്മിൽ പറഞ്ഞു: "ഇന്നു രാത്രി നമുക്കു സൈ്വരമായി കിടന്നുറങ്ങാം."

മേല്പറഞ്ഞ വാക്കുകളൊന്നും ഉച്ചത്തിലായിരുന്നി ല്ലെങ്കിലും വർത്തമാനക്കാർ സമീപത്തായിരുന്നതുകൊണ്ടു് അതെല്ലാം യജമാനനു കേൾക്കാമായിരുന്നു.

ആ ദീർഘരാത്രിയിൽ അവർ രണ്ടാളും തുടൎന്നു സം ഭാഷണത്തിൽ ഏർപ്പെട്ടിരുന്നു. ഒടുവിൽ കോഴി കൂവുന്ന ശബ്ദം ഉറക്കെ കേട്ടുതുടങ്ങി.

"പ്രഭാതമായിക്കഴിഞ്ഞോ?" എന്നു സന്ദർശകൻ ചോദിച്ചു. അവൾ കൌശലമട്ടിൽ മറുപടി പറഞ്ഞു: "നേരം പ്രകാശമാകുന്നതിനു മുമ്പു് അങ്ങു പോകണ്ട." അങ്ങിനെ, കഴിഞ്ഞതും ഭാവിയിലേതുമായ കാൎയ്യങ്ങൾ പറഞ്ഞുകൊണ്ടു് അയാൾ പിന്നേയും കുറെ സമയം അ വിടെ താമസിച്ചു. കോഴിക്കൂവലാകുന്ന ആഹ്വാനം അ

ട്ടപ്പിച്ചുട്ടപ്പിച്ചു കേട്ടുതുടങ്ങി. ഒടുവിൽ സൂര്യകിരണങ്ങൾ മുറിക്കുള്ളിൽ പ്രവേശിച്ചപ്പോൾ അയാൾ ഹൃദയസ്പർശിയായ ഏതാനും വാക്കുകൾ പറഞ്ഞു് അവിടെനിന്നു യാത്രയായി.

അതു് ഏപ്രിൽ മാസത്തിലെ ഒരു സുപ്രഭാതമായിരുന്നു. മോഹനമായ ഹരിതവർണ്ണത്താൽ അവിടത്തെ ഉദ്യാനം ശോഭിച്ചു. ഫുല്ലകുസുമങ്ങൾ നിറഞ്ഞ ഒരു വൃക്ഷം അവിടെ നിന്നിരുന്നതിൽ സന്ദർശകൻെറ നോട്ടം പതിച്ചു. ദൃഷ്ടി മറയുന്നതുവരെ അയാൾ അതിനെത്തന്നെ നോക്കി. ആ സന്ദർഭത്തെ അയാൾക്കു മറക്കാൻ സാദ്ധ്യമല്ല.

*　　　*　　　*　　　*

സചേതനകാവ്യം

മഞ്ഞു വീണതു വളരെ നേരമായി വീട്ടിൻെറ വടക്കുവശത്തു് അതേമട്ടിൽ കിടക്കുകയാണു്. അതു് ഉറഞ്ഞു കട്ടിയായിക്കഴിഞ്ഞു. മുകൾഭാഗം ഹിമാവൃതമായി തിളങ്ങുന്ന ഒരു വാഹനം കാണുന്നുണ്ടു്. അരുണോദയമായിത്തുടങ്ങി; എങ്കിലും നിലാവണഞ്ഞിട്ടില്ല. ആ വെളിച്ചത്തെ ഒരു ചെറുദേവാലയവും അവിടെയുള്ള വൃക്ഷങ്ങളും ഏതാണ്ടു മറയ്ക്കുന്നു. ഇങ്ങനെ രണ്ടു തരം പ്രകാശങ്ങളുടെ സമ്മേളനരംഗത്തു്, മററുള്ളവരുടെ ദൃഷ്ടിയിൽനിന്നു് അവിടത്തെ കെട്ടിടത്താൽ ആച്ഛാദനം ചെയ്യപ്പെട്ടിട്ടു ക്ഷേത്രത്തിൻെറ ഉമ്മറത്തിൻെറ അഴികൾക്കടുക്കൽ ഉന്നതനിലയിലുള്ള ഒരാൾ ഒരു മഹിളയുമൊന്നിച്ചിരിക്കുന്നു. അവരുടെ സംഭാഷണം ഏററ

വും താല്പര്യപൂർവ്വവും എന്നാൽ താഴ്ന്ന സ്വരത്തിലുമാണു്. അവർ പറയുന്നതെന്താണെന്നു ഞാനെങ്ങിനെ അറിയും? അവൾ അല്പം നമ്രമുഖിയായിട്ടാണിരിക്കുന്നതു്. അതു ചേതോഹരമായ ഒരു കാഴ്ചതന്നെ. അനിർവ്വചനീയമായ മാധുര്യം കലൎന്ന അവിടത്തെ വായുമണ്ഡലത്തിൽക്കൂടി നേരിയ ഒരു സൌരഭ്യം എൻെറ സമീപത്തേയ്ക്കു് എത്തുന്നു. ചില ഇടറിയ വചനങ്ങൾ ഞാൻ കേൾക്കുന്നു. സചേതനമായ ഒരു കാവ്യം!—അതു് എഴുതിവച്ചതല്ല.

*　　　*　　　*　　　*

## സ്ത്രീലോകം

ഒരു പുരുഷനെ ഒരു വനിത ക്ഷണിക്കാൻ തയാറാകുമ്പോൾ മിക്കപ്പോഴും അയാൾ സമയോചിതം സംസാരിക്കാൻ പ്രാപ്തനായിരിക്കയില്ല. ഒരിക്കൽ ഒരു സംഭവമുണ്ടായി. കമേയാമ ചക്രവൎത്തി സ്ഥാനത്യാഗം ചെയ്തു കഴിഞ്ഞിരുന്നു. അരമനയിലെ പരിഷ്ക്കാരികളായ ഭൃത്യകളിൽ ഒരു കൊച്ചു മിടുക്കി അവിടെ വരുന്ന യുവാക്കന്മാരെ ചോദ്യംകൊണ്ടു മടക്കാൻ സമൎത്ഥയായിരുന്നു. അവരോടു് അവൾ ചോദിക്കും: "ഇപ്പോഴെങ്കിലും കോഴി കൂവുന്നതു കേട്ടോ?" ഒരു ചെറുപ്പക്കാരൻ വിക്കി വിക്കി മറുപടി പറഞ്ഞു: "ആരുമല്ലാത്ത എന്നെപ്പോലെ ഒരാൾക്കു് അതു കേൾക്കാൻ സംഗതി വരുമെന്നു ചിന്തിക്കുകതന്നെ സാദ്ധ്യമല്ല." നേരെമറിച്ചു നൈദജീൻദോണോ പെട്ടെന്നു് ഇങ്ങനെ ഉത്തരം പറഞ്ഞു: "നിശ്ചയമായും

കേട്ടു. * ഇവക്കരായിൽവച്ചു കേട്ടുവെന്നാണു് തോന്നു ന്നതു്."

ഇതു കേട്ടിട്ടു് അവിടെയുണ്ടായിരുന്ന സ്ത്രീജനങ്ങൾ പറഞ്ഞു: "ആ മറുപടി മോശമല്ലേ. 'എന്നെപ്പോലെ ആരുമല്ലാത്തയാൾ' നികൃഷ്ടൻതന്നെ."

സ്ത്രീ പുരുഷനെ കമ്പിതനാക്കാതിരിക്കാൻ തക്ക വണ്ണം പെരുമാറുന്നതിനു നിശ്ചയമായും അയാളെ പരി ശീലിപ്പിക്കേണ്ടതാണു്. ജോഡോസന്യാസിമഠത്തിൽ പാർത്തിരുന്ന ഒടുവിലത്തെ രാജപ്രതിപുരുഷൻ സംഭാഷ ണകലയിൽ അതിചതുരനായിരുന്നുവെന്നു പ്രസിദ്ധിനേ ടി. കാരണം, അദ്ദേഹത്തെ കൌമാരപ്രായത്തിൽതന്നെ അക്കാര്യത്തിൽ ആങ്കിമോൺ ഇൻ വേണ്ടപോലെ പരി ശീലിപ്പിച്ചിരുന്നുവെന്നുള്ളതാണു്. എന്നാൽ യമഷാനാ നോ സദായിജിൻ സമ്മതിച്ചു പറയുമായിരുന്നു: "ഒരടുക്ക ളക്കാരി പെണ്ണിനെ കണ്ടാൽ മതി, വെറുമൊരു വിഡ്ഢി ച്ചെറുക്കനെപ്പോലെ ഞാൻ ലജ്ജാവിവശനായിപ്പോകും."

ഒരു കാര്യം ഏതായാലും നാം ഓർമ്മിക്കണം. ലോക ത്തു സ്ത്രീകളെന്നൊരു കൂട്ടർ ഇല്ലാതിരുന്നെങ്കിൽ പുരുഷ ന്മാർ വകതിരിവും മര്യാദയും ഇല്ലാത്തവരായിപ്പോകുമാ യിരുന്നു. അവർ പിന്നെ വസ്ത്രധാരണത്തെക്കുറിച്ചോ വേഷവിധാനത്തെപ്പററിയോ ഒന്നും ശ്രദ്ധിക്കാതായേ നെ. പുരുഷൻെറ നില ഇങ്ങനെയാകണമെങ്കിൽ സ്ത്രീ വർഗ്ഗം അത്രമാത്രം സമ്പൂർണ്ണത പ്രാപിച്ചവരായിരിക്ക

* രസികജനങ്ങൾ ധാരാളമുള്ളതായി കേൾവിപ്പെട്ടിരുന്ന ഒരു സ്ഥലം.

ണ്ടെ എന്നു വല്ലവരും ചോദിച്ചേയ്ക്കാം. ഒരിക്കലും അ ങ്ങിനെ വേണമെന്നില്ല.

എന്നാൽ പിന്നെ അവൾ്ക്കു നമ്മെ ആക്ഷേപാൎഹരാക്കാൻ എങ്ങനെ കെൽപ്പുണ്ടാകും എന്നൊരു ചോദ്യം വരാം. അതിന്നു് ഒരേ ഒരുത്തരമേയുള്ളു. ആദൎശസുഭഗയായ ഒരു മഹിള എവിടെയെങ്കിലുമുണ്ടെങ്കിൽ ഞാൻ ഇവിടെ പ്രസ്താവിച്ചതൊന്നും അവളെ ബാധിക്കയില്ല. എന്തെന്നാൽ, അങ്ങിനെയുള്ളവൾ പ്രകൃതിയുടെ ഒരസാധാരണ സൃഷ്ടിയായിരിക്കണം. ഇങ്ങനെയൊക്കെയാണെങ്കിലും അനുരാഗംമാത്രം ചിന്താവിഷയമാക്കിക്കൊണ്ടു് ഒരു പുരുഷൻ ആവേശത്തോടെ അവളെ സമീപിക്കയാണെങ്കിൽ അയാൾ ആശിച്ച സമ്മോഹനതയൊക്കെ അവളിൽ കാണുകയും ചെയ്യും.

*　　*　　*　　*

## ഉപദേശത്തിന്നുള്ള അവസരം

മരം കയറാൻ സമൎത്ഥനായ ഒരാൾ ഉണ്ടായിരുന്നു. ജനങ്ങൾ അയാൾക്കു 'വൃക്ഷാരോഹണവിദഗ്ദ്ധൻ' എന്ന പട്ടം നല്കിയിരുന്നു. അയാൾ ഒരിക്കൽ മറ്റൊരുവനോടു പൊക്കമേറിയ ഒരു മരത്തിൽ കയറി അതിൻെറ തുഞ്ചത്തെ കൊമ്പു മുറിക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ചു രണ്ടാമൻ മരത്തിൽ കയറി. അയാൾ വൃക്ഷാഗ്രത്തിൽ എത്തിയപ്പോഴും അവിടെനിന്നു താഴത്തേയ്ക്കു് ഇറങ്ങിത്തുടങ്ങിയപ്പോഴും ഒന്നാമൻ മിണ്ടാതെ നോക്കിനിന്നു. രണ്ടാമൻ വൃക്ഷത്തിൻെറ പകുതിയിലധികം ഇറങ്ങിക്കഴിഞ്ഞപ്പോൾ ഒന്നാമൻ വിളിച്ചുപറ

ഞ്ഞു: "ഇനി പ്രയാസമൊന്നുമില്ല; അതുകൊണ്ടു സൂക്ഷിച്ചു സാവധാനത്തിൽ ഇറങ്ങണം." ഇതു കേട്ടിട്ടു ഞാൻ പറഞ്ഞു: "ഇനി എളുപ്പമല്ലേ? ആക്ക വേണമെങ്കിലും ഇനി അവിടെനിന്നു താഴത്തേയ്ക്കു ചാടിപ്പോരാമല്ലോ; ഈ അവസരത്തിൽ അയാളോടു് ഈ ഉപദേശമൊക്കെ എന്തിനാണു്?"

ഒന്നാമൻ മറുപടി പറഞ്ഞു: "അങ്ങു പറഞ്ഞ കാരണംകൊണ്ടുതന്നെയാണു് ഞാൻ അയാൾക്കു നിർദ്ദേശങ്ങൾ നല്കിയതു്. മരത്തിന്റെ മുകളിലായിരുന്നപ്പോൾ അയാൾക്കു് ഏതു നിമിഷവും ആപത്തുണ്ടായേക്കാമെന്നൊരു ബോധമുണ്ടായിരുന്നു. അതുകൊണ്ടു് ഒരു പൂച്ചയെപ്പോലെ സൂക്ഷിച്ചു കയറി. അപ്പോൾ അയാൾക്കു് ഒന്നും പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. ഒരുവന്റെ സ്ഥിതി സുരക്ഷിതമെന്നു തന്നത്താൻ തോന്നുമ്പോഴാണു് അയാൾ അശ്രദ്ധയ്ക്കു വശംവദനാകുന്നതു്." ഈ അഭിപ്രായം കേവലം ഒരു വിദ്യാവിഹീനന്റെയാണു്. എന്നിരുന്നാലും അതിനു് ആചാര്യവചനംപോലെ വില കല്പിക്കണം. പന്തുകളിയിൽ വിദഗ്ദ്ധനായ ഒരാൾ വിഷമഘട്ടങ്ങളിൽ അത്ഭുതം തോന്നുമാറു പന്തടിച്ചു പ്രതിയോഗിയെ തോല്പിക്കും. എന്നാൽ സാധാരണ അവസരങ്ങളിൽ, പരിചയം കുറഞ്ഞ ഒരു കളിക്കാരനുകൂടി ശരിയായി പന്തടിക്കാൻ കഴിയുമ്പോൾ, മുൻപറഞ്ഞ വിദഗ്ദ്ധൻ മറയത്തരം കാണിച്ചേയ്ക്കും. ഇങ്ങനെ പലപ്പോഴും സംഭവിച്ചു കണ്ടിട്ടുണ്ടു്.

* * * *

ഒരാൾ അടുത്തദിവസം ദൂരത്തുള്ള ഒരു സ്ഥലത്തേയ്ക്കു യാത്ര പുറപ്പെടുകയാണെന്നിരിക്കട്ടെ. അപ്പോൾ വിശ്രമവേളകൾക്ക പററിയ കാൎയ്യങ്ങളെക്കുറിച്ചു് അയാളോടു പ്രസംഗിക്കാൻ തുടങ്ങുന്നതു വിഡ്ഢിത്തമായിരിക്കും. അതുപോലെ ഉത്കണ്ഠാകുലമായ ഏതെങ്കിലും കാൎയ്യനിൎവ്വഹണത്തിൽ ഏൎപ്പെട്ടിരിക്കയോ അല്ലെങ്കിൽ തനിക്കു് എത്രയും പ്രിയപ്പെട്ട ഒരു വ്യക്തിയുടെ മരണാനന്തരകൎമ്മങ്ങളിൽ വ്യാപൃതനായിരിക്കയോ ചെയ്യുന്ന ഒരാൾ മററുള്ളവരുടെ ആരോഗ്യത്തെക്കുറിച്ചോ മറേറാ പ്രത്യേക താല്പൎയ്യം പ്രദശിപ്പിച്ചുവെന്നു വരുന്നതല്ല. അതിന്നു് അയാളെ കുററപ്പെടുത്താൻ പാടില്ല. അതു പ്രകൃതിസാധാരണമായ ഒരു സ്വഭാവവിശേഷമാണു്. നാമെല്ലാം ഏതാണ്ടു് ആ സ്ഥിതിയിലാകുമ്പോൾ, അതായതു വാൎദ്ധക്യവും ജരാനരയും നമ്മെ ബാധിച്ചു് അവശരാക്കി ഈ ലോകത്തിലുള്ള ബന്ധങ്ങളോടൊക്കെ യാത്ര പറയാനുള്ള അവസരത്തിൽ, ഈ വസ്തുത എല്ലാരും ഓൎമ്മിക്കേണ്ടതാണു്.

എന്നാൽ, സാധാരണമട്ടിലുള്ള ഭൌതികജീവിതമാണു് നയിക്കുന്നതെങ്കിൽ നാം എപ്പോഴും ആശാബന്ധങ്ങളിൽ കുടുങ്ങി കഴിയേണ്ടിവരും. പിന്നെ നമുക്ക സ്വൈരമായി ചിന്തിക്കാൻ എപ്പോഴാണു് കഴിയുക? കാൎയ്യമായുള്ളതെല്ലാം നമുക്ക നഷ്ടമാവില്ലേ? അന്തസ്സാരവിഹീനമായ സംഗതികൾകൊണ്ടു സമയം മുഴുവൻ ചിലവായിപ്പോകും.

ജീവിതം നിമിഷംതോറും അതിൻെറ അന്ത്യത്തോടു സമീപിച്ചുകൊണ്ടിരിക്കയാണു്. സൂൎയ്യൻ ആകാശത്തു്

അസ്തമിക്കാറായാലും നമുക്ക ശാന്തിമാർഗ്ഗത്തോട്ട് അടു ക്കാൻ സാദ്ധ്യമല്ലാതെ വരും. അതുകൊണ്ടു ലോകബ ന്ധങ്ങളോട്ട് അകന്നു തുടങ്ങേണ്ടതു് ഒരു അടിയന്തിര കാര്യമാണു്. മമതാചിന്തകളും ആചാരബഹുമതികളും ഉപേക്ഷിക്കതന്നെ വേണം. അതുകാരണം നിശ്ചയമാ യും നമ്മെ വെറും മുരടന്മാരെന്നു മററുള്ളവർ മുദ്രയടിക്കും: നമുക്ക ചിത്തഭ്രമമാണെന്നു് അവർ വ്യാഖ്യാനിക്കും; നാം മായാമോഹിതരാണെന്നും മററും ആക്ഷേപിക്കും. എ ന്നാൽ യാഥാത്ഥ്യം ഗ്രഹിക്കാൻ ശേഷിയില്ലാത്ത ഇത്ത രം വിമശ്കരുടെ ജല്പനങ്ങളെ നാം ഗണ്യമാക്കേണ്ട കാ ര്യമുണ്ടോ? അവരുടെ ശകാരങ്ങളും ആക്ഷേപങ്ങളും എ ന്നെ ഒട്ടും അസ്വസ്ഥനാക്കുന്നില്ല. അവരുടെ സ്തുതിവ ചനങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ബധിര നാണു്.

*　　*　　*　　*

ലോകബന്ധങ്ങൾ

നാല്പതു വയസ്സു കഴിഞ്ഞിട്ടും വിഷയസുഖങ്ങൾക്കു് അടിമയായി കഴിയുന്ന ഒരുവനെ കാണുന്നതുതന്നെ അ സുഖകരമാണു്. തൻെറ ഭോഗവാസനകളെ പ്രദശിപ്പി ക്കാതെ കഴിക്കാൻ ശ്രമിക്കുന്ന ഒരാളാണെങ്കിൽ അയാ ളെക്കുറിച്ചു വലിയ വെറുപ്പു തോന്നാതിരുന്നേയ്ക്കാം. എ ന്നാൽ അനവസരത്തിലും അസ്ഥാനത്തും മററുള്ളവരു ടെ ശൃംഗാരകൃത്യങ്ങളെക്കുറിച്ചു വിസ്തരിച്ചു പ്രസ്താവിക്ക യും രസിക്കയും ചെയ്യുന്നവനെ ആരാണു് നിന്ദിക്കാ ത്തതു്?

ഒരു വൃദ്ധൻ ചെറുപ്പക്കാരുടെ ഇടയിൽ വലിഞ്ഞു കയറി അവരെ ചിരിപ്പിക്കാൻവേണ്ടി തന്നത്താൻ മറയനാകുന്നതു കാണ്മാനും കേൾക്കാനും അറപ്പു തോന്നും. അതുപോലെ ജുഗുപ്സാവഹമാണ് നീചനും മൂഢാത്മാവുമായ ഒരുവൻ തന്നേക്കാൾ ഉയൎന്ന നിലയിലുള്ളവരോടു വലിയ പരിചയക്കാരൻെറ മട്ടിൽ വൎത്തമാനം പറയാൻ ഒരുമ്പെടുകയും അങ്ങിനെ അവർ തൻെറ സുഹൃത്തുക്കളാണെന്നു മററുള്ളവരെ ധരിപ്പിക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നതു്. ഇതിനേക്കാളൊക്കെ നിന്ദാൎഹമാണ് വെറും ദരിദ്രനായ ഒരുവൻ വലിയ ആഡംബരമട്ടു കാണിച്ചുകൊണ്ടു വിരുന്നുസല്ക്കാരം നടത്തുന്നതു്.

* * * *

## പകപോക്കൽ

ഒരിക്കൽ ദേശാടനക്കാരായ ഭിക്ഷുക്കളുടെ ഒരു സമൂഹം 'അമിദാ' പൂജയ്ക്കായി ഷുക്കക്കവാറാ ദേവാലയത്തിൽ വന്നുചേൎന്നു. അപ്പോൾ ഒരാൾ അവരുടെ ഇടയിൽ കടന്നുചെന്നു്, "നിങ്ങളുടെ കൂട്ടത്തിൽ ഇറക്ഷാ എന്നു പേരായിട്ടു് ഒരു ഭിക്ഷുവുണ്ടോ?" എന്നു ചോദിച്ചു.

ഉടൻ ഒരാൾ എഴുന്നേററു പറഞ്ഞു: "ഞാൻതന്നെയാണു് ഇറക്ഷാ, നിങ്ങൾ ആരാണു്?"

അയാൾ മറുപടി പറഞ്ഞു: "എൻെറ പേർ ഷീറബാൺജി എന്നാണു്. എൻെറ ഗുരുവിനെ കിഴക്കൻ പ്രദേശത്തുവച്ചു ദേശാടനക്കാരനായ ഇറക്ഷാ എന്നൊരു ഭിക്ഷു വധിച്ചതായി കേട്ടു. അതുകൊണ്ടു് ആ കൊലപാ

തകത്തിനു പകവീട്ടാനായി ഞാൻ നിങ്ങളെ അന്വേഷിക്കയായിരുന്നു.''

ഇറഷ്ഷാ ഉത്തരം പറഞ്ഞു: ''വളരെ നന്നായി. അതു സത്യംതന്നെയാണ്. കുറെ വഷങ്ങൾക്കു മുമ്പാണ് അതു നടന്നതു്. നിങ്ങളോടു സമരത്തിനു ഞാൻ തയാറുതന്നെ. പക്ഷേ നാം ഈ ദേവാലയത്തെ അശുദ്ധമാക്കാൻ പാടില്ല. ഇതിന്റെ മുൻപിലായി വരണ്ട ഒരു നദീതടമുണ്ടു്. അതാണ് നമുക്കു പററിയ സ്ഥലം. ആകട്ടെ, സുഹൃത്തുക്കളെ, ഞങ്ങളിൽ ആരുടേയും സാഹായ്യത്തിനായി നിങ്ങൾ ചാടിവീണ് വിഷമം വലിച്ചു തലയിൽ വയ്ക്കണ്ട. അതുപോലെ നാം കാരണം പൂജാദികൾക്കു യാതൊരു തടസ്സവും ഉണ്ടാകരുതു്.'' ഇത്രയും പറഞ്ഞു് അവർ വെളിയിലിറങ്ങി. അവർ രണ്ടാളും തമ്മിൽ ഇടഞ്ഞു കത്തിക്കുത്തേററു മരിച്ചുവീണു.

പുരാതനകാലങ്ങളിൽ ഈ മാതിരി അലഞ്ഞു നടക്കുന്ന ഭിക്ഷുക്കൾ ഉണ്ടായിരുന്നില്ല. ഇക്കൂട്ടർ സന്യാസിമാരെപ്പോലെയാണെങ്കിലും അഹങ്കാരികളാണ്. ഇവക്കു ഭക്തരായ ബുദ്ധഭിക്ഷുക്കളോടു സാമ്യമുണ്ടു്; എന്നാൽ സദാ വഴക്കിനും സമരത്തിനും ഒരുങ്ങി നടക്കുകയാണ്. എനിക്കവരുടെ പെരുമാററത്തോടൊക്കെ വലിയ വെറുപ്പാണ്. എങ്കിലും അവരിൽ ഒരു ഗുണം ഞാൻ കാണുന്നു. അവക്കു ജീവിതത്തോടു യാതൊരു മമതയുമില്ല; മരണത്തെ അവർ തൃണവൽഗണിക്കയും ചെയ്യുന്നു. അതുകൊണ്ടാണ് ഈ കഥ ഇവിടെ ഞാൻ പറഞ്ഞതു്.

*　　*　　*　　*

ചീന ഔഷധങ്ങറം ഒന്നാംതരങ്ങളാണു്. ചൈന യിൽനിന്നു് ഔഷധങ്ങറം ഒഴിച്ച മററെന്തു സാധനങ്ങ ളാണെങ്കിലും നമുക്ക വേണ്ടെന്നുവയ്ക്കാം. ചീന ഗ്രന്ഥ ങ്ങറം ജപ്പാനിൽ പ്രചരിക്കുന്നുണ്ടു്. അവയിൽ ഏതു വേണമെങ്കിലും പകത്തി എടുക്കാം. ചൈനയ്ക്കും ജപ്പാ നും ഇടയ്ക്കുള്ള യാത്രയിൽ വരാവുന്ന ആപത്തുകളെക്കുറ ച്ച ചിന്തിക്കുമ്പോറം എന്തിനാണു് ചീനക്കപ്പലുകളിൽ നിസ്സാരവസ്തുക്കറം കയററി മിനക്കെടുത്തുന്നതെന്നു തോ ന്നാവുണ്ടു്. മറുനാടുകളിൽനിന്നു വരുന്ന കൌതുകവസ്തു ക്കളെ വലിയ കാൎയ്യമായി കരുതുന്നതു വിഡ്ഢിത്തമാണെ ന്നും അവയുടെ ദൌർലഭ്യത്തിന്നനുസരണമായി മൂല്യം കല്പിക്കരുതെന്നും നമ്മുടെ പുരാതനഗ്രന്ഥങ്ങളിൽതന്നെ നിർദ്ദേശിച്ചിട്ടുണ്ടു്.

*　　　*　　　*　　　*

കുതിരകളും കാളകളും നമ്മുടെ ജോലിക്കാരായി ക ഴിയുന്നു. അവയെ ബന്ധിച്ച വേല ചെയ്യിക്കുന്നതിൽ കുറെയൊക്കെ ക്രൂരത അന്തൎഭവിച്ചിട്ടുണ്ടെന്നു ഞാൻ സ മ്മതിക്കുന്നു. എന്നാൽ അവ നമുക്കു് ഒഴിച്ചുകൂടാൻ പാ ടില്ലാത്തവിധം ആവശ്യമാണല്ലോ. പട്ടികറം വലിയ സഹായികളാണു്. നമ്മുടെ വസ്തുവകകളെ കാത്തുരക്ഷി ക്ഷിക്കാൻ മനുഷ്യരേക്കാറം അവ ഉപകരിക്കുന്നു. അവ യെ അങ്ങിനെ ഉപയോഗിക്കുന്നതു സൎവ്വസാധാരണമായ തുകൊണ്ടു് ആ ജന്തുക്കളെ നമ്മുടേതാക്കി വയ്ക്കുന്നതു തെ ററായി നമുക്ക തോന്നുന്നില്ല.

എന്നാൽ മറെറാരു ജന്തുക്കളേയും അങ്ങിനെ നിയ ന്ത്രണത്തിൽ വയ്ക്കരുതു്. ശീഘ്രസഞ്ചാരം സന്തുഷ്ടിപ്രദ

മായി കരുതുന്ന ജീവികളെ പലപ്പോഴും ഇടുങ്ങിയ കൂട്ടിന കത്തു് അടച്ചിടുന്നുണ്ടു്. പക്ഷികളുടെ ചിറകിലെ തൂവലുകൾ മുറിച്ചു കളഞ്ഞിട്ടു് അവയേയും പഞ്ജരങ്ങളിൽ ബന്ധിക്കുന്നു. കഷ്ടം! ആ ജന്തുക്കൾ വിസ്തൃതമായ പാടങ്ങളേയും പവ്വതങ്ങളേയും ആകാശത്തേയും ആവേശപൂവ്വം ചിന്തിച്ചു കഴിയുന്നവയാണു്. ഹൃദയമുള്ളവക്കു് അവയുടെ ദുരിതാവസ്ഥയിൽ അലിവു തോന്നാതിരിക്കുന്നതെങ്ങിനെ? ഈ പ്രാണികളുടെ യാതനയിൽനിന്നു് എന്തൊരാനന്ദമാണു് നമുക്കു ലഭിക്കാൻ പോകുന്നതു്? ജീവികളെ പീഡിപ്പിച്ചു സന്തുഷ്ടി നേടാൻ ശ്രമിക്കുന്നവൻെറ ഹൃദയം ദൂഷിതമാണു്. ചൈനാക്കാരനായ ഒഷോയു പറവകളോടു യഥാത്ഥ സ്നേഹമുള്ളവനായിരുന്നു. അവ വനങ്ങളിൽ സ്വാതന്ത്ര്യമായി പറന്നു നടക്കുമ്പോൾ അവയെ കൂട്ടുകാരാക്കിക്കഴിയുന്നതായിരുന്നു അയാൾക്കു സന്തോഷം. അയാൾ ഒരിക്കലും അവയെ കൂട്ടിലാക്കി വിമ്മിഷ്ടപ്പെടുത്താൻ ഒരുമ്പെട്ടിരുന്നില്ല. അസാധാരണവഗ്ഗത്തിൽപെട്ട പക്ഷികളേയും മററു ജന്തുക്കളേയും കൂട്ടിലടച്ചു കാഴ്ചവസ്തുക്കളായി സൂക്ഷിക്കുന്ന ഏപ്പാടും നന്നല്ല.

*   *   *   *

### പഠനവിഷയങ്ങൾ

ഒരാളുടെ പ്രാപ്തിയെ പുഷ്ടിപ്പെടുത്തുന്ന കൂട്ടത്തിൽ പ്രഥമസ്ഥാനം ആചായ്യനിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും അറിവു സമ്പാദിക്കുന്നതിനാണു്.

കൈയക്ഷരം നന്നാക്കുക എന്നതിനു ഞാൻ രണ്ടാം സ്ഥാനം കല്പിക്കും. ഇക്കായ്യത്തിൽ അസാധാരണവൈ

ദശ്ശ്യം സമ്പാദിക്കണമെന്നല്ല ഞാൻ പറയുന്നതു്. വല്ല പ്രത്യേക ആവശ്യത്തിനും വേണമെങ്കിൽ അങ്ങിനെയാവാം. എന്നാൽ ഒരാളുടെ വിദ്യാഭ്യാസകാൎയ്യത്തിൽ അതിനും ഒരു പ്രധാനസ്ഥാനമുണ്ടായിരിക്കണം.

മൂന്നാമതായി വൈദ്യവിദ്യയ്ക്കു ഞാൻ പ്രാധാന്യം നല്കും; എന്തെന്നാൽ നമ്മുടെ ആരോഗ്യപരിപാലനത്തിനു് അതു് അത്യന്താപേക്ഷിതമാണു്. എന്നല്ല, മററുള്ളവരെ സഹായിക്കാനും പിതൃഭക്തി, വിശ്വാസശീലം തുടങ്ങിയ സദ്ഗുണങ്ങൾ വളൎത്താനും അതു പ്രയോജനപ്പെടും.

അടുത്ത സ്ഥാനം കുതിരസ്സവാരി, അസ്ത്രവിദ്യ ഇവയ്ക്കുണ്ടെന്നു സമ്മതിക്കാം. *ഷൂറായിൽ പ്രസ്താവിച്ചിട്ടുള്ള ആറു കലകളിൽ ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നതു ശരിയാണു്. ഭരണപരമായും സൈനികമായും ചികിത്സാപരമായും അവശ്യം വേണ്ട അറിവു നാം ഉത്സാഹപൂൎവ്വം സമ്പാദിക്കേണ്ടതുതന്നെയാണു്.

അഞ്ചാമതായി വരുന്നതു പാചകകലയാണു്. ആഹാരം മനുഷ്യന്റെ സ്വൎഗ്ഗമാണു്. വേണ്ടതരത്തിൽ സാധനങ്ങളെ യോജിപ്പിച്ചു സ്വാദുള്ള ഭക്ഷണസാമഗ്രികൾ നിൎമ്മിക്കാൻ കഴിയുന്ന ആളെക്കുറിച്ചു് എല്ലാൎക്കും വലിയ മതിപ്പുണ്ടായിരിക്കും.

ഇനി പറയാനുള്ളതു കൈത്തൊഴിലുകളെപ്പററിയാണു്. ഇതു നിശ്ചയമായും ആവശ്യവും പ്രയോജനകരവുമാണെന്നു പറയേണ്ടതില്ലല്ലോ.

---

* ചൈനയിലെ പ്രാചീനനിയമസംഹിത.

മുൻപറഞ്ഞതൊഴിച്ചുള്ള വിഷയങ്ങൾ താരതമ്യേന അപ്രധാനങ്ങളാണു്. എല്ലാ കലകളിലും പാണ്ഡിത്യം നേടാൻ ഒരുമ്പെടാതിരിക്കുന്നതു നന്നാണു്. എന്നുതന്നെയല്ല അപ്രകാരമുള്ള ഉദ്യമം ഒരു യോഗ്യനായ മനുഷ്യനു ചേർന്നതല്ലെന്നാണു് എൻെറ പക്ഷം. സംഗീതത്തിലും സാഹിത്യത്തിലും പ്രാവീണ്യം സമ്പാദിക്കുന്നതു പ്രാചീനകാലം മുതൽതന്നെ ആദരണീയമായി കരുതിയിരുന്നു. പക്ഷേ ഇന്നത്തെ രാഷ്ട്രീയരംഗത്തു് അവയ്ക്കൊന്നും വലിയ സ്ഥാനമില്ല. സ്വർണ്ണം നല്ലതുതന്നെ. എന്നാൽ പ്രയോജനത്തെക്കരുതി ഇരുമ്പിനെയാണു് ഞാൻ ആവശ്യപ്പെടുന്നതു്.

*           *           *           *

നന്നാക്കുന്നതുകൊണ്ടു പ്രയോജനമില്ലാത്തതിനെ നന്നാക്കാൻ ശ്രമിച്ചു സമയം വ്യർത്ഥമാക്കാതിരിക്കുക.

*           *           *           *

മാസഫൂസാ ദൈനഗാൺ അസാമാന്യ കഴിവുകളുള്ള നല്ല മനുഷ്യനായിരുന്നു. അദ്ദേഹത്തിൻെറ ശേഷിയെ അംഗീകരിക്കുന്നതിനും 'തായിഷോ' ആയി അദ്ദേഹത്തിനു സ്ഥാനക്കയററം നല്കുന്നതിനും ചക്രവർത്തി നിശ്ചയിച്ചു. ഒരു ദിവസം അദ്ദേഹം ഒരു നികൃഷ്ട കൃത്യം ചെയ്തതായി ദൂതൻ ചക്രവർത്തിയെ അറിയിച്ചു. എന്തായിരുന്നു ആ പ്രവൃത്തി എന്നു ചക്രവർത്തി ചോദിച്ചതിനു സേവകൻ ഉത്തരം പറഞ്ഞു:

"മാസഫൂസാ പ്രഭു അദ്ദേഹത്തിൻെറ പുള്ളപക്ഷിയെ തീററുന്നതിനായി ജീവനുള്ള ഒരു പട്ടിയുടെ കാ

ലു മറിച്ചിട്ടത്തു. അതു ഞാൻ വേലിയുടെ ഇടയിൽകൂടി നോക്കിക്കണ്ടു.”

ഇതു ചക്രവത്തിയെ അമഷാസധനാക്കി. തന്മൂലം അദ്ദേഹം മാസഫൂസായ്ക്കു് ഉദ്ദേശിച്ചിരുന്ന സ്ഥാനക്കയററം നല്കിയില്ല.

## പ്രാണികളുടെ ജീവിതപ്രേമം

സ്ഥാനവലിപ്പമുള്ള ഒരാറം പുള്ളുപക്ഷിയെ വളത്തു മെന്നു വിശ്വസിക്കുക പ്രയാസം. പിന്നെ അങ്ങിനെയുള്ളയാറം ജീവനുള്ള പട്ടിക്കു് അംഗഭംഗമുണ്ടാക്കുമെന്നു പറയുന്നതു സത്യമാകാനിടയില്ല. ഇങ്ങനെ ദുഷ്പ്രചരണത്തിനു് ഇരയായിത്തീന്ന മാസഫൂസായുടെ അവസ്ഥയിൽ നമുക്കു് അനുശോചിക്കാമെങ്കിലും ചക്രവത്തിയുടെ മഹനീയചിത്തവൃത്തിയിലും ക്രൂരതയോടു് അദ്ദേഹത്തിനുള്ള വെറുപ്പിലും നാം ആഹ്ലാദിക്കയും ചെയ്യേണ്ടതുതന്നെ.

പ്രാണികളെ നിഷ്ഠുരണം കശാപ്പു ചെയ്യുന്ന നികൃഷ്ടജീവി സവ്ഥാ നിന്ദാപാത്രംതന്നെയാണു്. അതുപോലെ ജന്തുക്കളെ പരസ്പരം പോർചെയ്യിച്ചു രസിക്കുന്നവരും അതിൽനിന്നു വ്യത്യാസപ്പെട്ടവരല്ല. പക്ഷിമൃഗാദികളുടെയെന്നല്ല വെറും കീടങ്ങളുടെ ജീവിതരീതിയെക്കുറിച്ചും നാം പഠിക്കാമെങ്കിൽ അവ തങ്ങളുടെ സന്താനങ്ങളെ അത്യധികം സ്നേഹിക്കുന്നതും മാതാപിതാക്കളുടെ വാത്സല്യം ആഗ്രഹിക്കുന്നതും സുഹൃത്തുക്കളുടെ സാമീപ്യംകൊണ്ടു് ആനന്ദിക്കുന്നതും ആശകളും അഭിലാഷങ്ങളും വെച്ചുപുലത്തുന്നതും ജീവിതത്തെപ്പററി പഠിക്കുന്നതും എല്ലാം നമുക്കു മനസ്സിലാക്കാൻ സാധിക്കും. മനുഷ്യരെ

പ്പോലെ വിശേഷബുദ്ധിയില്ലാത്തതുകൊണ്ടു് ഈ ജീവികാംക്കു മുൻപറഞ്ഞ വികാരങ്ങാം ഏററവും തീക്ഷ്ണരൂപത്തിലായിരിക്കും. ആ സ്ഥിതിയിൽ അവയെ നാം എങ്ങിനെയാണു് പീഡിപ്പിക്കയും വധിക്കയും മററും ചെയ്യുന്നതു്. ഈ വസ്തുതകാം അറിഞ്ഞുകൊണ്ടു ദയാഹീനമായി പെരുമാറുന്നവൻ മനുഷ്യരാശിയുടെ നിലയിൽ നിന്നു തുലോം താണ പടിയിലുള്ളവനാണെന്നു് ഉറപ്പിച്ചു പറയാം.

*     *     *     *

യോഗ്യനായ ഒരാാം താൻ ഒരുവിധത്തിലും ഉപദ്രവകാരിയാകാതിരിക്കാൻ സദാ ശ്രമിക്കണം. ഇതു തൻെറ വ്രതമായിരുന്നുവെന്നു ചൈനയിലെ യോഗീശ്വരനായ ഗ്വാങ്കെ പറയാറുണ്ടു്. നാം ആക്കും ശല്യമായിത്തീരാതെ സൂക്ഷിക്കണമെന്നാണു് ഇതിൻെറ താല്പര്യം. ശല്യക്കാരാകാതിരുന്നാൽമാത്രം പോരാ, നാം ആരുടെ മേലും സമ്മർദ്ദാധികാരം പ്രയോഗിക്കാതെയുമിരിക്കണം. അതുപോലെ നമ്മേക്കാാം എളിയവരുടെ മനശ്ശക്തിയെ നമ്മുടേതിനു കീഴ്പ്പെടുത്തുകയുമരുതു്.

ചിലർ കൊച്ചുകുഞ്ഞുങ്ങളെ ആക്ഷേപിച്ചും ഉപദ്രവിച്ചും രസിക്കുന്നതു ഞാൻ കാണാറുണ്ടു്. മുതിന്നവരുടെ ഈ തമാശകാം ചെറുപൈതങ്ങാംക്കു നടുക്കമുണ്ടാക്കുന്നവയാണെന്നു് അയാാം അറിയുന്നില്ല. ഒരു ശിശുവിൻെറ ചിന്താഗതിയെ വിമ്മിഷ്ടപ്പെടുത്തി സന്തോഷിക്കുന്നതു ക്രൂരതതന്നെയാണു്.

രോഗങ്ങൾക്കുള്ള സാധാരണഹേതു

പ്രായമായവൻെറ സന്തോഷവും സന്താപവും ഈർഷ്യയും സുഖാനുഭോഗങ്ങളും എല്ലാം വാസ്തവത്തിൽ ക്ഷണികങ്ങളും കഴമ്പില്ലാത്തവയുമാണു്. എന്നാൽ അയാളെ സംബന്ധിച്ചിടത്തോളം അവയെല്ലാം പ്രധാനങ്ങളല്ലെന്നു പറയാമോ? ഒരാളുടെ ശരീരത്തിൽ മുറിവേല്ക്കുന്നതിനേക്കാൾ കഷ്ടമാണു് ആയാളുടെ മനസ്സിനെ വ്രണപ്പെടുത്തുന്നതു്. രോഗങ്ങൾതന്നേയും പലപ്പോഴും മനസ്സിനു സംഭവിക്കുന്ന ക്രമക്കേടുകൾ കാരണമാണു് ഉണ്ടാകുന്നതു്.

രോഗങ്ങൾ മിക്കവയും ശരീരത്തിനു വെളിയിൽനിന്നു പിടിപെടുന്നവയല്ല. രോഗിയെ വിയപ്പിക്കാൻ മരുന്നു കൊടുത്താൽ ചിലപ്പോൾ വിയക്കാതിരിക്കുന്നതു കണ്ടിട്ടില്ലേ? എന്നാൽ ഒരാൾക്കു പെട്ടെന്നു കുറച്ചിലോ ഇളിഭ്യതയോ കൈവരുമ്പോൾ അതിവേഗത്തിൽ അയാൾ വിയത്തു കുളിച്ചതുപോലാകുന്നതു സാധാരണമല്ലേ? ഇതു മനസ്സിൻെറ പ്രവത്തനംമൂലം സംഭവിക്കുന്നതാണു്.

റയോ ഉൺ കൊട്ടാരത്തിലെ ഫലകത്തിൽ ചായമിടാൻ കയറിയിട്ടു തിരിയെ ഇറങ്ങിവന്ന ജോലിക്കാരൻെറ കറുത്ത തലമുടി ക്ഷണനേരംകൊണ്ടു വെളുത്ത കഥ നാം ചരിത്രത്തിൽ വായിച്ചിട്ടുണ്ടല്ലോ.*

* ഈ കൊട്ടാരത്തിൻെറ ഗോപുരാഗ്രത്തിലുള്ള ഫലകത്തിൽ ചായം പുരട്ടേണ്ടിയിരുന്നതു വിസ്മരിക്കകാരണം പിന്നീടു് ആ ജോലി ചെയ്തുതീക്കുന്നതിനായി ഒരുവനെ ഒരു കുട്ടയിലാക്കി മുകളിലേയ്ക്കു വലിച്ചു കയററി. തലച്ചുററൽ വരുത്തുമാറുള്ള പൊക്കത്തിലേയ്ക്കു് അയാൾ ഉയന്നുപോയപ്പോഴും അവിടെയിരുന്നു ചായമിട്ടപ്പോഴുമൊക്കെ ജീവാപായം വരുമെന്നുള്ള ഭയം അയാളെ തീവ്രമായി ബാധിച്ചിരുന്നു. തന്മൂലം അല്പസമയത്തിനുള്ളിൽ അയാളുടെ തലമുടി മുഴുവൻ നരച്ചുപോയി.

ഒരിക്കലും ആരോടും കലഹിക്കാതിരിക്കുന്നതാണു് ഉത്തമം. മററുള്ളവരുമായി അഭിപ്രായഭിന്നതയുണ്ടാകുമ്പോൾ വഴങ്ങിക്കൊടുക്കയാണു് ഭേദം. എന്തെന്നാൽ മുൻപന്തിയിൽ സ്ഥാനത്തിനുവേണ്ടി പടവെട്ടുന്നതിനേക്കാൾ പുറകിൽ സ്വൈരമായി കഴിയുന്നതാണു് ഏററവും അഭിലഷണീയം. മത്സരക്കളികളിൽ താല്പര്യമുള്ളവനു മററുള്ളവരേക്കാൾ കൂടുതൽ സാമൎത്ഥ്യം പ്രകടിപ്പിക്കുന്നതിലും വിജയം നേടുന്നതിലും പ്രകൃത്യാതന്നെ ഉന്മേഷവും സന്തുഷ്ടിയും ഉണ്ടായിരിക്കുമല്ലോ. അതുകൊണ്ടുതന്നെ തോൽവി അയാൾക്കു വലിയ വിമ്മിഷ്ടമുണ്ടാക്കുകയും ചെയ്യും. എന്നാൽ നാം മററുള്ളവരുടേയും അവർ നമ്മുടേയും പരാജയത്തിൽ ആഹ്ലാദിച്ചാൽ ഇരുകൂട്ടക്കും സമചിത്തത പ്രദർശിപ്പിക്കുക സാദ്ധ്യമല്ലാതാകും. മററുള്ളവരുടെ ഇച്ഛാഭംഗത്തിൽ സന്തോഷിക്കുക എന്നതു സദാചാരവിരുദ്ധമാണു്. തൻെറ സാമൎത്ഥ്യത്തിൽ അതിരുകവിഞ്ഞ ആഹ്ലാദം പ്രകടിപ്പിച്ചു സ്വസുഹൃത്തുക്കളെ പരിഭവപ്പെടുത്തുന്നതും ഭംഗിയല്ല. അതിനെക്കാൾ ഗൎഹണീയമാണു് ആഹ്ലാദത്തിൻെറ പേരിൽ കള്ളക്കൌശലം പ്രയോഗിച്ചു് അവരെ വഞ്ചിക്കുക എന്നതു്.

മേൽവിവരിച്ച പ്രകാരം പെരുമാറിയാൽ കാലാന്തരത്തിൽ ചെറിയ അസുഖങ്ങൾ വളൎന്നു ജന്മശത്രുതയായി ഭവിക്കും; അതിൻെറയെല്ലാം ഉല്പത്തി തന്നത്താൻ കേമനാണെന്നു വരുത്താനുള്ള ശ്രമത്തിൽനിന്നാണു്.

ഒരാൾ സാമൎത്ഥ്യത്തിൽ മററുള്ളവരെ അതിശയിക്കണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ അതു സംസ്കാരത്തി

ലും സ്വഭാവശുദ്ധിയിലുമായിരിക്കണമെന്നാണ് എൻെറ പക്ഷം; അങ്ങിനെയുണ്ടാകുന്ന മേന്മയിൽ തന്നെത്താൻ അഹങ്കരിക്കാതിരിക്കയും വേണം. കഴിയുന്നത്ര സുഹൃത്തുക്കളുമായി മത്സരത്തിന്നു് ഇടയുണ്ടാക്കരുത്. ശരിയായ വിദ്യാഭ്യാസവും സംസ്കാരവും ഉണ്ടായിരുന്നാലേ വലിയ സ്ഥാനങ്ങളും ലാഭങ്ങളും ഉപേക്ഷിക്കാനുള്ള മനസ്ഥിതി വരികയുള്ളു.

*　　　*　　　*　　　*

## പ്രകൃതിയുടെ ചിന്തോദ്ദീപകത്വം

ചെറിയ പുഷ്പങ്ങൾ വികസിച്ചു നില്ക്കുന്നതിൻെറയും ശുഭ്രമായ ആകാശത്തു വിളങ്ങുന്ന ചന്ദ്രൻെറയും തികഞ്ഞ ശോഭ മാത്രമല്ല മനോഹരക്കാഴ്ചകളായിട്ടുള്ളത്. നഭോവീഥി കാർമ്മേഘപടലംകൊണ്ടു മറഞ്ഞിരിക്കുമ്പോൾ ചന്ദ്രനെ ഒരു നോക്കു കാണ്മാൻ അഭിനിവേശം ജനിക്കുന്ന അവസരത്തിലും വസന്തഋതുവിൻെറ ചേതോഹാരിത ദശിക്കാൻ കഴിയാതാവുമ്പോഴും നമ്മുടെ ഹൃദയം ആവേശം കൊള്ളാറുണ്ടു്. അതുപോലെ ഉദ്യാനത്തിൽ പുഷ്പലതാദികൾ തഴച്ചുവളന്നിരിക്കുന്ന കാലത്തും അവിടം ശൂന്യവും നിഷ്പ്രഭവുമായിരിക്കുമ്പോഴും അതു് ഒന്നുപോലെ ചിന്തോദ്ദീപകമാണു്.

എത്രയോ കാവ്യകാരന്മാർ ഇപ്രകാരമുള്ള വികാരപ്രകടനത്തോടുകൂടി കവിത ആരംഭിക്കുന്നു: "ആ പുഷ്പവാടി ഞാൻ സന്ദശിച്ചു. എന്നാൽ കുസുമങ്ങളെല്ലാം മൃതപ്രായമായി എൻെറ മുമ്പിൽ വീണുകിടക്കുന്നതാണു് ഞാൻ കണ്ടതു്." അല്ലെങ്കിൽ, "അവയുടെ ദശനം ഞാൻ ആ

വേശപൂർവ്വം ആശിച്ചിരുന്നു. എന്നാൽ എന്തു പറയട്ടെ! എനിക്കാ ഭാഗ്യം കൈവന്നില്ല.” ഈ വാക്കുകൾ “പ്രഫുല്ലവിലസിതങ്ങളായ ആ കുസുമതതിയെ ഞാൻ കാണുകയുണ്ടായി.” എന്നു പറയുന്നതുപോലെതന്നെ ഹൃദയസ്പർശികളല്ലേ?

മുട്ടലചിത്തരിൽ പുഷ്പങ്ങളുടെ വിഷാദപ്രകടനങ്ങളും അപരപക്ഷത്തിലെ ചന്ദ്രനിൽ ദൃശ്യമാകുന്ന ക്ഷീണവും വികാരം ജനിപ്പിക്കും. എന്നാൽ വെറും ഗ്രാമീണനായ മനുഷ്യനു് അപ്രകാരമുള്ള ചിന്താഗതിയൊന്നും ഉണ്ടാകയില്ല. അയാൾ പറയും: “ആ വൃക്ഷശാഖ ഉണങ്ങിപ്പോയി; പോകട്ടെ, അതിനെക്കുറിച്ചു് എന്താണു് ചിന്തിക്കാനുള്ളതു്?”

വാസ്തവം ആലോചിക്കയാണെങ്കിൽ ഏതൊരു വസ്തുവിൻേറയും ഉത്ഭവവും അന്ത്യവും ഒന്നുപോലെ ഹൃദയസ്പർശിയാണു്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗം അവർ ഒന്നിച്ചിരിക്കുമ്പോൾ മാത്രമേ അവരുടെ മനസ്സിനെ ചലിപ്പിക്കുന്നുള്ളു? വിരഹദുഃഖത്തെക്കുറിച്ചു് എന്തു പറയുന്നു? നോക്കുന്നിടത്തൊക്കെ ഒരു ശൂന്യത, ഉറക്കം വരാത്ത നീണ്ട രാത്രികൾ, തമ്മിൽ അകററുന്ന ദൂരത്തിൻെറ അമിതദൈർഘ്യം—ഈ തോന്നലുകൾക്കു് എന്താണു് സമാധാനം? ഉല്ലാസപൂർവ്വം കഴിഞ്ഞ കാലങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഉണ്ടാകുന്ന ഹൃദയഭാരം, ഇപ്പോൾ വിജനമായിക്കിടക്കുന്ന ആ ചെറുമന്ദിരം—ഇവയൊക്കെ അനുരാഗത്തിൽ കഴിയുന്നവക്കു വേദനാജനകമായിത്തീരുന്നില്ലേ?

## മങ്ങിയ ചന്ദ്രൻ

തുടുത്ത സുപ്രഭാതത്തിൽ മങ്ങിമയങ്ങി നില്ക്കുന്ന ചന്ദ്രനിൽ പൂനിലാവു പൊഴിച്ചുകൊണ്ടു സായന്തനസന്ധ്യയ്ക്കു് ഉദിച്ചുയരുന്ന പൂർണ്ണശശാങ്കനെക്കാൾ ചിന്തോദ്ദീപകത്വം നാം ദർശിക്കുന്നില്ലേ? ശാഖോപശാഖകൾ വിരിനിബിഡമായി നില്ക്കുന്ന പൈൻവൃക്ഷത്തിൻെറ ഇലകൾക്കും കൊമ്പുകൾക്കും ഇടയിൽക്കൂടി ചോൎന്നുവരുന്ന ചന്ദ്രികാശകലങ്ങൾ, പാറിപ്പറന്നു നടക്കുന്ന മേഘസമൂഹത്താൽ ആച്ഛാദിതനായ രജനീനാഥൻ ഇവയൊക്കെ വികാരോത്തേജകങ്ങളല്ലേ? പ്രിയസുഹൃത്തുക്കളെക്കുറിച്ചുള്ള ചിന്താവിഷ്ടതപോലേയും നഗരങ്ങളിലെ ആഹ്ലാദപ്രവാഹംപോലേയുംതന്നെ വൃക്ഷദലങ്ങളിൽക്കൂടി തത്തിക്കളിച്ചു നീങ്ങുന്ന പൂനിലാവിൻെറ സുന്ദരത ഹൃദയത്തിൽ തുളച്ചുകയറുന്നു.

അതിരിക്കട്ടെ. ചന്ദ്രൻ, പുഷ്പങ്ങൾ ഇവയെ വെറും കാഴ്ചകൊണ്ടുമാത്രം സ്നേഹിച്ചാൽ പോര. നാം വീട്ടിൽ ഇരിക്കുമ്പോഴും അന്തൎന്നേത്രംകൊണ്ടു വസന്തൎത്തുവിൻെറ മനോഹാരിതയും ഇഴുകിച്ചലിച്ചുകൊണ്ടിരിക്കുന്ന അമൃതകിരണൻെറ സൌകുമാര്യവും കണ്ടു സുഖിക്കാറാവണം.

## നിസർഗ്ഗസൌന്ദര്യം

പുറമെ കാണുന്ന അഴകിനെ മാത്രം വിഴുങ്ങിക്കഴിഞ്ഞു കൂടുന്ന മനുഷ്യൻ യഥാൎത്ഥരസികത്വമുള്ളവനല്ല. സുകുമാരവസ്തുക്കളിൽ അന്തൎഭവിച്ചിട്ടുള്ള നേരിയ സൌന്ദര്യം ആസ്വാദിക്കാനുള്ള പ്രാപ്തിയാണാവശ്യം. സംസ്കാ

രലേശമില്ലാത്ത ഗ്രാമീണൻ ഫുല്ലകുസുമിതങ്ങളായ വൃക്ഷലതാദികളുടെ മുൻപിൽ വൃഥാ തുറിച്ചു നോക്കി നില്ക്കുന്നതു കാണാം. അവയെ കൈവശമാക്കണമെന്നൊരു ചിന്ത അയാൾക്കു പ്രേരണ നല്കുന്നുണ്ടായിരിക്കാം. പുഷ്പസമൃദ്ധിയുള്ള ശാഖകളെ അയാൾ വലിച്ചൊടിച്ചുവെന്നു വരാം. അച്ഛസ്ഫടികസങ്കാശമായി ഒഴുകുന്ന അരുവിയിലേയും ശാന്തമായി പരന്നു കിടക്കുന്ന തടാകത്തിലേയും നിർമ്മലജലത്തിൽ അയാൾ തൻെറ മുരടൻ കൈകളെ മുക്കിനോക്കും; പുതുതായി വീണുകിടക്കുന്ന മഞ്ഞിൽ ചവുട്ടി കാല്പാടുകൾ ഉണ്ടാക്കും. ഇങ്ങനെയൊക്കെയല്ലാതെ നിസർഗ്ഗമായ സൌന്ദര്യം ആസ്വാദിക്കുക അയാൾക്കു സാദ്ധ്യമല്ല.

ഉത്സവകാലങ്ങളിലെ ആഘോഷച്ചടങ്ങുകളെ സ്വന്തം മറയത്തരം കലന്ന വീക്ഷണഗതിയിൽക്കൂടെയല്ലാതെ ഇക്കൂട്ടൎക്കു കാണാൻ കഴിയുകയില്ല. പല തെററിദ്ധാരണകൾ പുലത്തിക്കൊണ്ടാണു് അവയെ അവർ നോക്കുന്നതു്. ഉത്സവത്തിൻെറ എഴുന്നള്ളിപ്പു മുൻപിൽ വരുന്നതുവരെ അതാതു സ്ഥാനത്തു് അവർ കാത്തു നില്ക്കുന്നതെന്തിനാണു്? ആ സമയം പുറവശത്തുള്ള വല്ല സങ്കേതത്തിലും ചെന്നു തിന്നും കുടിച്ചും ചൂതു കളിച്ചും സമയം ചിലവഴിക്കുന്നതാണു് അവൎക്കിഷ്ടം. എഴുന്നള്ളിപ്പു് എത്തിക്കഴിഞ്ഞു എന്നു കേൾക്കുമ്പോൾ അവർ താറുമാറായി ഓടി വരും. അവരുടെ ബഹളം കണ്ടാൽ എന്തോ അത്യാഹിതം സംഭവിച്ചുവെന്നു മററുള്ളവൎക്കു തോന്നിയേക്കും. കാഴ്ചകളിൽ ഒന്നും വിട്ടുപോകാതിരിക്കാനായി അ

വർ ഉന്തും തള്ളുമൊക്കെ നടത്തും. അവരുടെ ആഭാസ വിമർശനങ്ങറം ഉച്ചത്തിൽ കേറംക്കാം. എഴുന്നള്ളിപ്പിൻെറ ഒരു ഘട്ടം കഴിയുമ്പോറം വീണ്ടും അവർ മറന്നു തുടങ്ങും. സൌന്ദര്യ്യബോധമില്ലാതെ പുതുമയെ മാത്രം കാര്യ്യമായി ഗണിക്കുന്ന സംസ്കാരശൂന്യരുടെ സ്വഭാവം ഈ മട്ടിലാണു്.

## മരണത്തിൻെറ സഹവർത്തിത്വം

ലോകത്തിലുള്ള സകല ആളുകളും മരിച്ചു കഴിഞ്ഞിട്ടു് ഒരാറം മാത്രം ശേഷിക്കുന്നുവെങ്കിൽ അയാറം ചിരഞ്ജീവിയാണെന്നു പറയാമോ? ഒരു പാത്രത്തിൽ തുളുമ്പുമാറു വെള്ളം നിറച്ചിട്ടു് അടിയിൽ ഒരു ചെറിയ സുഷിരമുണ്ടാക്കുക. ആ ദ്വാരത്തിൽകൂടി വെള്ളം തുള്ളിതുള്ളിയായി സാവധാനം വെളിയിലേയ്ക്കു പോവുകയേ ഉള്ളു. എങ്കിലും അവസാനത്തിൽ പാത്രം ശൂന്യമാവുകതന്നെ ചെയ്യും. ഒരു പട്ടണത്തിൽ ആരെങ്കിലും മരിക്കാത്ത ഒരു ദിവസംപോലും കാണുമോ? ശ്മശാനത്തിൽ പ്രേതങ്ങറം ചെന്നുചേരാത്ത ദിവസമേയില്ല. ശവപ്പെട്ടിയുണ്ടാക്കുന്ന തൊഴിലുകാരനു് അവൻെറ കച്ചവടസ്സാമാനം ചിലവാകാതെ പോകുമെന്നു ഭയപ്പെടേണ്ട ആവശ്യം ഉണ്ടാവുകയില്ല. യുവത്വവും ശരീരശക്തിയും ദീഘായുസ്സിനുള്ള ഉത്തരവാദിത്വം വഹിക്കുന്നില്ല. ജീവിതത്തിൻെറ ക്ഷണഭംഗുരത! വാസ്തവം നോക്കുകയാണെങ്കിൽ നാം ഇന്നുവരെ ജീവിച്ചിരുന്നതിൽ ആശ്ചര്യ്യപ്പെടുകയാണു് വേണ്ടതു്. ഈ ലോകത്തിൽ യഥാത്ഥസുഖം എവിടെയാണിരിക്കുന്നതു്?

വീട്ടിൽനിന്നു യുദ്ധത്തിനു യാത്ര തിരിക്കുന്ന സൈനികൻ താമസിയാതെ മരണദേവതയുടെ മുഖത്തോടുമുഖം നോക്കുന്നു. അതറിഞ്ഞുകൊണ്ടുതന്നെയാണ് അയാൾ കുടുംബബന്ധത്തേയും തന്നെത്തന്നേയും വലിച്ചെറിയുന്നതു്. മുനിവൃത്തിക്കാരൻ മനുഷ്യാധിവാസസ്ഥലങ്ങളിൽനിന്നു ദൂരത്തായി പാറക്കെട്ടുകളുടേയും അരുവികളുടേയും സമീപത്തിരുന്നു ധ്യാനത്തിലും മററും കഴിയുമ്പോൾ മരണം അയാളെ മറന്നുപോകുമെന്നു ചിന്തിച്ചേയ്ക്കാം; ഒരിക്കലുമില്ല. അയാൾക്കതൊരു തെററിദ്ധാരണയാണ്. അയാളുടെ ഇരിപ്പിടമായ പവ്തത്തെക്കൂടി കാലശക്തി നശിപ്പിക്കും. യോദ്ധാവിൻെറ കൂടെയെന്നപോലെ മരണം അയാളുടേയും സമീപവത്തിയായിട്ടുണ്ടായിരിക്കും.

* * * *

ഒരിക്കൽ കൊടുങ്കാററും മഴയും കാരണം താമെക്കാനെ നൈദഗാൺ ന്യൂദോ, ടോജികവാടത്തിൽ അഭയം പ്രാപിച്ചു. അവിടെ ഒട്ടുവളരെ ഭിക്ഷക്കാർ കാലേക്കൂട്ടി സ്ഥാനം പിടിച്ചിരുന്നു. അവരുടെ കൂട്ടത്തിൽ പലവിധ അംഗവൈകല്യമുള്ളവരെ അദ്ദേഹം കണ്ടു. ആദ്യം ആ കാഴ്ച അദ്ദേഹത്തിനു രസകരമായിത്തോന്നിയെങ്കിലും പിന്നീടു് അതു് ഒരു ഘോരദശ്നമായി അനുഭവപ്പെട്ടു. വിഡ്ഢിയായി ജനിച്ചാലും അംഗങ്ങൾക്കു ഹാനി കൂടാതിരിക്കുന്നതാണ് ഭാഗ്യം എന്നു ചിന്തിച്ചുകൊണ്ടു് അദ്ദേഹം അവിടെനിന്നു പോയി. അന്നുവരെ അസാധാരണതയുള്ള ചെടികളും പ്രത്യേകരീതിയിൽ വിരൂപമായ ശാഖകളോടുകൂടിയ മരങ്ങളും വളത്തുന്നതിൽ അദ്ദേഹം ഉത്സു

കനായിരുന്നു. പ്രസ്തുതകാഴ്ച കണ്ടപ്പോൾ, വികലമായി വളരുന്ന വൃക്ഷങ്ങളേക്കാൾ എത്രയോ ഭാഗ്യഹീനരാണ് ഈ മൊണ്ടികളും മുടന്തന്മാരുമെന്ന് അദ്ദേഹം ചിന്തിച്ചു. താൻ താല്പര്യത്തോടെ വളർത്തിയിരുന്ന വികൃതരൂപത്തിലുള്ള ചെടികളോടും വൃക്ഷങ്ങളോടും അദ്ദേഹത്തിനു വെറുപ്പു തോന്നി. അവയെ വേരോടെ പിഴുതു ദൂരത്തു കളഞ്ഞു. ഈ കൃത്യം എത്രയും ഉചിതമായി എന്നാണ് എന്റെ അഭിപ്രായം.

*　　　*　　　*　　　*

ദുഷ്ടസന്ന്യാസി

ജന്തുക്കളോടു ക്രൂരമായി പെരുമാറുന്നതിനെക്കുറിച്ച് ഇതിനുമുമ്പു ഞാൻ പ്രസ്താവിച്ചുവല്ലോ. ഹെഞ്ജോ ദേവാലയത്തിൽ ശോഷി എന്നു പേരുള്ള ഒരു സന്ന്യാസവൃത്തിക്കാരൻ ഉണ്ടായിരുന്നു. സമീപത്തുള്ള തടാകത്തിൽ വന്നുചേരുന്ന പക്ഷികളെ അയാൾ വളരെ പണിപ്പെട്ട് ഇണക്കി വശപ്പെടുത്തും. ഒരു ദിവസം അയാൾ ഒരു കൗശലം പ്രയോഗിച്ചു. ആഹാരസാധനങ്ങൾ ക്ഷേത്രത്തിനകത്തും പുറത്തും ചിതറിയിട്ടു. ഒട്ടുവളരെ പക്ഷികൾ ക്ഷേത്രകവാടത്തിൽക്കൂടി ഉള്ളിലേയ്ക്കു കടന്നു ചെന്നു. ശോഷി അവയുടെ പുറകെ എത്തി കിട്ടാവുന്ന പക്ഷികളെയൊക്കെ പിടികൂടി. ആ സമയം ക്ഷേത്രമതിലിനു വെളിയിൽ കുറെ ബാലന്മാർ പുല്ലു പറിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. കോവിലിനുള്ളിൽ പക്ഷികളുടെ ക്രന്ദനശബ്ദം കേട്ട് അവർ ഓടിച്ചെന്നു ഗ്രാമവാസികളെ വിവരം ധരിപ്പിച്ചു. ആർക്കെങ്കിലും ആപത്തു വല്ലതും പററിയിരിക്കുമെന്നു തെററിദ്ധരിച്ചു ഗ്രാമക്കാർ പരിഭ്രമ

ത്തോടെ കാടിയെത്തി. അവർ വന്നപ്പോൾ ആ ദുഷ്ട സന്ന്യാസി ഭയവിഹ്വലരായ പക്ഷികളെ ഹിംസിക്കുന്നതു കണ്ടു. അവർ സന്ന്യാസിയെ പിടിച്ചു രക്ഷാഭടന്മാരെ ഏല്പിച്ചു. അയാൾ വധിച്ച പക്ഷികളെ മാലയാക്കി ആ മനുഷ്യാധമൻെറ കഴുത്തിലിട്ടുകൊണ്ടു അയാളെ അവർ കാരാഗൃഹത്തിലേയ്ക്കു കൊണ്ടുപോയി.

* * * *

മനുഷ്യൻെറ വിചാരങ്ങളേയും ആലോചനകളേയും കുറിച്ചു ചിന്തിക്കുമ്പോൾ അതു് ഒരാൾ ഹേമന്തകാലത്തു ബുദ്ധദേവൻെറ മഞ്ഞുവിഗ്രഹം ചമച്ചിട്ടു വസന്തകാലം വരുമ്പോൾ നല്ല ഒരു ക്ഷേത്രം നിർമ്മിച്ചു് അതിനെ അവിടെ പ്രതിഷ്ഠിച്ചു വിലയേറിയ ആഭരണങ്ങൾ അണിയിച്ചു വയ്ക്കണമെന്നു നിശ്ചയിക്കുന്നതുപോലെ എനിക്കു തോന്നാറുണ്ടു്. മഞ്ഞുവിഗ്രഹം വസന്തം വരുന്നതുവരെ അങ്ങിനെ അവിടെ നില്ക്കാൻ പോകയാണോ? വാസ്തവത്തിൽ മനുഷ്യജീവിതമെന്നതു മഞ്ഞുവിഗ്രഹം പോലെ ദിവസേന ഉരുകിക്കുറഞ്ഞുകൊണ്ടിരിക്കുന്നതല്ലേ?

* * * *

വിധവയായ *മാട്സുഷീതാസെന്നി ടോക്കിയോറിയുടെ മാതാവായിരുന്നു. രാജ്യത്തിലെ ഭരണകർത്താവായ അദ്ദേഹത്തെ ഒരിക്കൽ മാതാവു് അവരുടെ ഭവനത്തിലേയ്ക്കു ക്ഷണിച്ചു. ടോക്കിയോറി അവിടെ ചെന്നപ്പോൾ സ്വമാതാവു ചുവരുകൾക്കു പുറത്തു പതിച്ചിരുന്ന കടലാസിൽ വീണിട്ടുള്ള സുഷിരങ്ങളെ പശ പുരട്ടി കടലാസുകഷണങ്ങൾ ഒട്ടിച്ചു് അടയ്ക്കുന്നതു കണ്ടു. ദ്വാ

* ഇവരെ യോഗിനി എന്നാണു് ജനങ്ങൾ വിളിച്ചുവന്നതു്.

രം വീണിരുന്ന സ്ഥലങ്ങൾ കാഴ്ചയ്ക്കു വൃത്തിഹീനങ്ങളായിരുന്നു. മാട്സുഷീതാസെന്നിയുടെ ജ്യേഷ്ഠസഹോദരനും അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹം വൃദ്ധയായ അവരോടു പറഞ്ഞു: "ഈ അററകുററം തീക്കൽ ഭൃത്യരെക്കൊണ്ടു ചെയ്യിക്കരുതോ? ഇതു് അവൻെറ ജോലിയാണല്ലോ." വൃദ്ധ മറുപടി പറഞ്ഞു: "ഭൃത്യനെപ്പോലെ ഈ ജോലി ഭംഗിയായി നിവ്ഹിക്കാൻ ഈ യോഗിനിക്കും സാധിക്കും." ജ്യേഷ്ഠസോദരൻ വീണ്ടും പറഞ്ഞു: "ഇതു മുഴുവൻ പുത്തനായി കടലാസു് ഒട്ടിക്കുന്നതാണു് നല്ലതു്. എന്തെന്നാൽ ഈ ഏച്ചുപിടിപ്പിക്കൽ കാഴ്ചയ്ക്കു വെറും ബീഭത്സമായിരിക്കുന്നു." മാട്സുഷീതാ മറുപടി പറഞ്ഞു: "അതു ശരിതന്നെന്നു ഞാനും സമ്മതിക്കുന്നു. പക്ഷേ തല്ക്കാലത്തേയ്ക്കു് ഈ ഓട്ട അടയ്ക്കൽമാത്രം കൊണ്ടു് ആവശ്യമുള്ള പ്രയോജനം ഉണ്ടാകുമല്ലോ. ഒരു പക്ഷേ അവർ ഇങ്ങനെ അഭിപ്രായപ്പെട്ടതു മററുള്ളവക്കു്, വിശേഷിച്ചും തൻെറ പുത്രനു്, മിതവ്യയപരമായി ഇതൊരു ഗുണപാഠമായിത്തീരട്ടെ എന്നു കരുതി ആയിരിക്കാം.

ഏതായാലും ഇക്കാര്യത്തിൽ മാട്സുഷീതായുടെ ചിന്താഗതി ശരിതന്നെയാണു്. ഉത്കൃഷ്ടജീവിതത്തിൻെറ ഒരു പ്രധാനലക്ഷണം മിതവ്യയമാണു്. ഒരു സ്ത്രീയാണു് ഇപ്രകാരം പറഞ്ഞതെങ്കിലും അതിൽ ഒരു മഹാജ്ഞാനിയുടെ ചിത്തവൃത്തിയാണു് നാം കാണുന്നതു്. രാജ്യം ഭരിക്കാൻ യോഗ്യതയും പ്രാപ്തിയുമുള്ള ഒരു പുത്രനെ പ്രസവിച്ച ഇവർ നിശ്ചയമായും ഒരു വിശിഷ്ടമഹിളതന്നെയാണു്.

* * * *

ശ്രദ്ധ പലവഴിയിൽ

ഒരിക്കൽ ഒരാറം തൻെറ പുത്രൻ പുരോഹിതനായിത്തീരണമെന്നു നിശ്ചയിച്ചു. ആ ചെറുപ്പക്കാരനോട്ട് കർമ്മഗതിയെക്കുറിച്ചുള്ള നിയമങ്ങറം പഠിക്കാനും പ്രസംഗപരിശീലനം നടത്താനും ആജ്ഞാപിച്ചു. അതേസമയം കുതിരസ്സവാരികൂടി അഭ്യസിക്കണമെന്നു് ആവശ്യപ്പെട്ടു. എന്തെന്നാൽ ഒരു വണ്ടി സ്വന്തമായി ഉണ്ടായിരിക്കാൻ ഇടയില്ലാത്ത അയാറം ദേവാലയങ്ങളിൽ പ്രസംഗിക്കാൻ കുതിരപ്പുറത്തു പോകേണ്ടിവരും. അവിടെവെച്ചു കുതിരപ്പുറത്തുനിന്നു മറിഞ്ഞു താഴത്തു വിഴുകയോ മറേറാ ചെയ്താൽ ജനങ്ങളുടെ പരിഹാസത്തിനു പാത്രമാകും. അങ്ങിനെ വരാൻ പാടില്ല. കുറച്ചു നാറം കഴിഞ്ഞപ്പോറം ആ പിതാവിനു തോന്നി, തൻെറ പുത്രൻ പ്രസംഗത്തിനിടയിൽ രാഗത്തിൽ ചില കവിതകറംകൂടി ചൊല്ലിയാൽ നന്നായിരിക്കുമെന്നു്. അതിനായി അയാറം സംഗീതം അഭ്യസിക്കാൻ ഏർപ്പാടുചെയ്തു. ഇതെല്ലാംകൂടെ ആയപ്പോറം ആ ചെറുപ്പക്കാരനു സംഗീതപഠനത്തിലും കുതിരസ്സവാരിയിലും കൂടുതൽ ഉത്സാഹം തോന്നി. തന്മൂലം അതു രണ്ടിലുമായി സമയവും ശ്രദ്ധയും മുഴുവൻ ചിലവഴിച്ചു. ഇങ്ങനെ അയാറം വാദ്ധ്ക്യംവരെ കഴിഞ്ഞു. അതിനിടയിൽ പ്രസംഗവൈദഗ്ദ്ധ്യം സമ്പാദിക്കുന്ന കാര്യത്തെക്കുറിച്ചു ചിന്തിക്കാൻ വേണ്ട സമയമുണ്ടായില്ല.

ഈ മാതിരി സംഭവങ്ങറം ലോകത്തിൽ ധാരാളം പതിവാണു്. ഈ ചെറുപ്പക്കാരൻ മാത്രമല്ല അതിനുദാഹരണം. ചെറുപ്പക്കാരോട്ട് അവർ സംസ്കാരമുള്ളവരും

പണ്ഡിതന്മാരും ആവണമെന്നും മഹത്കാൎയ്യങ്ങൾ നിൎവ്വഹിക്കണമെന്നും മററും ധാരാളംപേർ പ്രസംഗിക്കാറുണ്ട്. ഇതൊക്കെ കേൾക്കുമ്പോൾ എളുപ്പമാണെന്നു തോന്നും. അവർ ആ മനസ്ഥിതിയോടെയായിരിക്കും അവയെ വീക്ഷിക്കുന്നതും. അങ്ങിനെ ദിവസങ്ങൾ കഴിയും. കാൎയ്യമായവയെ വിഗണിച്ച് അപ്രധാനസംഗതികളിൽ അവർ കൂടുതൽ ശ്രദ്ധ പതിപ്പിക്കും. അങ്ങിനെ ആയുസ്സിൽ അധികഭാഗവും കഴിഞ്ഞുകൂടും. അവർ എല്ലാക്കാൎയ്യങ്ങളിലും പരിചയമുള്ളവരും അതേസമയം ഒന്നിലും വൈദഗ്ദ്ധ്യമില്ലാത്തവരുമായിത്തീരും. കാലേകൂട്ടി ആശിച്ചിരുന്ന പ്രാപ്തിയൊന്നും അവക്കു സിദ്ധിക്കാതെപോകും. കുന്നിൻചെരുവിൽകൂടി താഴത്തേയ്ക്ക് ഉരുളുന്ന വണ്ടിച്ചക്രംപോലെ വൎഷങ്ങൾ അവരേയും കൊണ്ടുപോവുകയും ചെയ്യും.

അതുകൊണ്ടു ഞാൻ പറയുന്നതു നിങ്ങളുടെ മുൻപാകെയുള്ള ഏററവും പ്രധാനസംഗതിയിൽ ശ്രദ്ധ ഉറപ്പിക്കുക എന്നാണു്. അതിനെ മുറുകെപ്പിടിക്കയും മററുള്ളവയെ വിഗണിക്കയും ദൃഢനിശ്ചയത്തോടുകൂടി പ്രയത്നിക്കുകയും ചെയ്യുക. ചിലപ്പോൾ ഒരു ദിവസംകൊണ്ടോ ഒരു മണിക്കൂർകൊണ്ടോ തീൎച്ചപ്പെടുത്തേണ്ട പല കാൎയ്യങ്ങളും വന്നുചേരും. അവയിൽ സുപ്രധാനമായതിനെ തിരഞ്ഞെടുക്കുക; ഒട്ടും അമാന്തിക്കാതെ അതിനെ നേരിടുകയും ചെയ്യുക. നിങ്ങൾ എല്ലാത്തിനേയും എതിരിടുകയാണെങ്കിൽ ഒന്നിനേയും ജയിക്കാതെ പോകും.

ഉദാഹരണത്തിനു്, ചതുരംഗം കളിക്കുന്ന ഒരാൾ കണ്ടമാനം കരുക്കളെ നീക്കുകയില്ല. അയാൾ സദാ വി

ജയത്തിൽ ഏകാഗ്രമനസ്സോടെ കഴിയുന്നു. അതു കാരണം കളിയിൽ ഒക്കെക്കൂടി ജയിച്ചു കയറാനല്ലാതെ അതിലെ അപ്രധാനവശങ്ങളിൽ അധികമായി ശ്രദ്ധിക്കയില്ല.

ഇനി മറെറാരുദാഹരണം പറയാം. കിയോട്ടോയിൽ താമസിക്കുന്ന ഒരാൾ ഒരു കാൎയ്യം നിൎവ്വഹിക്കാനായി ഹിഗിഷിയാമായിൽ പോയി എന്നു വിചാരിക്കുക. അവിടെ ചെന്നപ്പോൾ നിഷിയാമായിലാണെങ്കിൽ അക്കാൎയ്യം കുറച്ചുകൂടി ലാഭകരമായി സാധിക്കാമെന്നു് അറിവു കിട്ടുന്നു. അയാൾ ഏതായാലും ഹിഗിഷിയാമായിൽ വന്ന സ്ഥിതിക്കു കുറെ ശ്രമം അവിടെ നടത്തിയിട്ടു ബാക്കിയൊക്കെ ഒന്നുരണ്ടു ദിവസത്തിനുശേഷം നിഷിയാമായിൽ ചെന്നിട്ടായിക്കൊള്ളാമെന്നു വിചാരിക്കുന്നതു ശരിയാണോ? ഒരിക്കലുമല്ല. ഒരു നിമിഷനേരം കാണിക്കുന്ന അലസത ചിലപ്പോൾ ഒരു ജീവിതം മുഴുവൻ അലസിപ്പിക്കാൻ ഇടയാക്കിയേയ്ക്കും. അതിനെ ഭയപ്പെടേണ്ടതാണു്.

നിങ്ങൾ ഒരു പ്രവൃത്തിമാൎഗ്ഗം നിശ്ചയിച്ചു് അതിൽ പ്രവേശിച്ചുകഴിഞ്ഞാൽ മററുള്ളവയിൽ നിങ്ങൾ ശോഭിക്കുന്നില്ലല്ലോ എന്നു വ്യഗ്രപ്പെടേണ്ട ആവശ്യമെന്താണു്? അങ്ങിനെ ശോഭിക്കാത്തതുകാരണം ഉണ്ടാകുന്ന ദുഷ്പ്രചാരണത്തെക്കുറിച്ചു ഖേദിക്കേണ്ട കാൎയ്യം വല്ലതുമുണ്ടോ? എന്തെങ്കിലും കാൎയ്യമായി പ്രവൎത്തിക്കണമെങ്കിൽ മററുള്ളവയെ വിഗണിച്ചു് അതിൽ തൻെറ ശക്തികളെല്ലാം ഏകാഗ്രമാക്കണം.

## സമയത്തിൻെറ വില

ഒരിക്കൽ ഒരു സദസ്സിൽ രണ്ടുതരം പുല്ലുകളെക്കുറിച്ചു ചച്ച നടക്കുകയായിരുന്നു. അക്കൂട്ടത്തിൽ ഒരാറം പറഞ്ഞു: "ഇതിനെപ്പററിയുള്ള സകല വിവരങ്ങളും വാതനാബെയിലെ സിദ്ധനു് അറിയാം." അപ്പോറം അവിടെ സന്നിഹിതനായിരുന്ന ടോറൻ എന്ന ഭിക്ഷു പറഞ്ഞു: "മഴ ചൊരിയുകയാണു്. നിങ്ങളാരെങ്കിലും എനിക്കൊരു മഴക്കുപ്പായവും വയ്ക്കോൽതൊപ്പിയും കടം തരുമോ? ഈ പുല്ലുവഗ്ഗങ്ങളെക്കുറിച്ചു ശരിയായ അറിവു സമ്പാദിക്കാനായി ഞാൻ ഇപ്പോറംതന്നെ വാതനാബെയിലെ സിദ്ധൻെറ സന്നിധിയിലേയ്ക്കു പോവുകയാണു്." ഇതു കേട്ടിട്ടു് അദ്ദേഹത്തിൻെറ സ്നേഹിതർ ചോദിച്ചു: "ഇങ്ങനെ ധൃതികൂട്ടേണ്ട ആവശ്യമെന്താണു്? അവിടെ പോകണമെങ്കിൽ ഈ മഴ തോന്നിട്ടു പോരേ?" ടോറൻ മറുപടി പറഞ്ഞു: "ഒരാളിൻെറ ആയുസ്സു മഴ മാറുന്നതുവരെ ക്ഷയിക്കാതെ അതേനിലയിൽ നില്ക്കുമോ? പിന്നെ, ആ സിദ്ധനോ ഞാനോ മരിച്ചുപോയാൽ ഈ പുല്ലുവഗ്ഗങ്ങളെക്കുറിച്ചുള്ള അറിവു് എനിക്കു ലഭിക്കുന്നതെങ്ങിനേ?" ഇത്രയും പറഞ്ഞു് ആ ഭിക്ഷു അവിടെനിന്നു പുറപ്പെട്ടു. അദ്ദേഹം ആശിച്ചിരുന്ന അറിവൊക്കെ സമ്പാദിച്ചു എന്നു് അവിടുത്തുകാർ പിന്നീടു പറഞ്ഞു കേട്ടു. ഈ കഥ അത്ര വിശേഷപ്പെട്ടതൊന്നുമല്ലെങ്കിലും എനിക്കു വലിയ ഇഷ്ടമാണു്.

വേഗത്തിൽ ചിന്തിക്കയും നിശ്ചയത്തിൽ എത്തിച്ചേരുകയും ചെയ്യുന്നതു വിജയസിദ്ധിക്കുള്ള ലഘുമാഗ്ഗമാ

ണു്. പുല്ലുവർഗ്ഗങ്ങളുടെ കാര്യത്തിൽ ഈ ഭിക്ഷു കാണിച്ച അതേ നിശ്ചയത്തോടുകൂടി വേണം ഒരുവൻ കാര്യങ്ങൾ തമ്മിലുള്ള പ്രാധാന്യാപ്രാധാന്യങ്ങളെക്കുറിച്ചു തീർപ്പു കല്പിക്കേണ്ടതു്.

* * * *

ദമ്പതിമാർ

എൻെറ അഭിപ്രായത്തിൽ ഒരുവൻ അയാളുടെ ഭാര്യയൊന്നിച്ചു സാധാരണമട്ടിൽ ഒരിടത്തുതന്നെ പാക്കുന്നതു വിഹിതമല്ല. അതിലും ഭേദം അവർ രണ്ടാളും വേർപെട്ടു താമസിക്കുന്നതാണു്. ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചിട്ടു് അവളുടെ കൂടെ ചെന്നു താമസിക്കയാണെന്നു കേട്ടാൽ അതു് ഏതാണ്ടു് ആക്ഷേപകരമായി നമുക്കു തോന്നാറുണ്ടു്. ഒരു സാധാരണക്കാരിയിൽ അവളുടെ ഭർത്താവു മോഹനത ദർശിച്ചേയ്ക്കാം. സന്തോഷമായി ഒരിടത്തു് അവർ കഴിഞ്ഞുകൂടിയെന്നും വരാം. അല്ലെങ്കിൽ അവൾ ഒരു സുന്ദരിയായിരിക്കട്ടെ. അവളുടെ ഭർത്താവിനു് അവൾ ആരാധനീയയായിക്കൊള്ളട്ടെ.

വീട്ടുകാര്യങ്ങൾ നിർവ്വഹിക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ സൌന്ദര്യം കുറച്ചേ ശേഷിക്കുന്നുള്ളു. പ്രസവകാര്യത്തിലും അതുതന്നെയാണു് പറയാനുള്ളതു്. അങ്ങിനെ ആ സ്ത്രീയുടെ തേജസ്സൊക്കെ മങ്ങിത്തുടങ്ങുന്നു. ഭർത്താവിൻെറ മരണത്തോടുകൂടി അവൾ മ്ലാനത വർദ്ധിച്ചു ക്ഷയോന്മുഖിയായി ഭവിക്കുന്നു. എന്തൊരു ദയനീയമായ അവസാനം!

സ്ത്രീ എന്തു തരക്കാരിയായിരുന്നാലും ഭാൎയ്യാഭൎത്താക്കൾ രാത്രിയും പകലും ഒന്നിച്ചു കഴിയുകകാരണം അവളുടെ ആകൎഷകതയ്ക്കു ശക്തി കുറയുന്നു. ഭൎത്താവിനെക്കുറിച്ചു് അവൾക്കും അങ്ങിനെതന്നെ തോന്നിത്തുടങ്ങും. നേരേമറിച്ചു് അവർ വേറെ താമസിക്കുകയും ഇടയ്ക്കിടയ്ക്കു തമ്മിൽ കണ്ടുകൊണ്ടിരിക്കുകയും ചെയ്താൽ അവൎക്കു പരസ്പരമുള്ള ആകൎഷകതയ്ക്കു കുറവു വരുകയില്ല. അങ്ങിനെ അവർ ഒന്നിച്ചുകൂടി കഴിയുന്ന അവസരങ്ങൾ ഉത്സവകാലങ്ങളായിത്തോന്നുകയും ചെയ്യും.

*　　*　　*　　*

## വേഷപ്പകിട്ടു്

സൌന്ദൎയ്യത്തിനു മാററുകൂട്ടാൻ രാത്രിക്കു് ഒരു പ്രത്യേകശക്തിയുണ്ടു്. അങ്ങിനെയല്ലെന്നു് ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതു തെററാണു്. ആഭരണങ്ങളുടെ നിറവും പകിട്ടും കൂടുതലാക്കി കാണിക്കാൻ രാത്രിയാകുന്ന പശ്ചാത്തലത്തിനുള്ള പ്രഭാവം ഒന്നു വേറെതന്നെ. മദ്ധ്യാഹ്നവേളയിലെ തികഞ്ഞ സൂൎയ്യപ്രകാശത്തിൽ ലളിതവും സാധാരണവുമായ വേഷവിധാനങ്ങളാണു് അധികം ശോഭിക്കുന്നതു്. എന്നാൽ നിശാകാലത്തിലാകട്ടെ, വസ്ത്രഭൂഷാദികളുടെ മോടിപിടിപ്പിക്കൽ ഒട്ടും അധികമായിപ്പോകയില്ല. രാത്രിയിലെ ദീപപ്രകാശത്തിലാണു് സൌന്ദൎയ്യം ഏററവും ആകൎഷകമായിത്തീരുന്നതു്. അനുരാഗബദ്ധരായ യുവജനങ്ങളുടെ താഴ്ന്ന സ്വരത്തിലുള്ള സല്ലാപങ്ങൾ രജനിയെ മനോജ്ഞതരമാക്കുന്നു.

അരമനയിൽ പ്രത്യേക ഉത്സവച്ചടങ്ങുകളൊന്നുമില്ലെങ്കിലും ഇരുണ്ടുതുടങ്ങുന്ന സായന്തനസന്ധ്യാവേളയിൽ രാജസദസ്യർ കണ്ണഞ്ചിക്കുന്ന വർണ്ണപ്പകിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് ആഗതരാകുന്ന കാഴ്ചയേക്കാൾ രസികത്വമുള്ളതായി വേറെ എന്തുണ്ടു്? പുതുതായി കല്യാണം കഴിഞ്ഞ യുവവധൂവരന്മാർ പരസ്പരാനുരാഗചിന്തകളിൽ മയങ്ങിക്കഴിയുന്ന കാലത്തും ഗാഢപ്രണയപൂർണ്ണമുള്ള സമാഗമങ്ങളിലായിരിക്കുമ്പോഴും അവരുടെ വേഷവിധാനങ്ങളിൽ ശ്രദ്ധ പതിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കും. സായാഹ്നത്തിലെ ഉല്ലാസങ്ങളിൽ ഏർപ്പെടുന്നതിനു മുൻപു തലമുടി ഭംഗിയാക്കി വയ്ക്കുന്നവനെ ഞാൻ ഇഷ്ടപ്പെടുന്നു. അതുപോലെ രജനിയുടെ ആഗമനാവസരത്തിൽ സ്വന്തം അറയിൽ ചെന്നു കണ്ണാടിയുടെ മുൻപിൽ നിന്നുകൊണ്ടു തന്റെ സുഭഗതയ്ക്കുവേണ്ടി മിനുക്കുപണികൾ നടത്തുന്ന മഹിളയെക്കുറിച്ചും എനിക്കു നല്ല അഭിപ്രായമാണു്.

*        *        *        *

## വൃഥാ കണ്ണുനീർ

തംബായിൽ ഇസുമൊ എന്ന ഒരു പ്രദേശമുണ്ടു്. അവിടെ ഐസേയിലെ ക്ഷേത്രത്തിന്റെ മാതൃകയിൽ ഒരു ദേവാലയം നിലകൊള്ളുന്നു. ഒരു ദിവസം ഷോക്കായി എന്ന സന്ന്യാസിയും മററുചില സുഹൃത്തുക്കളുമായി ഞാൻ അങ്ങോട്ടു പോയി. ആഹാരത്തിനുവേണ്ടി പാകംചെയ്ത കുറെ പയറും ചോറും ഞങ്ങൾ എടുത്തിരുന്നു. ഞങ്ങൾ ഓരോരുത്തരും ഭക്തിപൂർവ്വം ക്ഷേത്രദർശനം നട

ത്തി. ക്ഷേത്രകവാടത്തിൽ പിടിപ്പിച്ചിരുന്ന സിംഹത്തിൻേറയും ശ.പാവിൻേറയും പ്രതിമകൾ വശംതിരിച്ചു വച്ചിരിക്കുന്നതു കണ്ടിട്ടു ശുദ്ധാത്മാവായ ഷിയോക്കിയുടെ സാധുഹൃദയം വ്യാകുലമായി. അദ്ദേഹം പറഞ്ഞു: "ആ സിംഹത്തെ ഇങ്ങനെ തിരിച്ചുവച്ചിരിക്കുന്നതു മനോവ്യഥയുണ്ടാക്കുന്ന ഒരു കാഴ്ചയായിരിക്കുന്നു. ഇതിന്നു കാരണമാക്കിയ പരിതസ്ഥിതി അത്ഥഗർഭമാണു്." അദ്ദേഹത്തിൻെറ കണ്ണുകൾ അശ്രുബിന്ദുക്കളാൽ ആർദ്രമായി. അദ്ദേഹം ചോദിച്ചു: "സുഹൃത്തുക്കളേ, ഈ സിംഹത്തിൻെറ ഇരിപ്പു കണ്ടിട്ടു നിങ്ങൾക്കു യാതൊരു സ്തോഭവും ഉണ്ടാകുന്നില്ലേ? എന്നെസ്സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഈ കാഴ്ച അസാധാരണവും വിസ്മയകരവുമാണു്." ഞങ്ങളെല്ലാരും ആശ്ചയ്യത്തോടെ അതിനെ നോക്കിയിട്ടു പറഞ്ഞു: "ശരിതന്നെയാണു്. ഇങ്ങനെ ഒന്നു് ഇതിന്നു മുൻപു കണ്ടിട്ടില്ല. ഇതു നമുക്കു കിയോട്ടോവിൽ മടങ്ങിച്ചെന്നു് അവിടത്തെ ജനങ്ങളെ അറിയിക്കണം." ഇതു കേട്ടിട്ടു സന്യാസിയുടെ ഔത്സുക്യം അത്യധികം വദ്ധിച്ചു. അദ്ദേഹം സംസ്കാരസമ്പന്നനായ ഒരു ഷാൻെറാ പുരോഹിതനെ പിടിച്ചുനിറുത്തി ഇങ്ങനെ പറഞ്ഞു: "ഈ സിംഹത്തെ ഈ മട്ടിൽ തിരിച്ചുവച്ചതിന്നു മതിയായ കാരണം വല്ലതുമുണ്ടായിരിക്കണമെന്നു ഞങ്ങൾ കരുതുന്നു. ഒരുപക്ഷേ ഇതു വല്ല പ്രാചീനമാതൃകയുടേയും അനുകരണമായിരിക്കാം. വാസ്തവത്തിൽ ഇതിൻെറ കാരണം എന്താണെന്നറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്."

ഷാൻെറാ പുരോഹിതൻ സാവധാനം മറുപടി പറഞ്ഞു: "അങ്ങേയ്ക്കു് ആശ്ചയ്യം തോന്നാം. ഇതു പക്ഷേ

10874



ഏതോ കുസൃതിക്കാരായ തല്ലുകൊള്ളികഠം തിരിച്ചുവച്ചെന്നേയുള്ളു.'' ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം സിംഹപ്രതിമയുടെ അടുക്കൽ ചെന്നു് അതിനെ ശരിയായി തിരിച്ചുവച്ചിട്ടു് അവിടെനിന്നു പോയി. കഷ്ടം, ശുദ്ധാത്മാവായ ആ സന്ന്യാസിയുടെ സ്തോഭങ്ങളും കണ്ണീരൊഴുക്കലും വൃഥാവിലായിരുന്നല്ലോ!

* * * *

ജനവാസമുള്ള ഭവനത്തിൽ തെണ്ടികഠം കടന്നുകയറുന്നില്ല. ആളില്ലാത്ത വീട്ടിൽ വഴിയേ പോകുന്ന വല്ലവരും യഥേഷ്ടം പ്രവേശിച്ചുവെന്നു വരാം. അല്ലെങ്കിൽ അവിടെ കൂമനോ കുറുക്കനോ കുടിയേറുകയൊ വനദേവതകഠം വാസമുറപ്പിക്കുകയോ ചെയ്തേയ്ക്കാം. കാരണം, അതു പാടില്ലെന്നു പറയാൻ ആരുമില്ലാത്തതുതന്നെ.

അതുപോലെ ഒരു നിലക്കണ്ണാടിയിൽ യാതൊരു രൂപവുമില്ലാത്തതുകൊണ്ടാണു് അതിൻെറ മുൻപിൽ എത്തുന്ന എല്ലാ രൂപങ്ങളും അതിൽ പ്രതിഫലിക്കുന്നതു്. അതിൽതന്നെ നിറങ്ങളും രൂപങ്ങളും ആദ്യമേ ഉണ്ടായിരുന്നെങ്കിൽ മററു രൂപങ്ങളെ ഒന്നും അതു പ്രതിഫലിപ്പിക്കയില്ലായിരുന്നു. ശൂന്യമായ സ്ഥാനം ഏതിനെക്കൊണ്ടും നിറയ്ക്കാം; അതു മാതിരി ശൂന്യവും നാഥനില്ലാത്തതുമായ ഹൃദയത്തിൽ സകലവിധ ആഗ്രഹങ്ങളും കയറി കുടിപാർപ്പു തുടങ്ങും. അവിടം ഭരിക്കാൻ ഒരു യജമാനൻ ഉണ്ടായിരുന്നാൽ നീചരായ കയ്യേററക്കാരാരും അങ്ങോട്ടു കടക്കുകയില്ല.

ശുഭം.

P.J. Library & Research Centre

കേരള സാഹിത്യ അക്കാദമി

# വിശ്രമവിഭവം

895.64
YOS

കേരള സാഹിത്യ അക്കാദമി വക
പ്രസിദ്ധീകരണം.

Indic Digital Archive Foundation
gpura.org